“ആവർത്തിക്കുന്ന സംസാരേ ചാവുന്നേവൻജനിച്ചിടാ
ഏവൻ കുലമുയർത്തിടുമവനത്രേ ജനിച്ചവൻ”

**Kshatra Sandesam**
Quarterly News Magazine of
Kshatriya Kshema Sabha
July - September 2009
Me 1184 Karkidakam - Kanni
Volume 9 Issue 3

ക്ഷാത്രസന്ദേശം
ക്ഷത്രിയ ക്ഷേമ സഭയുടെ
ത്രൈമാസ വാർത്താപത്രിക
ജൂലൈ - സെപ്റ്റംബർ 2009
1184 കർക്കിടകം - കന്നി
വാല്യം 9, ലക്കം 3

# ക്ഷാത്രസന്ദേശം

## വിഷയവിവരം

പത്രാധിപക്കുറിപ്പ് ..................... 1
വായനക്കാരുടെ കത്തുകൾ ..................... 2
മഹിളാരത്നങ്ങൾ
**ചിത്രകാരി ഭവാനിത്തമ്പുരാട്ടി** ..................... 3
Sanskrit - Its Power and Glory ..................... 5
**Dr. K.P. Rajappan**
കൊടുങ്ങല്ലൂർ രാജവംശം ..................... 7
**വിദ്വാന്മാരും വിദുഷികളും**
മൂകാംബിക ..................... 9
**പി.കെ. കുഞ്ഞനുജത്തിതമ്പുരാട്ടി**
കേരളവർമ്മ വലിയ കോയിത്തമ്പുരാന്റെ
കാരാഗൃഹവാസത്തിനിടയാക്കിയ സാഹചര്യങ്ങൾ ... 10
**ഡോ. ബി.ആർ.ആർ. വർമ്മ**
വേണാട് (തിരുവിതാംകൂർ രാജവംശം) ..................... 12
**ഡോ. ആർ.പി. രാജാ**
ഉടഞ്ഞ പൂപ്പാത്രം ..................... 14
**ചന്ദ്രാവലി തമ്പുരാൻ**
മൗനനൊമ്പരം ..................... 15
**അരുന്ധതി**
മേൽപ്പത്തൂരിന്റെ അഷ്ടമി പ്രബന്ധത്തിന്
അംബാദേവി തമ്പുരാട്ടിയുടെ പരിഭാഷ ..................... 16
**ഡോ. വി. എസ്. ശർമ്മ**
മാവേലിക്കര സ്പെഷ്യൽ സ്ക്കൂൾ ..................... 18
**ആർ. ശശിധരവർമ്മ**
എന്റെ ഗ്രാമം ..................... 20
**കെ. ഹരികൃഷ്ണവർമ്മ**
ദേവാസുരം ..................... 22
**ഹൈമവതിവർമ്മ**
ലഘുപാചകം ..................... 24
**ശാരദാവർമ്മ**
ഓണം - അന്നും ഇന്നും ..................... 25
**പി.കെ. ജയചന്ദ്രവർമ്മ**
ബാലവേദി ..................... 26
പുസ്തകജാലകം ..................... 27
വാർത്തകൾ - വിശേഷങ്ങൾ ..................... 29
വൈവാഹികം ..................... 36

## പത്രാധിപക്കുറിപ്പ്

### സ്വാഗതം

ക്ഷത്രിയക്ഷേമസഭയുടെ അടുത്ത രണ്ടു വർഷത്തേക്കുള്ള ഭരണസമിതി സെപ്റ്റംബർ 27ന് അധികാരമേറ്റെടുത്തു കഴിഞ്ഞു. പുതിയ സാരഥികളെ ഹാർദ്ദമായി സ്വാഗതം ചെയ്യുന്നു, ഒപ്പം നമുക്ക് കൂട്ടായി ചിന്തിച്ച് പ്രവർത്തിക്കേണ്ട അടിയന്തിര കാര്യങ്ങളെക്കുറിച്ച് ചിലത് സൂചിപ്പിക്കുകയും ചെയ്തുകൊള്ളട്ടെ. കഴിഞ്ഞ ഭരണസമിതി ചുമതലയേറ്റവസരത്തിൽ സംസ്ഥാനത്ത് സഭയുടെ ആകെ അംഗസംഖ്യ മൂവായിരത്തിൽ താഴെ മാത്രമായിരുന്നു. ഉദ്ദേശം മുപ്പതിനായിരം അംഗങ്ങളുണ്ടെന്ന് കണക്കാക്കിയിട്ടുള്ള നമ്മുടെ സമുദായത്തിൽ പത്തു ശതമാനം പോലും ആളുകൾ അംഗങ്ങളായിട്ടില്ല എന്നത് അത്യന്തം ഖേദകരമാണ്. പ്രാദേശിക സഭകൾ നിലവിലില്ലാത്ത സ്ഥലങ്ങളിൽ അവ രൂപീകരിക്കുകയും അംഗസംഖ്യ 15–20 ശതമാനമായെങ്കിലും വർദ്ധിപ്പിക്കുകയും വേണ്ടതാണ്. വർഷങ്ങൾക്കു മുമ്പ് തുടങ്ങിവച്ച സ്ഥിതി വിവരക്കണക്ക് എങ്ങുമെത്താതെ കിടക്കുന്നു. പൊളിറ്റിക്കൽ പെൻഷൻ, മാലിഖാന, ആന്വിറ്റി മുതലായ സാമ്പത്തിക ആനുകൂല്യങ്ങൾ കാലോചിതമായി വർദ്ധിപ്പിക്കുന്നതിന് കേന്ദ്ര സംസ്ഥാന സർക്കാരുകൾക്ക് നൽകിയിട്ടുള്ള നിവേദനങ്ങളിൽമ്മേൽ തുടർനടപടികൾ സ്വീകരിക്കുക, ക്ഷാത്രസന്ദേശത്തിന്റെ വരിക്കാരുടെ എണ്ണം രണ്ടായിരമെങ്കിലും ആയി ഉയർത്തുകയും മൂന്നു മാസത്തിലൊരിക്കൽ എന്നത് രണ്ടു മാസത്തിലൊരിക്കൽ എന്നെങ്കിലുമാക്കി മാറ്റുക, വിദ്യാഭ്യാസ, വൈദ്യ സഹായങ്ങൾ കൂടുതൽ അംഗങ്ങൾക്ക് ലഭ്യമാക്കുന്നതിന് രൂപീകരിച്ചിട്ടുള്ള ട്രസ്റ്റ് ‘റിയാക്ടി’ന്റെ പ്രവർത്തനം ത്വരിതപ്പെടുത്തുക എന്നിങ്ങനെ അടിയന്തിര പ്രാധാന്യമുള്ള കാര്യങ്ങൾ നടപ്പിലാക്കാൻ പുതിയ ഭരണസമിതിക്ക് സമുദായാംഗങ്ങളുടെ സഹകരണം ആവശ്യമാണ്. അത് അഭ്യർത്ഥിക്കുന്നതോടൊപ്പം മേൽപ്പറഞ്ഞ കാര്യങ്ങളിൽ ക്രിയാത്മകമായ പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കാൻ പുതിയ ഭരണസമിതിക്കു കഴിയുമാറാകട്ടെയെന്നാശംസിക്കുകയും ചെയ്യുന്നു.

**പത്രാധിപ സമിതി**
**എം. രവിവർമ്മ രാജാ**
*മുഖ്യപത്രാധിപർ*

**ഡോ. എഴുമറ്റൂർ രാജരാജവർമ്മ**
**പി. രവിവർമ്മ (ദിനേശ്)**
**ജി രാമവർമ്മ**

**ടി.എൻ. ആദിത്യവർമ്മ തമ്പാൻ**
**ആർ. കിഷോർ കുമാർ വർമ്മ**

**ഓഫീസ് നിർവഹണം : എ. ഉദയവർമ്മ, ആർ. രാജരാജവർമ്മ, വത്സലാരവിവർമ്മ**
**മുഖചിത്രം : ഒരു രവിവർമ്മ ചിത്രം**

# വായനക്കാരുടെ കത്തുകൾ




### *ആകാശപ്പൂക്കളം*
### *പൂവേപൊലി പൂവേ പൊലി*

*ആകാശമുറ്റമടിച്ചുവാരി, മേഘങ്ങൾ*
*കൊണ്ടു മെഴുകി നന്നായ്*
*രാകാശശിബിംബമഴകായൊരുങ്ങി*
*നൽ നക്ഷത്രപ്പൂക്കൾ വിരിഞ്ഞുനിന്നു.*
*സൂര്യനോ തന്നുടെ വെള്ളിനിറം*
*പൂണ്ട രശ്മിയിൽ മുറ്റും വെളിച്ചമേകി*
*ഏഴുനിറംപൂണ്ട വില്ലുമെടുത്തു നൽ ആകാശവുമോണ*
*ത്തിൻ വില്ലുകൊട്ടീ*
*ഇങ്ങിനെ തിങ്ങിയ മോദാൽ വിളങ്ങിനൽ ആകാശ*
*മോണം തിളങ്ങി നിന്നീടവേ*
*പൂമഴ പെയ്തു നൽവാനോർകളും പാടി*
*പൂവേ പൊലിപൊലി, പൂവേ പൊലിപൊലി*

*ക്ഷാത്രസന്ദേശത്തിന് തിരുവോണാശംസകൾ*

**കുട്ടിഅനിയൻരാജ**

### മാസികയാക്കണം

ഇന്ന് ക്ഷത്രിയക്ഷേമസഭ എവിടെ എത്തിയിരിക്കുന്നു. ഒരു തിരിഞ്ഞുനോട്ടം ആവശ്യമാണെന്ന് തോന്നുന്നു. ക്ഷത്രിയന്മാരുടെ എണ്ണം എത്രയെന്ന് തിട്ടപ്പെടുത്താൻ പോലും പറ്റാത്ത ഒരു സ്ഥിതിയാണ് ഇന്ന്. എത്ര പേർ ഈ ക്ഷത്രിയക്ഷേമസഭയിൽ അംഗങ്ങളാണ്? അംഗങ്ങൾ ആവാത്തവർ വിചാരിക്കുന്നുണ്ടാവും ഇതിൽ ചേർന്നാൽ വല്യ 'പൊല്ലാപ്പ്' ആണ്, വർഷാവർഷം ഫീസ് കൊടുക്കണം, മാത്രമല്ല മീറ്റിംഗിൽ സംബന്ധിയ്ക്കണം. എന്നാൽ ഇത്തരക്കാർ അവരുടെ കുട്ടികൾ വലുതായാൽ 10–ാം തരത്തിലോ എഞ്ചിനീയറിങ് മെഡിക്കൽ വിഭാഗത്തിലോ ഒക്കെ ആയാൽ സഭ വേണമെന്ന് വാദിക്കും. അതുപോലെതന്നെയാണ് മക്കൾ വിവാഹ പ്രായം എത്തുമ്പോഴും.

ഈയിടെ പന്തളത്ത് വച്ച് ജനറൽ ബോഡിയോഗം നടന്നു. വിവിധ സംഘടനകളുടെ സാന്നിദ്ധ്യത്തിൽ H.H. പൂയം തിരുനാൾ തമ്പുരാട്ടി ഭദ്രദീപം കൊളുത്തി ഉൽഘാടനം നിർവ്വഹിച്ചു. സഹോദര സംഘടനകളുടെ പ്രതിനിധികളുടെ പ്രസംഗത്തിൽ പ്രധാനപ്പെട്ട വിഷയം സമാന സമുദായങ്ങളുടെ ഐക്യം ആയിരുന്നു. കേരളത്തിൽ മാത്രമല്ല മറ്റുള്ള സംസ്ഥാനങ്ങളിലും സഭയുടെ ശാഖകൾ പ്രവർത്തിക്കുന്നുണ്ടെന്നുള്ളത് സന്തോഷം തന്നെ. എന്നാൽ ജനറൽ ബോഡിയോഗങ്ങളിലെങ്കിലും മറ്റുള്ള സംസ്ഥാനങ്ങളിലെ സഭാപ്രതിനിധികൾ നിർബന്ധമായി പങ്ക് എടുക്കേണ്ടിയിരിക്കുന്നു. ഈ ജനറൽ ബോഡിയോഗത്തിൽ ഇന്ത്യയ്ക്ക് പുറത്ത് പ്രവർത്തിക്കുന്ന 'വായു' എന്ന സംഘടനയുടെ പ്രതിനിധി വന്നു എന്നുള്ളത് സന്തോഷകരം തന്നെ – അദ്ദേഹത്തിന്റെ പ്രസംഗത്തിൽ വളരെ ആവേശകരമായി പലതും കേൾക്കാൻ കഴിഞ്ഞു. പുതിയ സംഘടനകൾ – പുതിയ തലമുറ – കേൾക്കേണ്ടതും അറിയേണ്ടതും ഉണ്ടായിരുന്നു.

ഈ സംഘടനയിൽ അംഗങ്ങളാകാത്ത ക്ഷത്രിയർ ഇന്ന് കേരളത്തിൽ ധാരാളമുണ്ട്. പലർക്കും സഭയിൽ ചേർന്നാലുള്ള ഗുണങ്ങളെ പറ്റിയറിവില്ല. പലതരത്തിലുള്ള അവാർഡുകൾ ക്ഷത്രിയക്ഷേമസഭ ഇപ്പോൾ നൽകി വരുന്നു. ഒരുപക്ഷെ അത് അർഹിക്കുന്നവർക്ക് കിട്ടണമെങ്കിൽ ഇതിൽ അംഗമായി പ്രവർത്തിക്കണം. കൂടാതെ 'റിയാക്ട്' എന്ന ഒരു ട്രസ്റ്റും രൂപവൽക്കരിച്ചിട്ടുണ്ട്. മറ്റൊന്ന് കേരളത്തിലെ ഒരു യൂണിറ്റ് മുൻകൈ എടുത്ത് ഒരു 'ജോബ്' സെന്റർ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. പലർക്കും ഈവക കാര്യങ്ങൾ അറിയില്ല. നിലവിലുള്ള യൂണിറ്റുകളും ഇനി വരാനുള്ള യൂണിറ്റുകളും ഈ രണ്ടു കാര്യങ്ങളും അതിന്റെ ഗുണങ്ങളും ഒരു മുഖ്യ അജണ്ടയായി എടുത്ത് പ്രവർത്തിക്കും എന്ന് പ്രത്യാശിക്കാം.

മറ്റൊന്ന് ക്ഷത്രിയരുടെ കൂട്ടായ്മ ഏറ്റവും കൂടുതൽ പ്രകാശിപ്പിക്കാൻ കഴിയുന്നത് 'ക്ഷാത്രസന്ദേശം' മാസികയിലൂടെയാണ്. കേരളത്തിലെ ക്ഷത്രിയർക്ക് അവരുടെ കഴിവുകൾ ഉണർത്താൻ ഈ പ്രസിദ്ധീകരണത്തിന് കഴിയും.

മറ്റൊന്ന് 'ക്ഷാത്രസന്ദേശം' ത്രൈമാസിക എന്നുള്ളത് മാസിക ആക്കണം. ഇതിന് കൂടുതൽ പ്രചാരം ലഭിക്കാൻ സഭയുടെ ഓരോ യൂണിറ്റും പ്രത്യേകം മുൻകൈ എടുക്കണം.

നമ്മുടെ സംസ്കാരം ഉയർത്തിപ്പിടിച്ച് ഈ സംഘടന മുന്നോട്ട് പോകണം. പുതിയ ഭാരവാഹികൾ ഇതെല്ലാം കണക്കിൽ എടുത്ത് മുന്നോട്ട് പോകേണ്ടത് ഉണ്ട് എന്ന് ഈയവസരത്തിൽ പറഞ്ഞുകൊള്ളട്ടെ. അസൂയാവഹമായ ഒരു ഐക്യം ക്ഷത്രിയസഭയിൽ ഉണ്ടാകട്ടെ. പുതിയ ഭാരവാഹികൾക്ക് ആശംസകൾ!!

**ജയക്കുട്ടൻ, അവിട്ടത്തൂർ**

ക്ഷാത്രസന്ദേശം കഴിഞ്ഞ ലക്കം കിട്ടി. അതിലെ ഉള്ളടക്കങ്ങൾ എല്ലാംതന്നെ ഓണസദ്യയിലെ വിഭവങ്ങളെപ്പോലെ ഹൃദ്യമായി തോന്നി. പരിമിതമായ 36 പേജുകളിൽ ഇവയെല്ലാം ഉൾക്കൊള്ളിക്കാനുള്ള പാടവവും ആർജ്ജവവും മുഖ്യപത്രാധിപർ കാട്ടിയെന്നു പറയാതെ വയ്യ.

'നബ്രൂയാൽ സത്യമപ്രിയം' എന്ന ന്യായേന 11–ാം പേജിലെ കത്തിനു പിന്നിൽ' എന്ന ഖണ്ഡികയിലെ പരാമർശങ്ങൾ ഒഴിവാക്കാമായിരുന്നു. ക്ഷത്രിയരേയും ബ്രാഹ്മണരേയും പുച്ഛിക്കാൻ അവസരം നോക്കി നിൽക്കുന്ന ആളുകളുള്ള ഇക്കാലത്ത് ഒരു വഴി കൂടി അവർക്ക് കൊടുക്കണമായിരുന്നോ എന്ന് സംശയം.

ശ്രീ എ.സി.ഡി. രാജായുടെ നാല് ശ്ലോകങ്ങളും നന്നായി. എന്നാൽ അവ 'മുക്തകങ്ങൾ' എന്ന ഗണത്തിൽപെടുമോ എന്നു ശങ്ക. 'ശ്രീകണ്ഠേശ്വരം' ഇങ്ങനെ

*ശേഷം 6–ൽ....*

മഹിളാരത്നങ്ങൾ

# ചിത്രകാരി ഭവാനിത്തമ്പുരാട്ടി

**രാധാബായി. ബി**

'ചിത്രമെഴുത്ത് കോയിത്തമ്പുരാൻ' എന്ന് വിഖ്യാതനായ രാജാരവിവർമ്മയുടെ ചിത്രകലാപാരമ്പര്യം കാത്തു സൂക്ഷിച്ചയാളും അദ്ദേഹത്തിന്റെ നാലാം തലമുറയിലെ അംഗവുമായ കിളിമാനൂർ കൊട്ടാരത്തിൽ ചിത്രകാരിയും സംഗീതവിദുഷിയുമായിരുന്ന ഭവാനിത്തമ്പുരാട്ടിയെക്കുറിച്ചുള്ള ഓർമ്മകൾ മകൾ രാധാബായി പങ്കുവയ്ക്കുന്നു.

കൊല്ലവർഷം 1105 കുംഭമാസം തൃക്കേട്ട നക്ഷത്രത്തിൽ (1930 മാർച്ച്) കിളിമാനൂർ കൊട്ടാരത്തിൽ അനിഴംനാൾ ഉമാംബത്തമ്പുരാട്ടിയുടേയും കുമാരനെല്ലൂർ ചെങ്ങഴിമിറ്റത്തില്ലത്ത് നാരായണൻ നമ്പൂതിരിയുടേയും മകളായി എന്റെ അമ്മ (ഭവാനിത്തമ്പുരാട്ടി) ജനിച്ചു. പ്രാഥമികവിദ്യാഭ്യാസം കൊട്ടാരം വക സപ്ഷ്യൽ സ്ക്കൂളിലും പിന്നീട് തേർഡ് ഫോറംവരെ കൊട്ടാരം വക ഹൈസ്കൂളിലും ആയിരുന്നു. പിന്നീടുള്ള ഏതാനും വർഷങ്ങൾ കൊട്ടാരത്തിനകത്തുതന്നെയിരുന്ന് മഹാദേവശാസ്ത്രികളുടെ കീഴിൽ സംസ്കൃതപഠനവും സംഗീതജ്ഞനും വാഗ്ഗേയകാരനും പണ്ഡിതനുമായ മാധവവാര്യരുടെ കീഴിൽ സംഗീതാഭ്യാസവും തുടങ്ങി. ഇതിനിടെ കുട്ടിക്കാലത്തുതന്നെ അമ്മയിലെ ചിത്രകാരിയെ കണ്ടറിഞ്ഞ പ്രസിദ്ധ ചിത്രകാരൻ രാജാരവിവർമ്മയുടെ സഹോദരിയും ചിത്രകാരിയുമായ മംഗളാഭായിത്തമ്പുരാട്ടി ചിത്രകലയുടെ ബാലപാഠങ്ങളും അഭ്യസിപ്പിക്കാൻ തുടങ്ങി. സംസ്കൃതത്തിൽ രഘുവംശം, മാഘം മുതലായ കാവ്യങ്ങൾ വരെ പഠിച്ചു. സംഗീതത്തിൽ ഒട്ടനവധി വർണ്ണങ്ങളും കീർത്തനങ്ങളും അതോടൊപ്പം തിയറിയും (രാഗപഞ്ജരം, താളപ്രകരണം എന്നീ രണ്ടു ഗ്രന്ഥങ്ങൾ മാധവവാര്യരുടേതായിട്ടുണ്ട്) മാധവവാര്യരിൽ നിന്നും പഠിച്ചശേഷം ഉപരിപഠനത്തിനായി തിരുവനന്തപുരം സ്വാതിതിരുനാൾ സംഗീത അക്കാദമിയിൽ ഗാനഭൂഷണത്തിനു ചേർന്നു.

അന്നത്തെ പ്രിൻസിപ്പലായിരുന്ന ശ്രീ.ശെമ്മാങ്കുടി ശ്രീനിവാസയ്യർ നേരിട്ട് രണ്ടാംവർഷത്തേയ്ക്ക്



പ്രവേശനം കൊടുക്കുകയാണുണ്ടായത്. ശെമ്മാങ്കുടി, സി.എസ്. കൃഷ്ണയ്യർ മുതലായ പ്രതിഭകളുടെ കീഴിൽ സംഗീതമഭ്യസിച്ച അമ്മ ഗാനഭൂഷണം ഫസ്റ്റ് ക്ലാസ്സിൽ പാസ്സായി ആ വർഷം തുടങ്ങാനിരുന്ന ഗാനപ്രവീണ കോഴ്സിലേക്ക് പ്രവേശനത്തിനുള്ള യോഗ്യത നേടി. ആ കൊല്ലത്തെ കുമാരനെല്ലൂർ കാർത്തിക മഹോത്സവത്തിന് അമ്മയുടെ അരങ്ങേറ്റം കുറിച്ചു. അടുത്തുതന്നെ പൂഞ്ഞാർ രാജകുടുംബത്തിലെ ഗോദവർമ്മ രാജയുമായി (എന്റെ അച്ഛൻ) വിവാഹം നടന്നതിനാൽ പിന്നീടുള്ള വിദ്യാഭ്യാസം മതിയാക്കി കുടുംബ ജീവിതത്തിലേക്കു പ്രവേശിച്ചു. ആ കാലഘട്ടത്തിലും മാധവവാര്യരുടെ കീഴിൽ സംഗീതവും ചിത്രമെഴുത്തമ്മൂമ്മയുടെ കീഴിൽ ചിത്രരചനയും തുടർന്നു. ചിത്രകലയിൽ ജലച്ഛായത്തിൽ പ്രാവീണ്യം നേടിയതിനുശേഷം എണ്ണച്ഛായങ്ങളും പരിശീലിച്ചു തുടങ്ങിയിരുന്നു. എണ്ണച്ഛായങ്ങളുടെ പ്രയോഗരീതികളും മിശ്രണവും (Colour Mixing) ഇതിനകം അമ്മ മനസ്സിലാക്കി. ആദ്യമാദ്യം അമ്മൂമ്മ വരച്ച ചിത്രങ്ങൾക്ക് ചായം പകരാനായിരുന്നു നിർദ്ദേശം. പിന്നീട് അമ്മൂമ്മയുടെ നിർദ്ദേശത്തോടുകൂടിയും അനുഗ്രഹാശിസ്സുകളോടുകൂടിയും സ്വതന്ത്രമായി ആദ്യത്തെ സരസ്വതീചിത്രം വരച്ചു. അപ്പോൾ എന്നെ ഗർഭം ധരിച്ചിരുന്ന സമയമായിരുന്നു. പ്രസവത്തിന് ഏതാനും ദിവസങ്ങൾക്കുമുൻപാണ് ചിത്രം പൂർത്തിയാക്കിയത്. അടുത്തുതന്നെ ചിത്രമെഴുത്തമ്മൂമ്മയുടെ ദേഹവിയോഗവും ഉണ്ടായി. അതോടുകൂടി ചിത്രകലയിൽ മാർഗ്ഗനിർദ്ദേശം നൽകാനാരുമില്ലാതായതിനാൽ അമ്മയുടെ ചിത്രരചന ഏതാണ്ടവസാനിച്ചതുപോലെയായി.

എന്റെ കുട്ടിക്കാലത്ത് കൊട്ടാരത്തിൽ വളരെ നന്നായി നടന്നിരുന്ന പാലസ് ക്ലബ്ബിന്റെ കലാപ്രവർത്തനങ്ങളിൽ അമ്മ സജീവമായി പങ്കെടുത്തിരുന്നു. കുറച്ചുകാലത്തിനകമുണ്ടായ മാധവവാര്യരുടെ ആകസ്മിക നിര്യാണം അമ്മയ്ക്ക് മറ്റൊരാഘാതമായി. മാധവവാര്യരുടെ കാലശേഷം അമ്മ കൊട്ടാരത്തിനകത്തും പുറത്തുമുള്ള കുട്ടികളെ സംഗീതം അഭ്യസിപ്പിച്ചിരുന്നു. അതിനിടെ കൊട്ടാരം വക സ്പെഷ്യൽ യു.പി. സ്കൂളിൽ സംഗീത തസ്തിക അനുവദിച്ചപ്പോൾ ആദ്യത്തെ പാർട്ട്ടൈം സംഗീതാദ്ധ്യാപികയായി അമ്മ ജോലിയിൽ പ്രവേശിച്ചു. പക്ഷേ അച്ഛന്റെ സ്ഥലം മാറ്റം മൂലം ആ ജോലി 1 കൊല്ലത്തിനുശേഷം ഉപേക്ഷിക്കേണ്ടിവന്നു. അച്ഛന്റെ അടിയ്ക്കടിയുള്ള സ്ഥലം മാറ്റങ്ങൾ ഞങ്ങൾ മൂന്നു കുട്ടികളുടേയും വിദ്യാഭ്യാസത്തെ ബാധിയ്ക്കാതിരിക്കാൻ ഇടയ്ക്കു വീണ്ടും അമ്മ കിളിമാനൂർ താമസമായി.

കിളിമാനൂരിൽ അക്കാലത്ത് കൊട്ടാരം കേന്ദ്രമാക്കി ഒരു മഹിളാസമാജം പ്രവർത്തിച്ചിരുന്നു. അതിലും അമ്മ ഒരു സജീവസാന്നിദ്ധ്യമായിരുന്നു. അന്നത്തെ കളക്ടർമാരായിരുന്ന ഓമനക്കുഞ്ഞമ്മയുടേയും സരളാഗോപാലന്റേയും മറ്റും പ്രോത്സാഹനത്തിൽ സമാജത്തിനു വേണ്ടി അമ്മ പായയിൽ രവിവർമ്മ ചിത്രങ്ങൾ വരയ്ക്കുകയും(Mat Paintings) S.M.S.M. Institute വഴി അവ വിറ്റഴിക്കുകയും ചെയ്തിരുന്നു. ചിത്രരചന ഒരു പ്രൊഫഷൻ ആക്കികൂടെ എന്ന സരളാ ഗോപാലന്റെ നിർദ്ദേശത്തെ അമ്മ കൃതജ്ഞതാപൂർവം നിരസിക്കുകയാണുണ്ടായത്. ഞങ്ങളുടെ ഭരദേവതാക്ഷേത്രമായ അയ്യപ്പൻകാവിലെ ചുവർചിത്രങ്ങളിൽ ചിലത് അക്കാലത്ത് അമ്മ ക്യാൻവാസിലേക്കു പകർത്തുകയുണ്ടായി.

1975–ൽ മുത്തുസ്വാമി ദീക്ഷിതരുടെ 200–ാം ജന്മവാർഷികാഘോഷവേളയിൽ അമ്മയുടെ ഗുരുസ്ഥാനീയനും സംഗീതജ്ഞനുമായ പെപ്പയണ്ണന്റെ (മാവേലിക്കരപ്രഭാകര വർമ്മ) ആവശ്യപ്രകാരവും പൂർവ വിദ്യാർത്ഥിനി എന്ന നിലയിലും ദീക്ഷിതരുടെ ഒരു എണ്ണഛായാചിത്രം വരച്ച് സംഗീതകോളേജിലേക്ക് സംഭാവന നൽകുകയുണ്ടായി. അന്ന് ആ ചിത്രത്തിന്റെ അനാച്ഛാദനകർമ്മം നിർവഹിയ്ക്കാനെത്തിയത് അമ്മയുടെ ഗുരുനാഥനും മുൻ പ്രൻസിപ്പലുമായിരുന്ന ഡോ. ശെമ്മാങ്കുടി ശ്രീനിവാസയ്യരായിരുന്നു. ആ ചടങ്ങിനു സാക്ഷ്യം വഹിക്കാൻ എനിയ്ക്കും ഭാഗ്യമുണ്ടായി. അന്ന് ശെമ്മാങ്കുടി സ്വാമികൾ അമ്മയുടെ തലയിൽ കൈവച്ചനുഗ്രഹിച്ചു കൊണ്ടുപറഞ്ഞ വാക്കുകൾ ഇന്നും ചെവിയിൽ മുഴങ്ങുന്നു. 'സരസ്വതിയുടെ ഈ രണ്ടു വരപ്രസാദങ്ങളും കിട്ടിയ നീ ഭാഗ്യവതിയാണ്" എന്ന്.

പിന്നീട് നീണ്ട ഇടവേളയായിരുന്നു. ഞങ്ങൾ മൂന്നു മക്കളുടേയും പേരക്കുട്ടികളുടേയും ചുമതലകളിൽ നിന്ന് എപ്പോഴോ ഒരു വിശ്രമത്തിനിടയിൽ അമ്മ വീണ്ടും ബ്രഷ് കൈയിലെടുത്തു. അപ്പോൾ പ്രായം 65 നോടടുത്തിരുന്നു. ആരോഗ്യസ്ഥിതിയും മോശമായിത്തുടങ്ങി. സംഗീതത്തിൽ തുടരാൻ ആരോഗ്യസ്ഥിതി അനുവദിച്ചില്ല. ചിത്രരചനയിൽ മാർഗ്ഗനിർദ്ദേശം നൽകാനാരുമില്ലായിരുന്നെങ്കിലും ഞങ്ങളുടെ–പ്രത്യേകിച്ച് അമ്മയുടെ സഹോദരങ്ങളുടെ നിരന്തരമായ പ്രേരണയും പ്രോത്സാഹനവും കാരണം അമ്മ വീണ്ടും ചിത്രരചനയിലേക്കു തിരിഞ്ഞു. മനസ്സു മുഴുവൻ ചിത്രമെഴുത്തമ്മാവനിലും ചിത്രമെഴുത്തമ്മൂമ്മയിലും അർപ്പിച്ച് ആദ്യത്തെ ചിത്രം പൂർത്തിയാക്കിയതോടെ അമ്മയുടെ ആത്മവിശ്വാസവും ഉത്സാഹവും വർദ്ധിച്ചു. പിന്നീടങ്ങോട്ട് അഞ്ചു വർഷക്കാലം നിരവധി രവിവർമ്മചിത്രങ്ങൾ അമ്മ പകർത്തി. സ്വന്തമായി ചിത്രങ്ങൾ വരയ്ക്കാൻ അമ്മ ഒരിക്കലും ശ്രമിച്ചിരുന്നില്ല. അത്രത്തോളം രവിവർമ്മ ചിത്രങ്ങളുടെ സൗന്ദര്യത്തിലും രചനാശൈലിയിലും അമ്മ ആകൃഷ്ടയായിരുന്നു. ഇടയ്ക്ക് ചിലരുടെ ആവശ്യപ്രകാരം ചില portraits വരച്ചു കൊടുത്തിരുന്നു. അതിൽ ഒന്ന് കെ. കരുണാകരന്റെ ഭാര്യ കല്യാണിക്കുട്ടിയമ്മയുടേതായിരുന്നു. പരുമലത്തിരുമേനിയുടേയും ഒരു ചിത്രം മുൻപെന്നോ വരച്ചുകൊടുത്തിരുന്നു.

രവിവർമ്മച്ചിത്രങ്ങൾ ഒട്ടുമിക്കവയും അമ്മ പകർത്തിയിരുന്നെങ്കിലും കൂടുതലായി വരച്ചിരുന്നത് ഹംസദമയന്തിയായിരുന്നു. വരച്ച ചിത്രങ്ങൾ ഒട്ടുമുക്കാലും വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും വേണ്ടിയായിരുന്നു. അവയിൽ ചിലതിന്റെയൊക്കെ ഫോട്ടോ കോപ്പികൾ അമ്മ സൂക്ഷിച്ചിരുന്നു. അമ്മയുടെ ചിത്രങ്ങളിൽ ചിലതൊക്കെ വിദേശങ്ങളിലും എത്തിച്ചിട്ടുണ്ട്. അക്കൂട്ടത്തിൽ അന്തരിച്ച ഉദയവർമ്മരാജയുടെ (കുഞ്ഞപ്പയണ്ണൻ)സഹോദരന്റെ ഭാര്യാമാതാവിന്റെ ചിത്രം വരച്ച് ഇംഗ്ലണ്ടിലുള്ള അവരുടെ വസതിയിൽ വച്ചിട്ടുണ്ട്. ആ ഇംഗ്ലീഷ് വനിതയുടെ ഒരു അഭിനന്ദനക്കത്ത് ഇന്നും അമ്മയുടെ അലമാരയിൽ സൂക്ഷിച്ചിട്ടുണ്ട്.

1994–ൽ കേരളലളിതകലാ അക്കാദമിയിൽ അന്നത്തെ ചെയർമാൻ കാർട്ടൂണിസ്റ്റ് യേശുദാസിന്റെ നാമനിർദ്ദേശപ്രകാരം 1994 മുതൽ 99 വരെ അഞ്ചുവർഷക്കാലം അമ്മ എക്സിക്യൂട്ടീവ് മെമ്പർ ആയിരുന്നു. 2000നുശേഷം ആരോഗ്യസ്ഥിതി തീരെ മോശമായതിനെത്തുടർന്ന് ചിത്രരചനയും ചുരുക്കമായി. ചിലതൊക്കെ അപൂർണ്ണമായി അവശേഷിച്ചു. 2003 ജൂൺ 27–ാം തീയതി ഞങ്ങളെയൊക്കെ കണ്ണുനീരിലാഴ്ത്തി അമ്മ കടന്നുപോയെങ്കിലും അമ്മയുടെ ചിത്രങ്ങളിൽ കൂടിയും ഞങ്ങളുടെ മനസ്സുകളിലും അമ്മ ഇന്നും ജീവിക്കുന്നു. ആ ഓർമ്മകൾക്കു മുൻപിൽ സാഷ്ടാംഗപ്രണാമങ്ങൾ! ✷

(ശാസ്ത്രലേഖന പരമ്പര- XIV)

# Sanskrit - Its Power and Glory

**Dr. K.P. Rajappan**

The astronomers Ārya bhaṭṭa, Brahmagupta and Bhāskara employed algebraic symbols freely. They used the concept of a negative quantity and presented algebraic problems in charming poetry. Bījagagaṇita of Bhāskara is the modern Algebra. Baudhāyana has given the sūtras for what we today call the theorem of Pythagoras long before Pythogoras. Āryabhaṭṭa has given the formulae for calculating areas of the triangle, trapezium and the circle. He calculated the value of Pi which is the ratio of the circumference of a circle to its diameter. Even in the Vedic period the earth was known to be a sphere. The Śatapatha Brāhmaṇa calls it 'parimaṇḍala. The Ṛgveda describes the earth as freely suspended in space. It also refers to the axial rotation and orbital motion of the earth. The sun is referred to as the maker of the day and night, the month, the seasons and the year. He is also called the cause of winds. We are also told that the sun really does not rise or set, it is only the earth's rotation towards or away from the sun that produces light and darkness. Mention is also made of the principle of gravitation which holds the heavenly bodies in their proper places. The moon, it is said, does not shine by its own light but only in the borrowed light of the sun. The *Sūryasiddhā* nta and *Pancasiddāntika* give calculations to determine the diameter of the moon, the positions of the poles and the major stars and the times of Solar and Lunar eclipses.

Equally remarkable are the Sanskrit texts on Physics and Chemistry. Kaṇāda, founder of the Vaiśeṣika system, explains that all matter is composed of atoms. And the Jains went even further speaking of the elementary particle of which the atoms themselves are composed. Clark Maxwell's theory of electro-magnetism had been anticipated centuries back by Kaṇāda, who speaks of light and heat as variations of the same energy. Vācaspati anticipates Newton's corpuscular theory and Einstein's Photon Theory by describing light as composed of very minute particles travelling at tremendous speed. The Iron pillar of Delhi, which even today stands rustless, is a tribute to the proficiency of India's metallurgists. Nāgārjuna describes distillation and calcination. Mercury which form one of the chief ingredients in Alchemy had been thoroughly examined and its property detailed long before Alchemy arose in Egypt. Again the Sanskrit books on technology contain a large number of references to a variety of apparatus and instruments.

Botany is known as Vṛkṣāyurveda in Sanskrit. We find detailed notes in the *Agnipurāṇa*, Varāhamihira's Bṛhadsaṁhitā and Kauṭilya's Arthaśāstra instructing the student how to collect and select seeds, test the soil, germinate seeds, to graft and cut and plant, manuring, rotation of crops, cultivation under various weather conditions, treatment of plant diseases are all dealt with in detail. Even the ascent and circulation of sap are referred to in the Saṁtiparva of the *Mahābhārata.* Here it is stated very clearly that plants grow by photo-synthesis, utilising the sun's energy and a component of the air, which we today identify as carbon dioxide. The achievements of the Sanskrit texts in the medical field are phenomenal. The science is called not pathology but Āyurveda, the science of longevity. Long before the study of anatomy by dissection became part of the western medical training, Suśruta of the 6th century B.C. gives detailed instructions how to prepare a corpse for careful cutting up and examination of every part. Again Ātreya, perhaps a contemporary of Suśruta, speaks of the germ, plasma and genetics, two and a half milennia before Weismann. Eugenics is given great prominence in Manusmṛti. The

modern theory of the Microbic origin of diseases had been anticipated by Suśruta, speaks of the germ, plasma and genetics, two and a half milennia before Weismann. Eugenics is given great prominence in Manusmṛti. The modern theory of the Microbic origin of diseases had been anticipated by Suśruta who describes bacteria of different shapes. Vaccination against small pox is described practically as it is done today. Anaesthesia was employed in major surgery with a drug called Saṁ-mohinī. Caraka of the 2nd century A.D. gives a precise description of the circulation of blood emanating from the heart, fifteen centuries prior to Harvey. A strict ethical conduct is prescribed for the doctors. They are not to be vultures on the rampage to collect fees from the dying, but to nurse and assist the patient like his own father and mother. A physician who sells treatment as a merchandise is castigated as neglecting the true treasure of gold in search of mere dust. While the modern scientist willy-nilly assist the war-mongering politicians itching for a nuclear holocaust, the Indian texts set the ideal of the scientists prefecting the Rasa and making humanity free from decay and death.

It is strange that very few nations in the world had thought about the language they had been speaking as the early Indians did. Apart from developing the nature of languages on the theoretical side, they studied the practical side of analysis such as facts relating to phonetics, declensions, syntax etc. Thus a great science was evolved, unsurpassed and even unequalled by any other nation in the world. ●



പറയുന്നു. 'ഒറ്റവാക്യം കൊണ്ട് ആശയം പൂർണ്ണമാകുന്നതും ചമൽക്കാരക്ഷമതയുള്ളതും ആവണം മുക്തകങ്ങൾ' എന്ന്. എന്നാൽ ശ്രീ രാജായുടെ ശ്ലോകങ്ങളിൽ ഒരേ പ്രതിപാദ്യം തന്നെ നാലു ശ്ലോകങ്ങളിലും കാണുന്നു. 'രണ്ടു കയ്യിലുമുരുണ്ട വെണ്ണ'യും ശ്രീമാൻ നമ്പൂതിരിയുടെ 'പൂച്ചക്കുട്ടിയും' ശ്രീ. കെ.കെ. രാജായുടെ പി. ഭാസ്ക്കരനെപ്പറ്റിയുള്ള 'പലമട്ട് ഭാവനകളെ' എന്നതും അഞ്ചിലൊന്നിന്റെ മദ്ധ്യേ മരതകമണി പോൽ' എന്നു തുടങ്ങുന്ന ശ്ലോകവും മുക്തകങ്ങളുടെ ശോഭയാർന്ന ഉദാഹരണങ്ങളാണ് ശ്രീ രാജായുടെ ശ്ലോകങ്ങളെ 'വന്ദനശ്ലോകങ്ങൾ' എന്ന ശീർഷകത്തിൽപ്പെടുത്തുന്നതായിരിക്കും ഭംഗി എന്ന് എന്റെ പരിമിതമായ അറിവുകൊണ്ടു പറഞ്ഞുപോകുന്നു.

ബാലാരിഷ്ടത കഴിഞ്ഞ ക്ഷാത്രസന്ദേശത്തിന് എന്റെ എല്ലാവിധ മംഗങ്ങളും നേരുന്നു.

– ചെന്നിത്തല രാജരാജവർമ്മ

## പ്രതികരണങ്ങൾ

(1) ഏപ്രിൽ – ജൂൺ 2009, ക്ഷാത്രസന്ദേശത്തിൽ, ഭാഗീരഥി അമ്മ തമ്പുരാനെ കുറിച്ചുള്ള ലേഖനം വായിച്ചപ്പോൾ ഓർമ്മയിൽ വന്ന ചില കാര്യങ്ങൾ പ്രസ്താവിക്കട്ടെ. എന്റെ കൈവശമുണ്ടായിരുന്ന കേരളവർമ്മ വലിയ കോയിതമ്പുരാന്റെ ഗ്രന്ഥശേഖരം, കേരള സാഹിത്യ അക്കാദമിക്ക് 1989–ൽ കൈമാറിയ കൂട്ടത്തിൽ, മറ്റുചില ഗ്രന്ഥങ്ങളും ആനുകാലികങ്ങളും കൂടി അക്കാദമിക്കു നൽകി. അവയുടെയെല്ലാം ലിസ്റ്റ് അക്കാദമി എനിക്കയച്ചുതന്നിരുന്നു. ആ ലിസ്റ്റു പരിശോധിച്ചപ്പോൾ, ഭാഗീരഥി അമ്മ തമ്പുരാന്റേതായി 'കഥാകുസുമാഞ്ജലി' എന്ന ഒരു ഗ്രന്ഥം കണ്ടു. ഞാൻ കൈമാറിയ 'മഹിള' എന്ന ആനുകാലികത്തിൽ ഇവരുടെ ചില കഥകൾ വായിച്ചതായും ഓർക്കുന്നു.

*'പല നാളിതു പോലെ വാഴ്കവാഴ്ക*
ബാലരാമവർമ്മ ഭൂപാലകാ' എന്നു തുടരുന്ന ഒരു തിരുവാതിര കളിപ്പാട്ട്, അവരെഴുതിയതായി, പന്തളം കൊട്ടാരത്തിലെ പി.സി.രാമവർമ്മ രാജ ഓർക്കുന്നു. അദ്ദേഹം മാവേലിക്കര സ്പെഷ്യൽ സ്കൂളിൽ പഠിക്കുന്ന കാലത്ത്, ഇദ്ദേഹമുൾപ്പെട്ട സ്കൌട്ട് സംഘം, തിരുവനന്തപുരത്ത് മഹാരാജാവിന്റെ മുൻപിൽ ഈ പാട്ടു പാടി കളിക്കുകയുണ്ടായത്രേ.

(2) പതിനൊന്നു ശ്ലോകങ്ങൾ ഉൾപ്പെട്ട 'കുരുംബാദേവീ സ്തോത്ര' മാണ് മറ്റു തമ്പുരാക്കന്മാരെ പോലെ കുഞ്ഞിക്കുട്ടൻ തമ്പുരാനും ചൊല്ലിയിരുന്നത്.

3) ശ്രീ എ.സി.ഡി രാജയുടെ മുക്തകങ്ങളിൽ രണ്ടാം ശ്ലോകത്തിന്റെ രണ്ടാംപാദത്തിൽ ഒരു വൃത്തഭംഗം കാണുന്നു. ആ വരിയുടെ അവസാന ഭാഗം 'സുകൃതികൾക്കാനന്ദദാതാവുമായ്' എന്നാക്കി മാറ്റിയാൽ, ആവൃത്തഭംഗം ഒഴിവാകും.

**കൊടുങ്ങല്ലൂർ കുഞ്ഞുണ്ണിരാജ**

## കൊടുങ്ങല്ലൂർ രാജവംശം

ശ്രീകൊടുങ്ങല്ലൂർ കുഞ്ഞുണ്ണി രാജയുടെ 'കൊടുങ്ങല്ലൂർ രാജവംശം വിദ്വാന്മാരും വിദുഷികളും' എന്ന പംക്തി വളരെ ആസ്വാദ്യകരമായിരിക്കുന്നു. കൊടുങ്ങല്ലൂർ കോവിലകത്തിന്റെ ഭിത്തികൾ പോലും പണ്ഡിതരാണെന്നു പറയുമായിരുന്നു. അത് എത്രത്തോളം ശരിയാണെന്നുള്ളത് ഈ പംക്തി വായിക്കുന്നവർക്ക് മനസ്സിലാകും. എത്രഎത്ര വിദ്വാന്മാരും വിദുഷികളുമായ തമ്പുരാക്കന്മാരും തമ്പുരാട്ടിമാരും! പി.എച്ച്.ഡി.ക്കു വേണ്ടിയുള്ള എല്ലാ വിവരങ്ങളും ഈ ഒരു പംക്തി കൊണ്ടു മതിയാകും. കൊടുങ്ങല്ലൂർ രാജവംശം സാഹിത്യത്തിനു നൽകിയ സംഭാവനകൾ എന്നാകട്ടെ പ്രബന്ധത്തിനു നാമകരണം ചെയ്യേണ്ടത്. ഏതായാലും ശ്രീ രാജയുടെ ഈ വിലപ്പെട്ട വിവരണശേഖരവും ക്ഷാത്രസന്ദേശം അത് പ്രസിദ്ധീകരിച്ചതിലും അതിയായ സന്തോഷമുണ്ട്. ശ്രീ കുഞ്ഞുണ്ണിരാജക്ക് എന്റെ ആയിരം പ്രണാമങ്ങൾ. ഒപ്പം ക്ഷാത്രസന്ദേശത്തിന് ആഭിനന്ദനങ്ങൾ!

**ആർ. ശശിധരവർമ്മ, മണ്ണൂർ മഠം**

കേരളത്തിലെ രാജവംശങ്ങൾ

# കൊടുങ്ങല്ലൂർ രാജവംശം

## (അഞ്ചാം ഭാഗം തുടർച്ച)

# വിദ്വാന്മാരും വിദുഷികളും

**കൊടുങ്ങല്ലൂർ കുഞ്ഞുണ്ണിരാജ**

**8. കുഞ്ചിതമ്പുരാട്ടി മകൻ കൊച്ചുണ്ണിതമ്പുരാൻ**

ജനനം. കൊല്ലവർഷം 1028മകരം ഉത്രാടം നക്ഷത്രം. അച്ഛൻ താമരശ്ശേരി മേക്കാട്ട് ദാമോദരൻനമ്പൂതിരി. ഭാര്യ തിരുവഞ്ചിക്കുളം ക്ഷേത്രത്തിനു പടിഞ്ഞാറുള്ള 'ആരോള്ളിൽ' നായർ തറവാട്ടിലെ സ്ത്രീ.

വലിയ കൊച്ചുണ്ണിതമ്പുരാൻ എന്ന പേരിലാണിദ്ദേഹം അറിയപ്പെട്ടിരുന്നത്. കാവ്യ–നാടകാലങ്കാരാദികൾ 'ശക്രൻ' ഗോദവർമ്മ തമ്പുരാന്റെ കീഴിലാണ് പഠിച്ചത്. കുംഭകോണം കൃഷ്ണശാസ്ത്രികളുടെ കീഴിൽ വ്യാകരണം പഠിച്ചു. തുടർന്ന് വൈദ്യം, ജ്യോതിഷം, തർക്കം, തച്ചുശാസ്ത്രം എന്നിവയും പഠിച്ചു.

പഠനത്തിൽ പിന്നാക്കം നിന്നിരുന്ന ഇദ്ദേഹം, വിദ്വാനായതെങ്ങിനെയെന്ന് പ്രൊഫസർ മരുമകൻ രാജ വഴി അറിഞ്ഞത് വിവരിക്കാം.

*വിഷണ്ണനായി, ചിന്താവിഷ്ടനായി ഇരിക്കുന്ന മകനെകണ്ട്, അച്ഛൻ കാരണം ആരാഞ്ഞു. പഠിച്ചതൊന്നും മനസ്സിൽ ഉറയ്ക്കുന്നില്ല എന്നതായിരുന്നു മറുപടി. ഇതുകേട്ട്, അച്ഛൻ നമ്പൂതിരി ഒരു മന്ത്രം ഉപദേശിച്ചു കൊടുത്തു. ആ മന്ത്രം ദിവസവും നൂറാവർത്തി ഉരുവിട്ടുകൊണ്ട് ഒരു സംവത്സരം ഭഗവതിയെ ഭജിക്കുവാൻ അദ്ദേഹം നിർദ്ദേശിച്ചു. അപ്രകാരം ഒരു വർഷം ഭജനം പൂർത്തിയാക്കി പുറത്തിറങ്ങിയപ്പോൾ, ഒരു സ്ത്രീ അദ്ദേഹത്തെ സമീപിച്ച്, വീടു പണിയാൻ സ്ഥാനം നിർണ്ണയിച്ച് കണക്കു തരണമെന്നഭ്യർത്ഥിച്ചു. പിറ്റേന്ന് വരുവാൻ തമ്പുരാനാവരോടു പറഞ്ഞു. വിവരം, കോവിലകത്തു ചെന്ന് അച്ഛനോടു പറഞ്ഞു. ഭഗവതിയെ ധ്യാനിച്ചുകൊണ്ട്, യുക്തമായതു ചെയ്തുകൊള്ളാനദ്ദേഹം പറഞ്ഞു. പിറ്റേന്ന്, ആ സ്ത്രീയുടെ വാസസ്ഥലത്തു ചെന്ന് ദേവിയെ ധ്യാനിച്ച് കണ്ണു തുറന്നപ്പോൾ, ഒരു പരുന്ത് ആകാശത്ത് വട്ടമിട്ടു പറക്കുന്നതു കണ്ടു. ആ പരുന്തിനെ കേന്ദ്രമാക്കി സ്ഥാനം നിർണ്ണയിച്ച്, കെട്ടിടം പണിയാൻ കണക്കു കൊടുത്തു.*

*തമ്പുരാൻ പറഞ്ഞതുപോലെ വീടുവെച്ച് അവർ അതിൽ താമസം തുടങ്ങി. അതോടെ ആ കുടുംബം നല്ല നിലയിലായി. കുറച്ചുകാലം കഴിഞ്ഞപ്പോൾ അവർക്ക് വീടു പൊളിച്ചു പണിയുവാനാഗ്രഹം തോന്നി. തമ്പുരാന്റെ ശിഷ്യനായ, കൂനേഴത്തു പരമേശ്വരമേനോനെ സമീപിച്ച് കാര്യം സാധിച്ചു. ഇതറിഞ്ഞപ്പോൾ തമ്പുരാൻ ശിഷ്യനെ വിളിച്ച് "കൂനേഴ, താൻ കവടിയും മുഴക്കോലും താഴെ വെച്ചോളൂ. ഇനി പകർത്തിയെഴുത്തു മാത്രം മതി" എന്നു പറഞ്ഞു. വീടു പൊളിച്ചുപണിതതോടെ ആ കുടുംബം ക്ഷയിച്ച്, നാടുവിട്ടുപോയി.*

കൊടുങ്ങല്ലൂർ ഗുരുകുലത്തിലെ അദ്ധ്യേതാക്കളെ സംസ്കൃത സാഹിത്യം, ജ്യോതിഷം, തച്ചുശാസ്ത്രം, തർക്കം, വൈദ്യം എന്നിവ പഠിപ്പിച്ചിരുന്നതിദ്ദേഹമായിരുന്നു. ഇദ്ദേഹത്തിന് വളരെയധികം ശിഷ്യന്മാരുണ്ടായിരുന്നു. എന്നാൽ അവരിൽ ചിലരെക്കുറിച്ചു മാത്രമേ അറിവുള്ളൂ. കുഞ്ഞിക്കുട്ടൻതമ്പുരാൻ, കൊച്ചിക്കാവു തമ്പുരാട്ടി, കൂനേഴത്തു പരമേശ്വരമേനോൻ, മഹാദേവ ജ്യോത്സ്യർ, അപ്പുക്കുട്ട ജ്യോത്സ്യർ (കൊടുങ്ങല്ലൂർ ദേശക്കാർ) എന്നിവർ ജ്യോതിഷം പഠിച്ചതിദ്ദേഹത്തിന്റെ കീഴിലാണ്. മലബാർ പ്രദേശത്തെ, പുതിയിരുത്തി കോവിലകത്തെ കുഞ്ഞൻ തിരുമുൽപ്പാട് ഇദ്ദേഹത്തിന്റെ കീഴിൽ ജ്യോതിഷം പഠിച്ചതായി എന്നോടും പറയുകയുണ്ടായിട്ടുണ്ട്. ഹരിപ്പാടിനടുത്ത്, കരുവാറ്റയിലുള്ള 'പൗരസ്ത്യ ശാസ്ത്ര നികേതൻ' പ്രിൻസിപ്പാൾ, സ്വാമി സത്യാനന്ദയുമായി ബന്ധപ്പെട്ടപ്പോൾ, അയ്യാങ്കുളം ഇട്ടിക്കുമാരൻ, താമരക്കുളം ശങ്കരൻ, കാഞ്ഞിരവേലികൃഷ്ണൻ എന്നിവരും ഇദ്ദേഹത്തിന്റെ കീഴിൽ ജ്യോതിഷം പഠിച്ചതായറിയാൻ കഴിഞ്ഞു. 'മനുഷ്യാലയചന്ദ്രിക' വ്യാഖ്യാതാവ് നീലകണ്ഠനാശാരിയും ഇദ്ദേഹത്തിന്റെ കീഴിൽ ജ്യോത്സ്യം പഠിച്ചിട്ടുണ്ട്. ശുപ്പാങ്കുടി ജ്യോത്സ്യരും ഇദ്ദേഹത്തിന്റെ ശിഷ്യനാണ്. തച്ചുശാസ്ത്രത്തിൽ കൂനേഴത്തു പരമേശ്വരമേനോൻ, കൊടുങ്ങല്ലൂർ കേശവനാശാരി മുൻപറഞ്ഞ നീലകണ്ഠനാശാരി എന്നിവർ ഇദ്ദേഹത്തിന്റെ ശിഷ്യന്മാരാണ്.

ഭട്ടൻ ഗോദവർമ്മതമ്പുരാനെ തർക്കം പഠിപ്പിച്ചതും, കുഞ്ഞിക്കുട്ടൻ തമ്പുരാൻ, കൊച്ചിക്കാവു തമ്പുരാട്ടി എന്നിവരെ വൈദ്യം പഠിപ്പിച്ചതും ഇദ്ദേഹമാണ്.

ഇദ്ദേഹം പ്രാഗൽഭ്യം തെളിയിച്ച സംഭവങ്ങൾ

I ജ്യോതിഷം

a) അനന്തപുരം കൊട്ടാരത്തിൽ ആയില്യംനാൾ രാമവർമ്മ മൂത്തകോയിത്തമ്പുരാൻ (വൈദ്യൻ തമ്പുരാൻ) എന്നോടുപറഞ്ഞ ഒരു സംഭവം വിവരിക്കാം. ഒരിക്കൽ കൊച്ചുണ്ണിതമ്പുരാൻ പരപ്പനങ്ങാടി കോവിലകത്തു വന്നു. ഇതറിഞ്ഞ് ഒരു പരദേശി ബ്രാഹ്മണൻ, മകന്റെ വിവാഹകാര്യത്തെ കുറിച്ചറിയാനായി ഇദ്ദേഹത്തെ സമീപിച്ചു. തമ്പുരാൻ മകന്റെ ജാതകം പരിശോധിച്ചു. ഇരുപത്തിആറാം വയസ്സിൽ ഇയാളുടെ മകൻ ജലത്തിൽ വീണു മരിക്കുവാൻ യോഗമുള്ളതായി തമ്പുരാൻ കണ്ടു. അദ്ദേഹം സ്ത്രീജാതകം ആവശ്യപ്പെട്ടു. അതു പരിശോധിച്ചതിൽ അവർക്കു വൈധവ്യയോഗമില്ലെന്ന് മനസ്സിലായി. അവരുടെ വിവാഹത്തിന് മുഹൂർത്തവും കുറിച്ചു കൊടുത്തു. 26-ാം വയസ്സിൽ അയാൾ വെള്ളത്തിൽ വീണു എങ്കിലും രക്ഷപ്പെട്ടു.

b) പി. കേരളവർമ്മ തിരുമുൽപ്പാട് (തൃക്കാരിയൂർ) രേഖപ്പെടുത്തിയ ഒരു സംഭവം. തമ്പുരാനും സുഹൃത്തുക്കളും ഒത്തുകൂടിയ ഒരു സന്ദർഭത്തിൽ, ഒറവങ്കര നീലകണ്ഠൻ നമ്പൂതിരി (രാജൻ) 'ഞാൻ നാളെ എന്തൊക്കെ ചെയ്യുമെന്നു പറയാമോ" എന്ന് തമ്പുരാനോട് ചോദിച്ചു. തമ്പുരാൻ ചില ഗ്രന്ഥങ്ങൾ പരിശോധിച്ചശേഷം തെറുത്തു കെട്ടിയ ഒരു കടലാസുമായി വന്നിട്ടിങ്ങിനെ പറഞ്ഞു. 'ഒറവങ്കര നാളെ ചെയ്യുന്നതെന്തായിരിക്കുമെന്ന് ഇതിൽ കുറിച്ചിട്ടുണ്ട്. ഇത് ഒരു പെട്ടിയിൽ വെച്ചു പൂട്ടി താക്കോൽ എന്നെ ഏല്പിക്കണം. പെട്ടി ഒറവങ്കര സൂക്ഷിച്ചു വെച്ചോളൂ". ഒറവങ്കര അങ്ങിനെ ചെയ്തു.

പിറ്റേന്ന്, ഒറവങ്കര പതിവിനു വിപരീതമായി, കുറച്ചകലെയുള്ള ശിവക്ഷേത്രത്തിൽ ദർശനം നടത്തി. അല്പനേരമവിടെ വിശ്രമിച്ചു. ഉച്ചപൂജകഴിഞ്ഞ് 'നമസ്കാര' ഊണു കഴിച്ച് കഴകക്കാരന്റെ വീട്ടിൽ വിശ്രമിച്ചു. നാലുമണിയോടെ കോവിലകത്തേക്ക് തിരിച്ചു. വഴിയിൽ വെച്ച് മഴ പെയ്തു. അപ്പോൾ തലയിൽ മുണ്ടിട്ട്, കോവിലകത്തു വന്നു കുളിച്ചു. അടുത്തുള്ള ശിവക്ഷേത്രത്തിൽ ദർശനം നടത്തിവന്ന്, അത്താഴം കഴിച്ചു. അതിനുശേഷം എല്ലാവരും ഒത്തുകൂടി. തമ്പുരാനിൽ നിന്ന് താക്കോൽ വാങ്ങി, ഒറവങ്കര പെട്ടി തുറന്ന് കടലാസു ചുരുൾ അഴിച്ചു നോക്കി. ഒറവങ്കര ചെയ്തതെല്ലാം, അതിൽ രേഖപ്പെടുത്തിയതു പോലെ ആയിരുന്നു.

c) എന്റെ സുഹൃത്ത് ഗുരുഗോപാലകൃഷ്ണൻ പറഞ്ഞ ഒരു സംഭവം. കവളപ്പാറ നായർ തറവാട്ടിൽ ഒരു വിഗ്രഹം കാണാതെ പോയി. പ്രമാണിമാരായ ജ്യോത്സ്യന്മാർ പ്രശ്നം വെച്ചുനോക്കിയിട്ടും, ആരൂഢം തെളിഞ്ഞില്ല. അതിനാൽ കൊച്ചുണ്ണി തമ്പുരാനെ വരുത്തി പ്രശ്നം വെപ്പിക്കുവാൻ തീരുമാനിച്ചു. തമ്പുരാനെ കൊണ്ടുവരുവാൻ മഞ്ചലുമായി വേലക്കാർ പുറപ്പെട്ടു. കൂടെ തറവാട്ടിലെ ഒരംഗവും കൂടി. വിവരങ്ങൾ തമ്പുരാനെ ധരിപ്പിച്ചു പ്രമാണിമാരായ ഇത്രയും ജ്യോത്സ്യന്മാർ ശ്രമിച്ചിട്ടും കഴിയാത്തത്, ഞാൻ വന്നാൽ എങ്ങിനെ സാദ്ധ്യമാകും എന്നു തമ്പുരാൻ ചോദിച്ചു. എന്നാൽ, വന്നവർ തമ്പുരാനെ സമ്മതിപ്പിച്ച് കൂടെ കൊണ്ടുപോയി. കുളിച്ച് പ്രശ്നം വെച്ചു. ആരൂഢം തെളിഞ്ഞില്ല. രാത്രി ഉറങ്ങാൻ നേരം, തമ്പുരാൻ ഭരദേവതയെ ധ്യാനിച്ച് കിടന്നു. ബ്രാഹ്മമുഹൂർത്തത്തിൽ എഴുന്നേറ്റ്, ദേഹശുദ്ധിവരുത്തി പ്രശ്നം വെച്ചപ്പോൾ ആരൂഢം തെളിഞ്ഞു. തുടർന്നുള്ള പ്രശ്ന വിചാരത്തിൽ വിഗ്രഹം കിടക്കുന്ന സ്ഥലം വ്യക്തമായി.

പിറ്റേന്ന് പ്രഭാതമായി. തമ്പുരാൻ, മൂപ്പിൽ നായരെവിളിച്ച് തറവാട്ടിന്റെ തെക്കു കിഴക്കു ഭാഗത്ത് ഒരു കുഴിയുണ്ടോ എന്നാരാഞ്ഞു. ഉണ്ടെന്നു മൂപ്പിൽ നായർ പറഞ്ഞു. "ആ കുഴിയിൽ വിഗ്രഹമുണ്ട്" തമ്പുരാൻ പറഞ്ഞു. അവിടെ തപ്പിയപ്പോൾ വിഗ്രഹം കിട്ടി.

II തച്ചുശാസ്ത്രം

a) പ്രാരംഭത്തിൽ വിവരിച്ച സംഭവത്തിൽ നിന്ന്, തച്ചുശാസ്ത്രത്തിൽ ഇദ്ദേഹത്തിനുണ്ടായിരുന്ന കഴിവ് വ്യക്തമാകുന്നുണ്ട്.

b) തൃപ്രയാർ ക്ഷേത്രത്തിലെ പടിഞ്ഞാറെഗോപുര നിർമ്മാണത്തിൽ കണ്ട ഒരു ന്യൂനത ഇദ്ദേഹം പരിഹരിച്ചതായി പറഞ്ഞു കേട്ടിട്ടുണ്ട്.

c) ആയിര നാഴി കോവിലകത്തെ മൂന്നുനില കെട്ടിടം ഇദ്ദേഹത്തിന്റെ കണക്കനുസരിച്ചാണ് പണിതതെന്ന് 'മനോരമവിഷനിൽ' ഒരു ഡോക്കുമെന്ററിയിൽ നിന്നും അറിയാൻ കഴിഞ്ഞു.

അദ്ധ്യാപനമായിരുന്നു ഇദ്ദേഹത്തിന്റെ മുഖ്യപ്രവർത്തന മണ്ഡലം. കൊ.വ. 1091-ൽ ദിവംഗതനായി.

**9)കൊച്ചതമ്പുരാട്ടിമകൻ കുഞ്ഞുണ്ണിതമ്പുരാൻ.**

ജനനം കൊല്ലവർഷം 1028 മകരമാസം ചതയം നാളിൽ. തിരുവഞ്ചിക്കുളത്തിനടുത്തുള്ള "വടശ്ശേരി" നായർ തറവാട്ടിലെ സ്ത്രീയാണിദ്ദേഹത്തിന്റെ ഭാര്യ. (1)

വംശ വൃക്ഷത്തിൽ കുഞ്ഞുണ്ണി എന്ന പേരുള്ള ആദ്യത്തെ ആളായ ഇദ്ദേഹം ശക്രൻ തമ്പുരാന്റെ ഏറ്റവും ഇളയ സഹോദരനാണ്. മൂപ്പു സിദ്ധിച്ചപ്പോൾ 'അവനിക്കാട്ടു വലിയതമ്പുരാൻ'' എന്ന പേരിലാണിദ്ദേഹം കോവിലകാംഗങ്ങളുടെ ഇടയിൽ അറിഞ്ഞിരുന്നത്. കത്തിടപാടുകളിൽ "കൊടുങ്ങല്ലൂർ രാമവർമ്മ വലിയ രാജാവ്" എന്ന പേരാണ് സ്വീകരിച്ചിരുന്നത്.

ഇദ്ദേഹം ഒരു പണ്ഡിതനായിരുന്നു. സ്വമാതാവിന്റെ കീഴിൽ സംസ്കൃത സാഹിത്യവും കുംഭകോണം കൃഷ്ണശാസ്ത്രികളുടെ കീഴിൽ വ്യാകരണവും പഠിച്ചു. ചെറിയ കൊച്ചുണ്ണി തമ്പുരാനും, ഭട്ടൻ ഗോദവർമ്മതമ്പുരാനും ഇദ്ദേഹത്തിന്റെ ശിഷ്യന്മാരാണ് (സാഹിത്യത്തിൽ).ചെറിയ കൊച്ചുണ്ണി തമ്പുരാൻ, കല്യാണി നാടകത്തിൽ (2),

അവതരണ ശ്ലോകത്തിൽ ഇദ്ദേഹത്തെ ഗുരുവായി അംഗീകരിക്കുന്ന ഒരു ശ്ലോകം കാണാം.

*"ഇക്കാവാക്കയരാജ്ഞി തന്റെ തനയൻ,*
*കുഞ്ഞുണ്ണിഭൂപന്റെ നൽ*
*തൃക്കാൽ സേവകനായ ശിഷ്യൻ, അമലൻ ദേവൌഘസേവാരതൻ,*
*ചൊൽക്കൊള്ളുന്നൊരു കോടിലിംഗ നൃവരൻ,*
*കൊച്ചുണ്ണി ഭൂപാലനാ-*
*ണിക്കാവ്യം വിരചിച്ചതെന്നറിയുവിൻ*
*മാലോകരെല്ലാവരും"* എന്നതാണാശ്ലോകം.

---

*(1) ഇദ്ദേഹത്തിന്റെ പിൻഗാമികളാണ്, വടശ്ശേരി തറവാട്ടിലെ താഴെ പറയുന്നവർ: കുറച്ചുകാലം ദേശാഭിമാനി പത്രാധിപരായി പ്രവർത്തിക്കുകയും സ്ഥാനം നഷ്ടപ്പെട്ടപ്പോൾ ചരിത്ര ഗവേഷണത്തിലേക്ക് തിരിയുകയും ചെയ്ത വി.ടി. ഇന്ദുചൂഡൻ, കായംകുളം കൊച്ചുണ്ണിയായി നാടകത്തിലും, സിനിമയിലും അഭിനയിച്ച്, ഇന്ത്യാഗവൺമെന്റിൽ നിന്നും സ്വർണ്ണമെഡൽ നേടിയ വി.ടി. അരവിന്ദാക്ഷൻ, നോവലിസ്റ്റ് വി.ടി. നന്ദകുമാർ.*

*(2) കോട്ടയത്തു വെച്ചു നടന്ന സ്വതന്ത്രനാടക രചനാമത്സരത്തിൽ രചിച്ച ഈ നാടകം, കോട്ടയം മനോരമ പ്രസ്സിലാണ് അച്ചടിച്ച് പ്രസിദ്ധീകരിച്ചത് എന്നാണ് കേട്ടിട്ടുള്ളത്.* കൊ.വ. 1108 ധനുമാസത്തിൽ അന്തരിച്ചു.

*(തുടരും.)*

**ഒരു തിരുത്ത്**

കഴിഞ്ഞലക്കം (ഏപ്രിൽ ജൂൺ–2008) ക്ഷാത്രസന്ദേശത്തിൽ ഭാഗീരഥി അമ്മ തമ്പുരാനെക്കുറിച്ചുള്ള എന്റെ ഓർമ്മക്കുറിപ്പിൽ രണ്ടാമത്തെ ഖണ്ഡികയിൽ 'വല്യമ്മ രചിച്ച് സാംസ്കാരിക വകുപ്പ് പ്രസിദ്ധപ്പെടുത്തിയ മറ്റു കൃതികൾ 'വനവാസ സ്മരണകൾ' 'കനകം', 'ശബരിഗിരീശസ്തവം' എന്നിവയാണ്, എന്നത് ശരിയല്ല. ഈ കൃതികൾ മൂന്നും വല്യമ്മ രചിച്ച് വല്യമ്മ തന്നെ പ്രസിദ്ധപ്പെടുത്തിയവയാണ്.

**രത്നം രാമവർമ്മ,**
**ശാരദാമന്ദിരം, മാവേലിക്കര**



# മൂകാംബിക

**പി.കെ. കുഞ്ഞനുജത്തിതമ്പുരാട്ടി,**
**ചന്ദ്രപുരി**

*വിദ്യാസ്വരൂപിണി! മൂകാംബികേ! ദേവി!*
*വിദ്യുൽ പ്രകാശിനി! കൈതൊഴുന്നേൻ*
*മൗലിയിൽ തങ്കക്കിരീടപ്രശോഭിതം*
*ഫാലത്തിൽ ഗോധൂളി കുങ്കുമവും*
*കുണ്ഡലമണ്ഡിത ഗണ്ഡയുഗങ്ങളും*
*കൺകോണിൽ കാരുണ്യപീയൂഷവും*
*മന്മഥചാപത്തെ വെല്ലുന്ന ചില്ലികൾ*
*മഞ്ജുളനാസയും കൈതൊഴുന്നേൻ*
*നീണ്ടിരുണ്ടഗ്രം ചുരുണ്ടുള്ള കാർകൂന്തൽ*
*കൊണ്ടൽ വേണിയാൾതൻ കർണ്ണങ്ങളും*
*മന്ദസ്മിതാമൃതം തൂകുന്ന ചുണ്ടുകൾ*
*മന്ദയാമെൻ ചിത്തേ തോന്നീടേണം*
*ശംഖിൻ ഗളമതിൽ ഹാരാവലികളും*
*സങ്കടം തീർക്കുവാൻ കൈതൊഴുന്നേൻ*
*ശംഖുചക്രവരദാഭയ ചിഹ്നത്താ-*
*ലങ്കിതമാകിയ പാണികളും*
*തിങ്ങിഞെരുങ്ങി നൽ കുംഭത്തിൻ ചേലൊത്ത*
*മാർവ്വിടഭംഗിയും കൈതൊഴുന്നേൻ*
*കാഞ്ചനകങ്കണം കാഞ്ചിയാൽ വേഷ്ടിതം*
*ദിവ്യാംബരാഭയും കൈതൊഴുന്നേൻ*
*ആലിലക്കൊത്തൊരുദരവും തൃത്തുട-*
*ജാനുജംഘാദിയും കൈതൊഴുന്നേൻ*
*മഞ്ജീരശിഞ്ജിതം തൂകുന്ന പാദങ്ങൾ*
*പഞ്ഞിപോൽ പാറ്റണം പാപജലം*
*മൂകത തീർക്കേണം മൂകാംബികേ ദേവി!*
*മൂലസ്വരൂപിണി! മൂകാംബികേ!*
*നാവതിൽ നാമങ്ങൾ വാഴുവാൻ സന്തതം*
*ഏകണം നൽവരം തമ്പുരാട്ടി!*
*നാമത്തിൽ മുങ്ങിഞാൻ നാളുകൾ പോക്കുവാൻ*
*നാമാംബികേദേവി! കൈതൊഴുന്നേൻ*
*കൈതൊഴുന്നോർക്കുടൻ സർവ്വഭീഷ്ടങ്ങളും*
*സർവ്വദാ നൽകീടും സച്ചിന്മയെ!*
*വീണാമൃതംതൂകും നാദസ്വരൂപിണി*
*ഗാനപ്രമോദിനി കൈതൊഴുന്നേൻ (വിദ്യാസ്വരൂപിണി...)*

# കേരളവർമ്മ വലിയ കോയിത്തമ്പുരാന്റെ കാരാഗൃഹവാസത്തിനിടയാക്കിയ സാഹചര്യങ്ങൾ

**(തുടർച്ച...)**

**സമ്പാ: ഡോ.ബി.ആർ.ആർ. വർമ്മ**

*[പി. കെ. പരമേശ്വരൻനായർ 1965 ഏപ്രിൽ 25– ാം തീയതിയിലെ മാതൃഭൂമി ആഴ്ചപ്പതിപ്പിലെഴുതിയ ലേഖനത്തിന്റെ പ്രസക്തഭാഗങ്ങൾ]*

**ധർമ്മസങ്കടത്തിന്റെ ഫലം**

ഇതായിരുന്നു മേല്പറഞ്ഞ ഊമക്കത്തെഴുതാൻ പ്രേരകമായി ത്തീർന്ന സംഭവം. കത്തിന്റെ കർത്തൃത്വത്തെപ്പറ്റി പല അഭിപ്രായഭേദങ്ങളും കേട്ടിട്ടുണ്ടെങ്കിലും വിശാഖവിജയത്തിൽ കേരളവർമ്മ അത് താൻ എഴുതിയെന്നു സമ്മതിച്ചിട്ടുള്ള സ്ഥിതിക്ക് വിവാദത്തിനവകാശമില്ല. അപ്രകാരമൊരു കത്ത് അയക്കാൻ തന്നെ പ്രേരിപ്പിച്ച ചേതോവികാരത്തെയും അദ്ദേഹം വ്യക്തമാക്കിയിട്ടുണ്ട്. മഹാരാജാവിന്റെ സാഹസികമായ പ്രസ്താവനയെക്കുറിച്ചു കേട്ടപ്പോൾ, താൻ ഒരു "ധർമ്മസങ്കടത്തി ലായെന്നും അമംഗളങ്ങൾ ഉണ്ടാകാതിരിക്കാൻ (ദിവാന്റെ ജീവാപായം നിമിത്തം) ഒരു കർത്തവ്യാനുഷ്ഠാനമായി താൻ ആ കൃത്യം ചെയ്തതാണെന്നും അദ്ദേഹം പറഞ്ഞിരിക്കുന്നു.

ഏതായാലും ആ കർത്തവ്യാനുഷ്ഠാനത്തിന്റെ ഫലം അപ്രതീക്ഷിതമായ വിധം ഭയാനകമായിരുന്നു. നാടുവാഴുന്ന രാജാവ് തന്റെ ദിവാനെ– അതും ദക്ഷിണേന്ത്യയിലെ രാജ്യതന്ത്രജ്ഞരിൽ അതിപ്രശസ്തനായ ഒരു വ്യക്തിയെ – അപായപ്പെടുത്താൻ ഉദ്യുക്തനായിരിക്കുന്നുവെന്നൊരപവാദം വന്നതിനുശേഷം ആ രാജാവു എങ്ങിനെ തലയുയർത്തി ജീവിയ്ക്കുമെന്ന ചോദ്യം എഴുത്തിനെപ്പറ്റി കേട്ടവരുടെയെല്ലാം ഉള്ളിൽ സ്വാഭാവികമായി ഉദിച്ചു. ആയില്യം തിരുനാൾ തന്റെ അഭിമാനം സംരക്ഷിക്കാൻ കർശനമായ നടപടികൾ തന്നെ കൈക്കൊണ്ടു. മദ്രാസ് ഗവർണറെ ഉടൻ തന്നെ വസ്തുതകൾ ധരിപ്പിച്ചു. കുറെക്കാലമായി തന്നെ അഭിമുഖീകരിക്കുന്ന ഉപജാപകസംരംഭങ്ങളെ അമർച്ച ചെയ്യാൻ ഒരു നല്ല അവസരമായി ആ സന്ദർഭം വിനിയോഗിക്കാൻ അദ്ദേഹം തീരുമാനിച്ചു. ഭാവികിരീടാവകാശിയായ വിശാഖം തിരുനാൾ ഉൾപ്പെടെയുള്ള ഒരു ഗൂഢസംഘം രാജാവിനെതിരായി പ്രവർത്തിച്ചു വരുന്നു എന്നും അതിലെ ഒരു പ്രബലാംഗമായ കേരളവർമ്മ രാജകുടുംബത്തോടു ബന്ധപ്പെട്ട ആളായിരുന്നിട്ടും വിധ്വംസക പ്രവൃത്തികളിൽ വ്യാപൃതനായിരിയ്ക്കുന്നുവെന്നും അതിന്റെ തെളിവാണ് പ്രസ്തുത ഊമക്കത്തെന്നും രാജാവിന്റെയും പ്രജകളുടെയും താല്പര്യത്തിന്റെ സംരക്ഷണത്തിന് പരസ്യമായ വിസ്താരങ്ങളൊന്നും കൂടാതെ രാജാധികാരം ഉപയോഗിച്ച് ആ വിധ്വംസക പ്രവർത്തകനെ തടങ്ങലിൽ വയ്ക്കാനുള്ള അനുവാദം കിട്ടണമെന്നും കാണിച്ചു കൊണ്ടുള്ള സുദീർഘമായ ഒരു കത്താണ് ആയില്യംതിരുനാൾ മദ്രാസ് ഗവർണ്ണർക്കെഴുതിയത്. പരമരഹസ്യമായി നടത്തപ്പെട്ട ആ എഴുത്തുകുത്തുകളെക്കുറിച്ച് ഉയർന്ന ഉദ്യോഗസ്ഥന്മാർക്കു പോലും ഒരു രൂപവുമില്ലായിരുന്നു. എങ്കിലും തിരശ്ശീലയ്ക്കുള്ളിൽ ഭയാനകമായ ഏതോ സ്ഫോടനത്തിനുള്ള കരുക്കൾ സംഭൃതമാകുന്നുണ്ടെന്ന സംശയം സകലർക്കുമുണ്ടായിരുന്നു. ജ്യേഷ്ഠന്റെ ചാണക്യതന്ത്രങ്ങളുടെ സ്വഭാവം മറ്റാരേക്കാളും കൂടുതൽ അടുത്തും നേരിട്ടും അറിയാൻ കഴിഞ്ഞിരുന്ന വിശാഖംതിരുനാളാണ് ഏറ്റവും ഭയചകിതനായത്. അദ്ദേഹം കേരളവർമ്മയെ വരുത്തി കാര്യങ്ങളുടെ ഗൗരവം വിശദീകരിച്ചു കൊടുത്തു. റാണിയേയും വേണ്ട വിധം സംഗതി ധരിപ്പിച്ചു. കേരളവർമ്മയാകട്ടെ, എന്തും വരട്ടെയെന്ന നിലയിൽ നില കൊണ്ടതേയുള്ളൂ. ആ നില തെറ്റാണെന്ന് റാണി അദ്ദേഹത്തെ ശാസിച്ചു. രാജാധികാരത്തോടു ചെറുത്തു നിൽക്കുക സാദ്ധ്യമല്ലെന്നും നിഷേധമനോഭാവം ഉപേക്ഷിച്ച് വിനയവാനാകണമെന്നും മാതുലനും ഭാഗിനേയിയും ഏകോപിച്ച് കേരളവർമ്മയെ ഉപദേശിച്ചു.

**നിവേദനങ്ങൾ നിഷ്ഫലമാകുന്നു**

ക്രമേണ മഹാരാജാവിന്റെ നടപടികൾ എന്തെല്ലാമാണെന്ന അഭ്യൂഹങ്ങൾ നാനാവഴിക്കും പ്രചരിച്ചു. കേരളവർമ്മയുടെ വിവാഹബന്ധം വിടുർത്തി രാജധാനിയിൽ നിന്ന് നിഷ്കാസനം ചെയ്യാൻ മഹാരാജാവു തീരുമാനിച്ചിരിയ്ക്കുന്നുവെന്നു ശ്രുതി പരന്നു. വിശാഖംതിരുനാൾ ഏറിയ കാലമായി മഹാരാജാവിന്റെ സമ്പർക്കം കഴിയുന്നതും ഉപേക്ഷിച്ചുകഴിയുകയായിരുന്നെങ്കിലും, ഭാഗിനേയീഭർത്താവിനെ നിരാധാരനാക്കാനുള്ള ജ്യേഷ്ഠന്റെ ഉദ്യമത്തെ തടയുവാൻ കഴിവതു ചെയ്യാതിരുന്നാൽ കർത്തവ്യവിലോപമായിരിയ്ക്കുമെന്ന് അദ്ദേഹത്തിനു തോന്നി. മഹാരാജാവിനെ സന്ദർശിക്കാനുള്ള അനുവാദം കിട്ടിയ ഉടനെ അദ്ദേഹം വലിയ കൊട്ടാരത്തിലെത്തി ജ്യേഷ്ഠനോട് മുമ്പൊന്നുമില്ലാത്ത വിധം താണു കേണപേക്ഷിച്ചു. യുവചാപല്യം കൊണ്ടു പറ്റിപ്പോയ തെറ്റ് മഹാമന

സ്കതയോടെ ക്ഷമിക്കണമെന്നും, കേരളവർമ്മ സകല വിധത്തിലും മഹാരാജാവിനു വശവർത്തിയായ വിധേയനാണെന്ന വസ്തുത സ്മരിക്കണമെന്നും അദ്ദേഹം ഒരു ബന്ധുവാണെന്ന നിലയെ മാനിക്കേണ്ട കടമ തങ്ങൾക്കുണ്ടെന്നും ഭാഗിനേയിയുടെ ദുഃഖത്തെപ്പറ്റി വിചാരിച്ചെങ്കിലും സാഹസത്തിന് മുതിരരുതെന്നും ശിക്ഷ നൽകിയേ കഴിയൂ എന്നു കാണുന്ന പക്ഷം തേവാരത്തു കോയിക്കൽ തന്നെ അദ്ദേഹത്തെ നിയന്ത്രണത്തിൽ താമസിപ്പിയ്ക്കാവുന്നതാണെന്നും വിശാഖംതിരുനാൾ മഹാരാജാവിന്റെ അടുക്കൽ നിവേദനം ചെയ്തു. എന്നാൽ അനുജന്റെ ഈ അഭ്യർത്ഥനകളെല്ലാം കേവലം ബധിരകർണ്ണങ്ങളിലാണു പതിച്ചതെന്ന് ഒടുവിൽ വെളിപ്പെട്ടു. മഹാരാജാവിന്റെ നിർദ്ദയമായ നടപടി അത്തരത്തിലുള്ളതായിരുന്നു. ഒരു ഭരണാധികാരി ഒരു സാമാന്യസങ്കടഹർജ്ജിക്കാരനോടു സമാധാനം പറഞ്ഞയയ്ക്കുന്ന ഔദ്യോഗികരീതിയാണ് ആയില്യംതിരുനാൾ കൈക്കൊണ്ടത്. കുറ്റക്കാരന്റെ നടപടികളെ മദ്രാസ് ഗവൺമെൻറിലേയ്ക്കു റിപ്പോർട്ടു ചെയ്തു കഴിഞ്ഞുവെന്നും അവരുടെ തീരുമാനം അനുസരിച്ചു പ്രവർത്തിയ്ക്കുന്നതായിരിയ്ക്കുമെന്നും ആയിരുന്നു അദ്ദേഹത്തിന്റെ മറുപടി.

ഭഗ്നാശയനായി മടങ്ങിയ വിശാഖം തിരുനാൾ കാര്യങ്ങൾ ഏതു വഴിക്കാണു നീങ്ങുന്നതെന്നു വ്യക്തമായി കണ്ടു. ആയില്യം തിരുനാളിന്റെ ഹൃദയകാഠിന്യത്തെക്കുറിച്ച് ഓർത്തപ്പോൾ, അദ്ദേഹത്തെ ആശ്രയിച്ചാലും എതിർത്താലും ഫലം ഒരുപോലെ വിനാശകരമേ ആയിരിയ്ക്കൂ എന്നദ്ദേഹത്തിനറിയാമായിരുന്നു. അതിനാൽ കേരളവർമ്മ എത്ര മാത്രം ഒതുങ്ങിക്കഴിയാമോ അത്രയും നന്നായിരിയ്ക്കുമെന്ന തീരുമാനത്തിലാണ് അദ്ദേഹം എത്തിയത്. തദനുസരണം അദ്ദേഹം കേരളവർമ്മയെ ഉപദേശിച്ചു. അത് ഒരു കത്തു മുഖാന്തിരമായിരുന്നു. രാജാവിനെ കൂടുതൽ കോപിഷ്ഠനാക്കുന്ന യാതൊരു പ്രവൃത്തിയും അദ്ദേഹത്തിൽ നിന്നുണ്ടാകരുതെന്ന് അതിൽ സസ്നേഹം ഉപദേശിച്ചിരുന്നു. മദ്ധ്യമാർഗ്ഗം സ്വീകരിയ്ക്കുകയായിരിയ്ക്കും നല്ലതെന്നും അതിൽ നിഷ്കർഷിച്ചിരുന്നു. ആയിടയ്ക്കുതന്നെ കേരളവർമ്മയുടെ പ്രേഷ്ഠഗുരുഭൂതനും ബ്രഹ്മവിദ്യോപദേഷ്ടാവുമായ ഇലത്തൂർ രാമസ്വാമി ശാസ്ത്രിയും ശിഷ്യന്റെ കാര്യത്തിൽ അനുകമ്പാകുലനായി അദ്ദേഹത്തിന്റെ സഹായത്തിനെത്തി. മഹാരാജാവുമായി നടത്തിയ സംഭാഷണത്തിനിടയിക്ക് കേരളവർമ്മയെ കണ്ട് സംസാരിയ്ക്കാൻ കല്പിച്ചതനുസരിച്ചാണ് ശാസ്ത്രി ശിഷ്യനെ സന്ദർശിച്ചത്. ഒരു ക്ഷമാപണം രാജസന്നിധിയിൽ സമർപ്പിക്കണമെന്നായിരുന്നു ശാസ്ത്രികളുടെ അഭിപ്രായം. കേരളവർമ്മയ്ക്ക് അതിനു തീരെ സമ്മതമില്ലായിരുന്നു. ശിക്ഷിയ്ക്കാൻ കാരണം അന്വേഷിച്ചു കൊണ്ടിരുന്ന ആൾ കിട്ടിയ അവസരം പാഴാക്കുകയില്ലെന്നായിരുന്നു അദ്ദേഹത്തിന്റെ വിശ്വാസം. എങ്കിലും ഗുരുഭൂതന്റെ ശാസനം അനുസരിച്ച് മുഖം കാണിയ്ക്കാൻ അനുവാദത്തിനപേക്ഷിച്ചുകൊണ്ട് അദ്ദേഹം മഹാരാജാവിന് ഒരു കത്തയച്ചു. അതു കാര്യം കുറേക്കൂടി ദുർഘടത്തിലാക്കി. അറിഞ്ഞോ അറിയാതെയോ അതിലെ വാക്യങ്ങളിൽ മഹാരാജാവിനോടുണ്ടായിരിയ്ക്കേണ്ട ആദരം വേണ്ടത്ര അദ്ദേഹം പ്രദർശിപ്പിച്ചിരുന്നില്ല. രന്ധ്രാന്വേഷിയായ മഹാരാജാവിന് ഇത് തന്റെ നിഷ്കരുണമായ നടപടി തുടരാൻ ഒരു ന്യായം കൂടി ഉണ്ടാക്കിക്കൊടുത്തു. അദ്ദേഹത്തിന്റെ വിദ്വേഷം പല മടങ്ങുവർദ്ധിച്ചു.

ഗുരുപദേശപ്രകാരമുള്ള ക്ഷമാപണം കൂടി സാദ്ധ്യമല്ലെന്നു വന്നപ്പോൾ കേരളവർമ്മയുടെ നൈരാശ്യം ശതഗുണീഭവിച്ചു. വിശാഖം തിരുനാൾ ഉപദേശിച്ച മദ്ധ്യവൃത്തിയും അദ്ദേഹത്തെക്കൊണ്ട് സാദ്ധ്യമല്ലെന്നുവന്നു. കൂടുതൽ വിരോധം വരുന്ന മട്ടിലുള്ള പ്രവൃത്തികൾ അദ്ദേഹത്തിൽ നിന്നുണ്ടാകുന്നതായി കണ്ടപ്പോൾ റാണി ആകപ്പാടെ ഭയത്രസ്തയായി. അവർ ഭർത്താവിന്റെ രക്ഷയ്ക്കായി പ്രാർത്ഥനകളും വ്രതാനുഷ്ഠാനങ്ങളും കൊണ്ട് ദിവസങ്ങൾ കഴിയ്ക്കുകയായിരുന്നു.

(തുടരും)

**വൈവാഹികം പേജ് 36 – ൽ നിന്ന്**

## BOX No. 398

ക്ഷത്രിയ യുവാവ് 37വയസ്സ്. 10-9-1972 (1148 ചിങ്ങം 25) അത്തം നക്ഷത്രം. 178 സെ.മീ. B.Sc (Maths) Working as Executive in Asianet Dataline. Please respond to Box No.398

| | | | | |
|---|---|---|---|---|
| | | ശു | | |
| - | - | മ മാ | ശി | ശി |
| - | ഗ്രഹനില | | ശു | ച |
| - | | | ല കു ര ബു | ബു മ മാ |
| ഗു സ | - | - | ച | ല |
| സ | ര | കു | ഗു | |

ശിഷ്ടദശ 2 വർഷം 1 മാസം
28 ദിവസം ചന്ദ്ര ദശ

## BOX No. 399

Kshatriya Youth 30 Yrs. (21-8-1979-1155 ചിങ്ങം 5) Ayilliyam Star, Diploma in Anesthesia, O.T. Technilogies & Urodynamics Technologies, also diploma in Computer Science, presently employed in a Super Speciality Hospital in Abudhabi. Seeks matrimonial alliance from parents of suitable Kshatriya girls. Box No. 399

| | | | |
|---|---|---|---|
| - | - | - | കു |
| ശി ല | ഗ്രഹനില | | ച ബു ഗു |
| - | | | ര ശു മ സ |
| മാ | - | - | - |

ജന്മശിഷ്ടദശ ബുധൻ
10 വർഷം 7മാസം 25 ദിവസം

# വേണാട്

## (തിരുവിതാംകൂർ) രാജവംശം - XLII

### ഡോ. ആർ. പി. രാജാ

"വെലക്ക് നീട്ട്" എന്നു വച്ചാൽ, "പിരിച്ചുവിടൽ" ഉത്തരവ് തന്നെ. ബാലരാമവർമ്മ ആരെയാണ് പിരിച്ചു വിട്ടത്? ജീവിത കാലം മുഴുവൻ തിരുവിതാംകൂർ രാജകുടുംബത്തേയും തിരുവിതാംകൂർ രാജ്യത്തേയും സ്നേഹിക്കുകയും സേവിയ്ക്കുകയും, അവയുടെ ഉന്നമനത്തിനും ഉത്ക്കർഷത്തിനുമായി നിരന്തരം പ്രവർത്തിച്ചു കൊണ്ടിരുന്ന, അതിപ്രഗത്ഭനായ ഒരു രാജ്യതന്ത്രജ്ഞനായ രാജാകേശവദാസനെയാണ് ബാലരാമവർമ്മ പിരിച്ചു വിട്ടത്. കാരണമോ? നാടു നീങ്ങിയ മഹാരാജാവിന്റെ പല്ലക്കിൽ കേവലം സേവകനായി വന്നു കൂടിയ ഒരു നമ്പൂതിരി, പട്ടണപ്രദക്ഷിണം വയ്ക്കുന്നത് കണ്ടപ്പോൾ, പല്ലക്ക് തടഞ്ഞു നിറുത്തി നമ്പൂതിരിയെ ഇറക്കി വിട്ടതിന്. ദിവംഗതനായ തന്റെ മാതുലനോടുള്ള അത്യാദരവ് കാരണം താനോ തന്റെ കുടുംബാംഗങ്ങളോ പോലും ഉപയോഗിയ്ക്കാതിരുന്ന പല്ലക്കിൽ, ആടയാഭരണങ്ങൾ അണിഞ്ഞ്, മുറുക്കി ചുമപ്പിച്ച വക്ത്രത്തോടെ ജയന്തൻ ശങ്കരൻ നമ്പൂതിരി പട്ടണപ്രദക്ഷിണം നടത്തിയത് തന്നെയും, തന്റെ കുടുംബത്തെയും തന്റെ രാജ്യത്തേയും നിന്ദിക്കുകയായിരുന്നുവെന്ന വസ്തുത ബാലരാമവർമ്മയ്ക്ക് മനസ്സിലായില്ല. രാജാകേശവദാസൻ ചെയ്ത പ്രവൃത്തി വളരെ ശരിയാണെന്നും, അത് തന്റെയും തന്റെ കുടുംബത്തിന്റേയും മാനം കാക്കുവാൻ വേണ്ടിയായിരുന്നുവെന്നും അദ്ദേഹത്തിന് മനസ്സിലാകാതെ പോയി. രാജാകേശവദാസനെ ശിക്ഷിക്കുകയല്ല അനുമോദിക്കുകയാണ് വേണ്ടതെന്ന സത്യവും ആ മഹാരാജാവിന് ബോദ്ധ്യപ്പെടാതെ പോയി. ഒരു പക്ഷെ, ജയന്തൻ ശങ്കരൻ നമ്പൂതിരി മഹാരാജാവിനോട് ധർമ്മരാജാവിന്റെ പല്ലക്കിൽ കയറി യാത്ര ചെയ്യുവാൻ അനുവാദം ചോദിച്ചിരിയ്ക്കാം. സാധുവും ശുദ്ധഗതിക്കാരനുമായ പതിനേഴ് വയസ്സുകാരൻ മഹാരാജാവ് യാതൊന്നും ചിന്തിയ്ക്കാതെ സമ്മതവും മൂളിയിട്ടുണ്ടാവും. രാജാ കേശവദാസനെ എങ്ങിനെയെങ്കിലും പുറത്താക്കുവാനുള്ള പരിശ്രമത്തിലായിരുന്നു നമ്പൂതിരിമാർ. ധർമ്മ രാജാവിന്റെ പല്ലക്കിൽ കയറി സഞ്ചരിച്ചാൽ അത് രാജാകേശവദാസനെ തീർച്ചയായും പ്രകോപിപ്പിക്കുമെന്നും അദ്ദേഹം അത് സഹിയ്ക്കുകയില്ലെന്നും തിരുവിതാംകൂറിൽ തന്നെ ആർക്കാണറിയാൻ വയ്യാത്തത്? രാജാ കേശവദാസന്റെ നടപടി രാജകല്പനയെ നിഷേധിയ്ക്കലാണെന്നും രാജനിന്ദയാണെന്നും മറ്റും ബാലരാമവർമ്മയെ ധരിപ്പിച്ച് കേശവദാസനെതിരെ നടപടിയെടുപ്പിക്കുവാനുള്ള ഒരു തന്ത്രം കൂടിയായിരുന്നില്ലേ നമ്പൂതിരിമാർ ആവിഷ്കരിച്ചതെന്ന് സംശയിക്കേണ്ടിയിരിയ്ക്കുന്നു. കാരണം, അതിന് ഒരു പശ്ചാത്തലവും സംഭവിച്ചിരുന്നു.

ഈ വെലക്ക് നീട്ട് സംഭവം നടക്കുന്നതിന് ഏതാണ്ട് ഒന്ന് ഒന്നര മാസം മുൻപ്, ജയന്തൻ ശങ്കരൻ നമ്പൂതിരിയുടെ സുഹൃത്തായ ഒരു തോട്ടപ്പായി നമ്പൂതിരി കൊച്ചിയിൽ നിന്നും വന്ന്, ഉതിയേരി നമ്പൂതിരിമാരോടൊപ്പം വലിയ കൊട്ടാരം സമുച്ചയത്തിൽ കൂടി. കാര്യങ്ങളുടെ വേഗത കാണുമ്പോൾ, തോട്ടപ്പായി വന്നത് മുൻകൂട്ടി തീരുമാനമെടുത്ത ഒരു ദൗത്യവുമായാണെന്ന് തോന്നിപ്പോകുന്നു. കരപ്പുറം കൊച്ചിക്ക് കൊടുക്കുന്ന ഒരു നീട്ട് ബാലരാമവർമ്മയിൽ നിന്നും നേടിത്തരണമെന്ന് തോട്ടപ്പായി ജയന്തൻ ശങ്കരൻ നമ്പൂതിരിയോട് അഭ്യർത്ഥിച്ചു. രാമയ്യൻ ദളവാ പിടിച്ചതും, കൊ.വ. 932-ലെ (എ.ഡി.1757) ഉടമ്പടി പ്രകാരം കൊച്ചി മഹാരാജാവ് സകല അവകാശാധികാരങ്ങളും തിരുവിതാംകൂറിന് വിട്ടുകൊടുത്തതുമായ പ്രദേശമാണ് കരപ്പുറം. തങ്ങളുടെ കയ്യിലെ ഒരു "കളിപ്പാവ" ആയിത്തീർന്ന ബാലരാമവർമ്മയിൽ നിന്നും കരപ്പുറം കൊച്ചിക്കു നൽകുന്ന നീട്ടിൽ "തുല്യം ചാർത്തി" വാങ്ങിയ്ക്കുവാൻ ഉതിയേരി നമ്പൂതിരിമാർക്ക് യാതൊരു വിഷമവുമുണ്ടായില്ല. താൻ എന്തു തരം നീട്ടിലാണ് തുല്യം ചാർത്തുന്നതെന്ന് മനസ്സിലാക്കിക്കൊണ്ടാണോ അതോ മറ്റ് വല്ലതും പറഞ്ഞ് വിശ്വസിപ്പിച്ച് ഓല വായിച്ചു നോക്കാതെ തുല്യം ചാർത്തി കൊടുത്തതാണോ എന്നറിയില്ല. ഏതായാലും നീട്ട് കയ്യിൽ കിട്ടിയ തോട്ടപ്പായി സമയം പാഴാക്കാതെ കൊച്ചിയിലേക്ക് തിരിയ്ക്കുകയും ചെയ്തു.

നമ്പൂതിരിമാരുടെ പെരുമാറ്റവും, അവരും ബാലരാമവർമ്മയുമായുള്ള അടുപ്പവുമൊന്നും കേശവദാസന് ഇഷ്ടപ്പെട്ടിരുന്നില്ല. അവരുടെ സാന്നിദ്ധ്യം അദ്ദേഹത്തിൽ ആശങ്കകൾ വളർത്തിയിരുന്നു. രാജ്യവും രാജകുടുംബവും ബാലരാമവർമ്മയുടെ കൈകളിൽ ഭദ്രമായിരിയ്ക്കുകയില്ലാ എന്ന് ധർമ്മരാജാവ് ഭയപ്പെട്ടിരുന്നത് കേശവദാസൻ ഒരിയ്ക്കലും വിസ്മരിച്ചിരുന്നില്ല. ഇതെല്ലാം കൂടി കണക്കിലെടുത്തപ്പോൾ, പരിചയ സമ്പന്നനായ ആ സചിവൻ നമ്പൂതിരിമാരുടെ നീക്കങ്ങളെ സദാ നിരീക്ഷിയ്ക്കുവാൻ വിശ്വസ്തന്മാരെ ഏർപ്പാടാക്കിയിരുന്നു. ഉതിയേരി നമ്പൂതിരിമാർ മഹാരാജാവിനെ കൊണ്ട് ഏതോ ഓലകളിൽ തുല്യം ചാർത്തിച്ചുവെന്നും, അവയും കൊണ്ട് തോട്ടപ്പായി നമ്പൂതിരി കൊച്ചിയിലേക്ക് പുറപ്പെട്ടിട്ടുണ്ടെന്നും അറിഞ്ഞപ്പോൾ

രാജാകേശവദാസൻ പരിഭ്രാന്തനായി. കാരണം, ബാലരാമവർമ്മ എന്താണ് ഒപ്പിട്ട് കൊടുത്തത് എന്ന് നിശ്ചയമില്ലല്ലോ. പിന്നെ, കേശവദാസനും ഒട്ടും താമസിച്ചില്ല. അശ്വാരൂഢനായി അദ്ദേഹം തോട്ടപ്പായിയെ പിന്തുടർന്നു. കൊല്ലം പരവൂരുള്ള ഊട്ടുപുരയിൽ വച്ച് നമ്പൂതിരിയെ കണ്ടെത്തി. പരിശോധനയിൽ നീട്ട് കണ്ടെടുക്കുകയും അത് അപ്പോൾ തന്നെ നശിപ്പിച്ചു കളയുകയും ചെയ്തു. രാജാ കേശവദാസന് മഹാരാജാവിനെ കാണുവാനോ, കാര്യങ്ങൾ പറഞ്ഞു മനസ്സിലാക്കിക്കുവാനോ ഉള്ള അവസരങ്ങൾ പോലും ലഭിച്ചില്ല. നമ്പൂതിരിമാർ അനുവദിച്ചില്ല എന്ന് പറയുകയായിരിക്കും കൂടുതൽ ശരി. അതേ സമയം കേശവദാസൻ രാജ നിഷേധിയാണെന്നും, രാജ്യദ്രോഹിയാണെന്നും മറ്റുമുള്ള ആരോപണങ്ങൾ നമ്പൂതിരിമാർ ബാലരാമവർമ്മയ്ക്ക് ഓതിക്കൊടുത്തുകൊണ്ടിയിരിക്കുകയും ചെയ്തിരുന്നു. ഫലമോ, മഹാരാജാവിനും കേശവദാസനോട് വിരോധമായി. ഈ അവസ്ഥയിലാണ് പല്ലക്കു പ്രശ്നം കൂടി ഉണ്ടായത്.

പല്ലക്ക് സംഭവം കഴിഞ്ഞു. രാജാകേശവദാസൻ ദിവാൻജി ഉദ്യോഗത്തിൽ നിന്നും നിഷ്കാസിതനായിട്ട് അല്പദിവസങ്ങളേ ആയിട്ടുള്ളൂ. അങ്ങിനെയിരിയ്ക്കുമ്പോൾ, കൊ.വ. 974, മേടം 8–ാം തീയതി, തിരുവനന്തപുരത്ത് കോട്ടയ്ക്കകത്ത് നേരം പുലർന്നപ്പോൾ ജനങ്ങൾ കണ്ടത്, സ്വന്തം കട്ടിലിൽ മരിച്ച് കിടക്കുന്ന രാജാകേശവദാസനേയാണ്. മരണ കാരണം അന്നും ഇന്നും കൃത്യമായി നിർണ്ണയിയ്ക്കുവാനായിട്ടില്ല. കേശവദാസന്റെ അടുക്കളക്കാരനെ സ്വാധീനിച്ച് നമ്പൂതിരിമാർ വിഷം കൊടുത്ത് കൊല്ലിച്ചതാണെന്ന് ഒരു പക്ഷം. അതല്ലാ, തന്റെ ആയുഷ്കാലം മുഴുവൻ രാജകുടുംബത്തേയും രാജ്യത്തേയും സേവിച്ച തനിയ്ക്ക് അവസാനം "വെലക്ക് നീട്ട്" ആണല്ലോ ലഭിച്ചതെന്ന മനോവേദന കാരണം ആത്മഹത്യ ചെയ്തതാണെന്ന് വേറൊരു പക്ഷം. പക്ഷെ, ബഹുഭൂരിപക്ഷം ജനങ്ങളും വിശ്വസിച്ചത്, നമ്പൂതിരിമാരുടെ ശത്രുധ്വംസന പ്രക്രിയയുടെ ഫലമായിട്ടാണ് രാജാകേശവദാസൻ മരിച്ചതെന്നാണ്. ഏതു പ്രതിസന്ധിയേയും നേരിടുവാനുള്ള തന്റേടവും ധൈര്യവുമുള്ള "വലിയ ദിവാൻജി" ഒരിയ്ക്കലും തല്ക്കൊല ചെയ്യുക്കയില്ലെന്നായിരുന്നു അവരുടെ വാദം. അതേ സമയം രാജാകേശവദാസൻ ജീവിച്ചിരുന്നാൽ, തീർച്ചയായും അദ്ദേഹം നമ്പൂതിരിമാർക്ക് ശക്തിയായ തിരിച്ചടി നൽകുകയും അവർക്ക് തിരുവിതാംകൂറിൽ നില്ക്കകള്ളിയില്ലാതാവുകയും ചെയ്യുമെന്ന് മനസ്സിലാക്കി അവർതന്നെ കൊല ചെയ്യിച്ചതാണെന്നും അവർ വാദിച്ചു. എ.ഡി. 1809, സെപ്റ്റംബർ 29–ാം തീയതി, ഇംഗ്ലീഷ് ഈസ്റ്റ് ഇന്ത്യാ കമ്പനിയുടെ 'കോർട്ട് ഓഫ് ഡയറക്ടേർസ്' അവരുടെ മദിരാശി സർക്കാരിലേക്ക് അയച്ച കത്തിലും, "ദിവംഗതനായ ദിവാൻ രാജാകേശവദാസൻ ജനങ്ങളുടെ ബഹുമാനം വളരെ ആർജിച്ചിരുന്നു. പക്ഷെ, ഉദ്യോഗത്തിൽ നിന്നും പിരിഞ്ഞു പോയിട്ടും, സമാധാനമായ ഒരു ജീവിതം നയിക്കാനായില്ല. വിഷമ മാണ് അദ്ദേഹത്തെ എടുത്തത് എന്ന് കരുതുവാൻ ശക്തമായ ലക്ഷ്യങ്ങളുണ്ട്". എന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്.

എന്തായാലും, തിരുവിതാംകൂർ രാജകുടുംബത്തേയും തിരുവിതാംകൂർ ചരിത്രത്തേയും സംബന്ധിച്ചിടത്തോളം രാജാകേശവദാസന്റെ അന്ത്യം എന്നും ഒരു ദുരന്തകഥയായിത്തന്നെ അവശേഷിയ്ക്കും. തിരുവിതാംകൂറിനെ ടിപ്പുവിൽ നിന്നും രക്ഷിച്ച മഹാനും ഇംഗ്ലീഷ് ഈസ്റ്റ് ഇന്ത്യാ കമ്പനിയുമായുള്ള നയതന്ത്ര ബന്ധങ്ങളിൽ കൂടി തിരുവിതാംകൂറിന്റെ ഭദ്രത സ്ഥിരപ്രതിഷ്ഠിതമാക്കിയ പ്രഗത്ഭനായ രാജ്യതന്ത്രജ്ഞനും തിരുവിതാംകൂറിന്റെ നാനാമുഖമായ പുരോഗതി കൈവരിച്ച ഭരണനിപുണനുമായ ഒരു വലിയ മനുഷ്യന് ഇത്തരത്തിൽ ഒരു മരണം സംഭവിച്ചത് ഖേദകരം തന്നെ. അതിലുമുപരി വേദനാജനകമായത് മരണാനന്തരം അദ്ദേഹത്തോട് കാട്ടിയ അനാദരവാണ്. "വെലക്ക് നീട്ട്" കൊടുത്ത് പുറത്താക്കിയ ഒരാളോട് ആദരവ് കാട്ടുവാൻ അന്നത്തെ ജനങ്ങൾക്ക് ഭയമായിരുന്നു. അതു കാരണം ശവസംസ്കാരത്തിനായി ജഡമെടുത്തപ്പോൾ, അനുഗമിയ്ക്കുവാൻ, അനുജനായ കുമാരൻ തമ്പിയും (അദ്ദേഹം അന്നത്തെ സേനാനായകനുമായിരുന്നു), അനന്തിരവനായ ഇരയിമ്മൻ തമ്പിയും, ചില ബന്ധുജനങ്ങളും മാത്രമേ ഉണ്ടായിരുന്നുള്ളൂ. യാതൊരു സംസ്ഥാന ബഹുമതികളും നൽകിയില്ല. ബാലരാമവർമ്മ മഹാരാജാവിന്റെ ചരിത്രത്തിലെ കറുത്ത താളുകളിലൊന്നായി ഈ ദുരന്തം അവശേഷിയ്ക്കും.

രാജാകേശവദാസന്റെ തിരോധാനത്തോടെ, നമ്പൂതിരിമാരുടെ സകല പ്രതിബന്ധങ്ങളും നീങ്ങിക്കിട്ടി. അദ്ദേഹം നിര്യാതനായതിന്റെ പന്ത്രണ്ടാം ദിവസമായ 974, മേടം 19–ാം തീയതി, ഉതിയേരി ജയന്തൻ ശങ്കരൻ നമ്പൂതിരിയെ വലിയ സർവ്വാധികാര്യക്കാർ (പ്രധാനമന്ത്രി) ആയി നിയമിക്കുന്ന നീട്ടിൽ ബാലരാമവർമ്മ തുല്യം ചാർത്തി. ചുമതല ഏല്ക്കുന്നതിന് മുൻപ് ജയന്തൻ ശങ്കരൻ നമ്പൂതിരി ശ്രീ പത്മനാഭസ്വാമി ക്ഷേത്രത്തിൽപ്പോയി, സ്വാമി ദർശനം നടത്തി, കാണിയ്ക്കയുമിട്ട്, പ്രസാദം വാങ്ങിയ കാര്യം മതിലകം രേഖകളിലുണ്ട്. ജയന്തൻ ശങ്കരൻ നമ്പൂതിരിയെ വലിയ സർവ്വാധികാര്യക്കാർ ആയി നിയമിച്ചതുകൊണ്ട് കാര്യം അവസാനിച്ചില്ല. നമ്പൂതിരിമാരുടെ ഏറ്റവും ഇളയ സഹോദരൻ ഉതിയേരി ജയന്തൻ സുബ്രഹ്മണ്യൻ നമ്പൂതിരിയെ, "വലിയ കൊട്ടാരം സർവ്വാധികാര്യക്കാരായി നിയമിച്ചു. കഴിഞ്ഞില്ല. നമ്പൂതിരിമാരുടെ അനുയായി ആയിരുന്ന തക്കലച്ചെട്ടി ശങ്കരനാരായണന് 'വലിയ മേലെഴുത്ത് കണക്ക് (ധനകാര്യം) നീട്ടു കൊടുത്തും എല്ലാറ്റിലുമുപരി, ബാലരാമവർമ്മയെ നിഴലുപോലെ പിന്തുടർന്നിരുന്ന ഉതിയേരി ജയന്തൻ ജയന്തൻ നമ്പൂതിരിയുടെ സമ്മതമോ, അറിവോ ഇല്ലാതെ, ഒരു കാര്യവും നടത്തിക്കൂടെന്നും ബാലരാമവർമ്മ ഒരു കല്പന പുറപ്പെടുവിക്കുകയും ചെയ്തു. അങ്ങിനെ 974, മേടം 19–ാം തീയതിയോടെ, ഉതിയേരി നമ്പൂതിരിമാർ, തിരുവിതാംകൂർ രാജ്യത്തേയും മഹാരാജാവിന്റെ വലിയ കൊട്ടാരത്തേയും, അവിട്ടം തിരുനാൾ ബാലരാമവർമ്മ മഹാരാജാവിനെത്തന്നെയും കീഴടക്കി.

*(തുടരും)*

## മനോഗതം

# ഉടഞ്ഞ പൂപ്പാത്രം



**ചന്ദ്രാവലി തമ്പുരാൻ**

‘ത്സ്ലും ലും......” പൂക്കൾ ഒരുക്കിവെയ്ക്കുകയായിരുന്ന പൂപ്പാത്രം-flower vase എന്റെ കൈയിൽ നിന്നും താഴെ വീണു. നിലത്ത് ചിന്നിച്ചിതറിക്കിടക്കുന്ന കുപ്പിക്കഷ്ണങ്ങൾ കണ്ട് എനിയ്ക്ക് കരച്ചിൽ വന്നു. “ഓ സാരമില്ല. വലിയ ഒരു നഷ്ടം വരാനുള്ളത് ഇങ്ങിനെ പോയി എന്നു സമാധാനിയ്ക്കു. ഇനി ഇതോർത്തു വിഷമിച്ചിട്ടെന്താ കാര്യം?” എന്റെ ഭർത്താവ് ആശ്വസിപ്പിയ്ക്കുവാൻ ശ്രമിച്ചു. തുടർന്ന് ഒഴുകിപ്പോയ പാലിനെ ഓർത്തുകരയരുതെന്ന ഇംഗ്ലീഷ് പഴമൊഴിയും പറഞ്ഞു.

“ഞ്ഹാ കണ്ണിൽക്കൊള്ളാനുള്ളത് പുരികത്തിലാക്കി ഈശ്വരൻ” ദുഃഖം കടിച്ചമർത്തിക്കൊണ്ട് മറ്റൊരു പഴഞ്ചൊല്ല് ഞാനും പറഞ്ഞു. അത്താഴത്തിന് ചില അതിഥികൾ വരുമെന്നതിനാൽ വേഗം കുപ്പിക്കഷ്ണങ്ങൾ പെറുക്കി സ്ഥലം വൃത്തിയാക്കി.

താമസിയാതെ അതിഥികൾ വന്നു. എല്ലാപേരും കൂടി വർത്തമാനം പറഞ്ഞ്, ഭക്ഷണം കഴിച്ച് ഉല്ലാസമായി ഇരിയ്ക്കുന്നതിനിടയിൽ പൂപ്പാത്രം ഉടഞ്ഞകാര്യം സംഭാഷണവിഷയമായെങ്കിലും അതിനെക്കുറിച്ച് ദുഃഖിച്ചിരിയ്ക്കുവാൻ മനസ്സോ, സമയമോ ഇല്ലായിരുന്നു.

അതിഥികൾ പോയിക്കഴിഞ്ഞ്, കാര്യങ്ങൾ സാധാരണഗതിയിലായപ്പോൾ എന്റെ മകൾ ചോദിച്ചു ‘‘വാസ് പൊട്ടിയത് അമ്മയ്ക്ക് വല്ലാണ്ടെ വിഷമമായി അല്ലെ?”

“പിന്നില്ല്യാതെ? എന്തൊരു ഭംഗീള്ളവ്വാസായിരുന്നു അത്! പഴേ ചൈനാവ്വാസ്! “ന്റെ മ്മൂമ്മ” നിയ്ക്കു തന്നതാ, ഈ വീട്ടിൽ വെയ്ക്കാൻ, ഒരു heirloom ആയിരുന്നു അത്!” എന്റെ വാക്കുകളിൽ ദുഃഖത്തിന്റെ നനവ്.

“സാരല്യാമ്മെ.” ന്തൊക്കെ പൊട്ടീര്ക്കുന്നു! കൊറച്ചു കഴിഞ്ഞാൽ നമ്മ്ളതൊക്കെ മറക്കും. പ്പൊത്തന്നെ അമ്മേടെ സങ്കടം കുറച്ചൊക്കെ കുറഞ്ഞില്ല്യെ? അമ്മയ്ക്ക് അമ്മോട് ദേഷ്യോം വെറുപ്പും ഒക്കെ തോന്നണ്ണ്ടോ?”

“ന്തൊരു ചോദ്യാ കുട്ടീ ഇത്?”

“അല്ലാ”, ന്നലെ ബീന ഒരു സാധാരണ കപ്പു പൊട്ടിച്ചപ്പ്ലയ്ക്കും അമ്മ എന്തു ബഹളാകൂട്ടീത്! അന്യന്റെ സാധനം പൊട്ട്യാൽ അവൾക്കെന്താ, അവളു ശ്രദ്ധിയ്ക്കാഞ്ഞിട്ടാ, ന്നൊക്കെപ്പറഞ്ഞില്ല്യെ? അപ്പൊത്തന്നെ അവളെ പറഞ്ഞയയ്ക്കണമെന്നു കൂടി പറഞ്ഞു. പിന്നെ അവളു പോയാൽ എല്ലാ ജോലീം തലേലാവൂലോ എന്നു കരുതി പറഞ്ഞയച്ചില്ലെന്നു മാത്രം. എന്തൊരു കലിതുള്ളലായിരുന്നു! ഇപ്പളും അവളോടുള്ള ദേഷ്യം തീർന്നോന്നു സംശയം, അല്ലെ? തന്നെ അബദ്ധം പറ്റിയാൽ ആരോട് ചാടിക്കടിയ്ക്കാനാ, അല്ലെ?”

അവൾ എന്നെ ദുഃഖിപ്പിയ്ക്കാനല്ല ഇത്രയും പറഞ്ഞതെന്ന് എനിയ്ക്കറിയാം. ബോധപൂർവ്വമല്ലാതെ ഒരു തത്ത്വോപദേശം നൽകുകയായിരുന്നു അവൾ. താരതമ്യേന വില കുറഞ്ഞ ഒരു നഷ്ടത്തിന്, സ്വന്തമായി വരുത്തിയ ഭാരിച്ച നഷ്ടത്തേക്കാൾ ഞാൻ കൂടുതൽ ക്ഷുഭിതയായി. എന്റെ നഷ്ടത്തിന് മറ്റൊരാളെ കാരണക്കാരിയായി കണ്ടപ്പോൾ അവളോട് ചെറിയതോതിൽ വെറുപ്പും കഠിനമായ ദേഷ്യവും വന്നു. സ്വയം വരുത്തിയ നഷ്ടത്തിൽ അപ്രകാരം പ്രതികൂല മനോഭാവം (negative feelings) ഇല്ല, ദുഃഖം മാത്രം.

മനോനിലയിലെ ഈ വ്യത്യാസത്തെക്കുറിച്ച് ഞാൻ ഗാഢമായി ചിന്തിച്ചു. ജീവിതത്തിൽ നമുക്കുണ്ടാകുന്ന കഷ്ടനഷ്ടങ്ങൾക്ക് മറ്റൊരാളാണ് ഉത്തരവാദിയെന്നു കരുതുന്നത് പലപ്പോഴും പല കലഹങ്ങൾക്കും, സ്പർദ്ധയ്ക്കും നിദാനമായിത്തീരുന്നു. നമുക്കു സംഭവിയ്ക്കുന്ന ദുരിതത്തിന് മറ്റൊരാൾ കാരണക്കാരനാണെന്ന് തോന്നുമ്പോൾ നാം അയാളുമായി കലഹിയ്ക്കുന്നു, അയാളെ വെറുക്കുന്നു. ഈ വിദ്വേഷം നമ്മിൽ ഉടലെടുക്കുന്നത് നമ്മുടെ മനഃസമാധാനത്തിനു മാത്രമല്ലാ ഹാനികരം; അത് മറ്റുള്ളവരിലേയ്ക്കും- കുടുംബം, സമുദായം തുടങ്ങിയ വിപുലമായ സമൂഹത്തിലേയ്ക്കും വ്യാപിയ്ക്കുന്നു എന്ന് സൂക്ഷ്മ നിരീക്ഷണത്തിൽ നിന്നും വ്യക്തമാണ്. പരീക്ഷയിൽ മാർക്ക് കുറയുക, മത്സരവേദിയിൽ പുറന്തള്ളപ്പെടുക, ഉദ്യോഗം നിഷേധിയ്ക്കപ്പെടുക, വിവാഹാലോചന അലസിപ്പിരിയുക, ചികിത്സ നിഷ്ഫലമാകുക, അപകടം സംഭവിയ്ക്കുക തുടങ്ങിയ നിരവധി ദുഃഖങ്ങളുടെ ഉത്തരവാദിത്തം നാം അന്യരിൽ ചുമത്തുമ്പോൾ, അവരോട് സ്വാഭാവികമായും വെറുപ്പും, വിദ്വേഷവും തോന്നും. എന്നാൽ അത് സ്വയം ഏറ്റെടുത്താലോ? കർമ്മഫലമെന്നോ യോഗമെന്നോ, കഴിവുകേടെന്നോ എന്തു പേരുവിളിച്ചാലും കൊള്ളാം. മറ്റുള്ള

# മൗനനൊമ്പരം

**അരുന്ധതി**

പുറത്ത് വരാന്തയിൽ, ഉദിച്ചുയർന്ന സൂര്യരശ്മികൾ തട്ടി വിടരുന്ന പൂക്കളെയും ഇളംകാറ്റിലാടുന്ന വള്ളികളേയും നോക്കി പ്രകൃതിയുടെ ഭംഗി കണ്ടിരിക്കുകയാണ് ഞാൻ. ഒരു വശത്ത് വാഴക്കൂട്ടങ്ങളും അപ്പുറത്തു മതിലിന്റെ അരികിൽ പഴുക്കാറായ മാങ്ങകൾ നിറഞ്ഞ മാവും അതിനിടയിൽ കൂടി ഓടിക്കയറുന്ന പൂവാലൻ അണ്ണാർക്കണ്ണന്മാരും. അവയുടെ ചിൽ ചിൽ ശബ്ദങ്ങളും കിളികളുടെ കൂജനങ്ങളും പ്രഭാതത്തിന്റെ അവർണ്ണനീയമായ കാഴ്ചകളാണ്. ഇതൊക്കെ എന്റെ മനസ്സിന് തെല്ലൊരാശ്വാസം തരുന്നു.

മനസ്സ് ചിന്തകളാൽ അസ്വസ്ഥമാകുമ്പോൾ അതിൽ നിന്നല്പം മോചനത്തിനായി ഞാൻ പ്രകൃതിയോടൊത്ത് കുറച്ചു സമയം ചെലവിടാറുണ്ട്.

ഓർമ്മകൾ എന്നെ പിറകിലേക്കു വലിച്ചുകൊണ്ടുപോവുകയാണ്. ഭൂതകാലത്തിലെ കയ്പും മധുരവും നിറഞ്ഞ എന്തെല്ലാം സംഭവങ്ങൾ. ഇപ്പോൾ വല്ലാത്ത നഷ്ടബോധം തോന്നുന്നു. ഈ ജീവിതം എത്ര ക്ഷണഭംഗുരമാണ്, ഒരു പളുങ്കുപാത്രം ഉടയുന്ന പോലെയല്ലേ അതിന്റെ നിലനില്പ്. അതു നാം പലപ്പോഴും ചിന്തിക്കാറില്ലെന്നുമാത്രം. കടുത്ത ജീവിതക്ലേശങ്ങളോ ഉറ്റവരെ നഷ്ടപ്പെടുമ്പോഴുള്ള വേദനയോ ഒക്കെ നമ്മെ ഇത്തരത്തിൽ ചിന്തിക്കാൻ ചിലപ്പോൾ പ്രേരിപ്പിച്ചേക്കാം. മനസ്സിന്റെ ചഞ്ചലത കൊണ്ട് പലതും ചിന്തിക്കയും അതിൽ നിന്ന് തെന്നിമാറി പെട്ടെന്നുതന്നെ യാഥാർത്ഥ്യത്തിലെത്തുകയും ചെയ്യും.

എങ്കിലും ക്ഷണികമായ ജീവിതത്തിന് വളരെ അർത്ഥവും വ്യാപ്തിയും ഉണ്ടെന്ന് ആഴത്തിൽ ചിന്തിച്ചാൽ മനസ്സിലാകും. ഈ ജീവിതം കൊണ്ട് നാം എന്തു നേടി എന്ന് പിന്നോട്ടു നോക്കുമ്പോഴാണല്ലോ മനസ്സിലാവുക. ഭൂതകാലത്തിലേ സംഭവങ്ങൾ വർത്തമാനകാലത്തിലും നമ്മെ കുറെയേറെ സ്വാധീനിക്കാറുണ്ടല്ലോ. എന്തിനിങ്ങനെ ചിന്തിക്കുന്നു എന്നു മനസ്സിനോടു ചോദിക്കുമ്പോഴും വ്യക്തമാകാത്ത ഉത്തരമാണ് മൗനം. നിറഞ്ഞ മൗനം. അതിൽ നിന്നുയരുന്ന വേദനയാണ് തൂലികയിൽ കൂടി വാക്കുകളായി പുറത്തുവരുന്നത്. അത് ചിലപ്പോൾ കഥാരൂപത്തിലോ കവിതയുടെ രൂപത്തിലോ ആയിപ്പോകും. അത്തരത്തിലൊരുദ്യമം മാത്രമാണിത്.

എന്റെയുള്ളിൽ ഘനീഭവിച്ചിരിക്കുന്ന ദുഃഖത്തിനും മൗനത്തിനും തെല്ലെങ്കിലും ശമനം, പ്രകൃതിയോടിഴുകിച്ചേർന്ന്, ഏകാന്തതയിൽ കുറച്ചു നേരം മനസ്സിനെ മേയാൻ വിടുമ്പോഴാണ്. നാം കർമ്മോന്മുഖരായിരുന്നാൽ ചിന്തകൾ നമ്മെ തെല്ലും അലട്ടുകയില്ല. എന്നാൽ നിഷ്ക്രിയത്വം വളരെ മുരടിപ്പിക്കുന്ന അവസ്ഥയാണ്. ജീവിതത്തിലെ വ്യർത്ഥത കൂടുതൽ അനുഭവപ്പെടുന്നത് അപ്പോഴാണ്.

ചിന്തകൾ ഇങ്ങനെ പലതരത്തിൽ കാടു കയറുമ്പോൾ അതിനെ നല്ല തലത്തിലേക്ക് തിരിച്ചുവിടാൻ എന്റെ തൂലികയ്ക്ക് കഴിയുമെന്നുള്ള പ്രത്യാശയിലാണ് പ്രഭാതത്തിലെ ഏകാന്തതയിലിരുന്ന് ഞാൻ ഈ വരികൾ കുത്തിക്കുറിക്കുന്നത്. ഉറഞ്ഞു ഘനീഭവിച്ച ദുഃഖസാന്ദ്രമായ മനസ്സിന് തെല്ലൊരാശ്വാസം ഇവിടെ കിട്ടുമെന്നു കരുതുന്നു. പേനത്തുമ്പിൽ നിന്നും അക്ഷരങ്ങൾ വാക്കായ് രൂപപ്പെടാനും അത് കടലാസ്സിലേക്ക് പകർത്താനും എന്റെ ശ്രമം തുടരുകയാണ്.

ജീവിതം അന്തമില്ലാതൊഴുകുന്ന നദിയാണ്. ഒഴുകിയൊഴുകി അത് ലക്ഷ്യത്തിലെത്താൻ വെമ്പൽ

വരിൽ കുറ്റാരോപണം നടത്താതിരുന്നാൽ പ്രതികൂലമായ മനോനിലയിൽ നിന്നും (negative feelings) നമുക്ക് ഏറെ മോചനം ലഭിയ്ക്കുന്നു. ഒന്നിനോടും പ്രതികരിയ്ക്കേണ്ടതില്ല എന്നല്ലാ ഇതിനർത്ഥം. പ്രതികരണം ദേഷ്യവും വെറുപ്പും, വിദ്വേഷവുമായി മനസ്സിനെ മഥിയ്ക്കുവാൻ അനുവദിയ്ക്കാതിരിക്കുക. ഉത്തരവാദിത്തം സ്വയം ഏറ്റെടുത്ത് പ്രശ്നപരിഹാരം കണ്ടെത്തുക. കഷ്ടനഷ്ടങ്ങളിൽ ദുഃഖം തോന്നുക സ്വാഭാവികം ആണ്; മറ്റൊരാളെ അതിന്നുത്തരവാദിയായി കാണുമ്പോൾ ദുഃഖത്തിന്നൊപ്പം, വെറുപ്പും വിദ്വേഷവും സംജാതമാകുന്നു. അത് അശാന്തിയ്ക്ക് കാരണമാകുന്നു. ദുഃഖം വ്യക്തിഗതമാണ്. താരതമ്യേന അല്പായുസ്സും. വെറുപ്പും വിദ്വേഷവും കൂടുതൽ ശക്തമാണ്. രൂഢമൂലമാണ് എന്ന് വിശകലനം ചെയ്താൽ വ്യക്തമാകും.

മനസ്സിനെ മറ്റൊരു ദിശയിൽ തിരിച്ചുവിട്ട്, വേറെ കാര്യങ്ങളിൽ വ്യാപൃതമാക്കുന്നത് ദുഃഖനിവൃത്തിയെ സഹായിയ്ക്കുമെന്നും ഞാൻ മനസ്സിലാക്കി. പൂപ്പാത്രം പൊട്ടിയ ദുഃഖം അതിഥി സൽക്കാരത്തിന്നിടയിൽ നേർത്തു പോയത് സ്വന്തം അനുഭവം.

നമ്മുടെ അശാന്തിയ്ക്ക് മറ്റൊരാളാണ് ഉത്തരവാദിയെന്നു തോന്നുമ്പോൾ, ആ ചിന്താഗതിയെ എറിഞ്ഞ് ദൂരെയാക്കുവാൻ ഈ ഉടഞ്ഞ പൂപ്പാത്രം സഹായകമാകുമോ? ●

## സമസ്യാപൂരണം

'തങ്കമേ സകല കന്മഷം പെരുകുമൂർവ്വിയിൽ കദനകാരണം'

വൃത്തം കുസുമമഞ്ജരി

ലക്ഷണം: രം നരം നര നരം നിരന്നു വരുമെങ്കിലോ കുസുമ മഞ്ജരി

*അവതാരകൻ*

*കെ. രാഘവവർമ്മ, അനന്തപുരം*

കൊള്ളുകയാണ്. ലക്ഷ്യം സമുദ്രത്തിൽ ചെന്നുചേരുകയെന്നുതു മാത്രം. കരകാണാതെ ഉഴലുന്ന എത്രയോ ജീവിതങ്ങൾ അവിടവിടെ പൊലിഞ്ഞുപോകുന്നു, ലക്ഷ്യത്തിലെത്താതെ. ജീവിതനൈരാശ്യം, മാറാരോഗങ്ങൾ, അപകടങ്ങൾ ഇവയൊക്കെ മനുഷ്യജീവനെ പൊടുന്നനെ ഇല്ലാതാക്കുന്നു. ഉറ്റവരുടെ വേർപാട്–അത് ജീവിതത്തിന്റെ സായാഹ്നവേളയിലെത്തിയവർക്ക് ഇണയും തുണയും നഷ്ടപെടുന്നത് – ഇതെല്ലാം വിധി വിഹിതം അലംഘനീയം എന്നു സമാധാനിക്കാനേ പറ്റൂ. എങ്കിലും വളരെക്കാലം ഒന്നിച്ചു സുഖദുഃഖങ്ങൾ പങ്കുവച്ചവർ അതിലൊരാൾ പിരിയുമ്പോഴുള്ള വിടവ്. ആ ദുഃഖം നികത്താൻ കാലത്തിനു മാത്രമേ കഴിയൂ. സമാനദുഃഖിതർക്ക് പരസ്പരം പറഞ്ഞാശ്വസിക്കാം. അങ്ങനെ ആശ്വാസത്തിനും മനസ്സിന്റെ നൊമ്പരം കുറയ്ക്കാനുമാണ് ഞാനിതൊക്കെ കുറിക്കുന്നത്. കുമാരനാശാന്റെ വരികളാണിത്തരുണത്തിൽ ഓർമ്മവരുന്നത്.

"കണ്ണീരിനാലവനിവാഴ്വു കിനാവുകഷ്ടം."

നിരാശയിലും ജീവിതത്തെ മുമ്പോട്ടു കൊണ്ടുപോകാൻ എന്റെ മുമ്പിലുള്ളത് എഴുതുക എന്നതാണ്. നമ്മുടെ ജീവിതം കൊണ്ട് അന്യന് എന്തെങ്കിലും ചെറിയൊരുപകാരം ചെയ്യാനായാൽ– അത് ചാരിതാർത്ഥ്യജനകമാണ്. അത്തരമൊരു മാനസികാവസ്ഥ ഉണ്ടായാൽ, അത് ദുഃഖശാന്തിയ്ക്കും സമാധാനത്തിനും വഴിതെളിക്കും. സമൂഹത്തിലെ താഴേത്തട്ടിലുള്ളവരെ ഉയർത്തുക. അതിനു സാമൂഹ്യസേവനം കൂടിയേതീരൂ. അതിന് എന്റെ തൂലിക പ്രചോദനമാകണേയെന്നു ഞാൻ പ്രത്യാശിക്കുന്നു. എന്നാലാവുംവിധം ചെറിയ സഹായം ചെയ്തുകൊണ്ടിരിക്കുന്നു. വിശക്കുന്നവന് ഒരു നേരത്തെ ഭക്ഷണം, അതിനുള്ള വക കൊടുത്താൽ അത്രയുമായി. വേദനിക്കുന്നവർക്ക് വാക്കുകൊണ്ടെങ്കിലും തെല്ലൊരാശ്വാസം. ഇതൊക്കെയല്ലേ നമുക്ക് ചെയ്യാവുന്ന എളിയ കാര്യങ്ങൾ. ✠

**കാവ്യാസ്വാദനം**

# മേൽപ്പത്തൂരിന്റെ അഷ്ടമി പ്രബന്ധത്തിന് അംബാദേവി തമ്പുരാട്ടിയുടെ പരിഭാഷ

**ഡോ. വി. എസ്. ശർമ്മ**


അഷ്ടമീപ്രബന്ധം.

(തർജ്ജിമ)

ഗ്രന്ഥകർത്രി

ചെമ്പ്രോൽ കൊട്ടാരത്തിൽ

സ്വാതിതിരുനാൾ തമ്പുരാട്ടി.

പ്രസാധകൻ

എ. സി. കേരളവർമ്മ കോയിത്തമ്പുരാൻ.

ഒന്നാംപതിപ്പ് കോപ്പി ൧൦൦൦.

വില അണ 8.

1109.

പോപ്പുലർ പ്രസ്സ്, കോട്ടയം.



ചെമ്പ്രോൽകൊട്ടാരത്തിൽ
ശ്രീമതി സ്വാതി തിരുനാൾ
അംബാദേവി തമ്പുരാട്ടി.

ആലിയക്കോട്ട് രാജകുടുംബം ടിപ്പുവിന്റെ പടയോട്ടക്കാലത്ത് തിരുവിതാംകൂറിൽ അഭയം തേടിയെത്തിയപ്പോൾ ചങ്ങനാശ്ശേരിയിൽ വാസമുറപ്പിക്കാൻ അന്നു രാജ്യം വാണ ധർമ്മരാജാവ് ശ്രീ കാർത്തിക തിരുനാൾ തിരുമനസ്സുകൊണ്ട് അനുവദിച്ചു. ഉമയമ്മറാണിയെ സഹായിച്ച കോട്ടയം കേരളവർമ്മരാജാവിന്റെ കുടുംബത്തിൽപ്പെട്ടവരായിരുന്നു ആഗതർ. ലക്ഷ്മീരാജ്ഞിയെ അനുസ്മരിച്ചാണ് ചങ്ങനാശ്ശേരിയിൽ 'ലക്ഷ്മീപുരം' എന്ന നാമാങ്കിതമായ ഭവനം പണിതത്. പരപ്പനാട്ടു രാജവംശം അന്യം നില്ക്കുന്ന മട്ടായപ്പോൾ ലക്ഷ്മീപുരത്തുനിന്നും ചിലരെ അവിടെക്ക് ദത്ത് എടുത്തു. ആ രാജവംശവും ഒന്നായി. ചങ്ങനാശ്ശേരി ലക്ഷ്മിപുരം കൊട്ടാരത്തിലെ മുതിർന്ന പുരുഷൻ 'പരപ്പനാട്ടു വലിയരാജ' എന്നാണ് അറിയപ്പെട്ടിരുന്നത്. ബ്രിട്ടീഷ് ഗവൺമെന്റിൽ നിന്നും ആ കുടുംബത്തിന് 'മാലീഖാന'യും അനുവദിച്ചിരുന്നു. ചങ്ങനാശ്ശേരിയിൽ അംഗങ്ങൾ കൂടുതലായപ്പോൾ അവിടെനിന്നു രണ്ടു ശാഖക്കാർ പിരിഞ്ഞുപോകുകയും ഹരിപ്പാട്ടു താമസമാക്കുകയും ചെയ്തു. അതിലൊന്ന് അനന്തപുരവും മറ്റത് ചെമ്പ്രോൽ മഠവും എന്നു പ്രശസ്തമായി. അനന്തപുരം കേരളവർമ്മ വലിയ കോയിത്തമ്പുരാൻ, എ.ആർ. രാജരാജവർമ്മ, ശൂരസിംഹാദികൃതികൾ രചിച്ച കാർത്തി തിരുനാൾ തമ്പുരാട്ടി, വൈദ്യൻ തമ്പുരാൻ തുടങ്ങി അനേകം ശ്രേഷ്ഠ വ്യക്തികളുമായി ആജന്മബന്ധം ഉള്ളതും ബഹുശാഖയുമായി നിലനിന്നു. ചെമ്പ്രോൽ മഠം ഹരിപ്പാട്ടു സുബ്രഹ്മണ്യസ്വാമി ക്ഷേത്രത്തിന് അല്പം വടക്കുകിഴക്കു മാറിയും അനന്തപുരം തെക്കുപടിഞ്ഞാറു മാറിയും സ്ഥിതിചെയ്യുന്നു. ഈ രണ്ടു കുടുംബങ്ങളും 1800 –1900 വർഷങ്ങൾക്കിടയ്ക്കായിരിക്കും അടിത്തറയുറച്ച് സാമ്പത്തികമായും സാംസ്കാരികമായും ഭദ്രസ്ഥിതിയിലെത്തിയത്. പില്ക്കാലത്ത് കളക്ടർ തമ്പുരാൻ എന്നു പ്രഖ്യാ

തനായ സി.കെ. കേരളവർമ്മയും മറ്റും ചെമ്പ്രോൽ മഠത്തിലെ സന്തതികളാണ്.

ചെമ്പ്രോൽ കൊട്ടാരത്തിൽ പാർത്തിരുന്ന ഒരു തമ്പുരാട്ടിയെ വരിച്ചത് കോട്ടയം നാട്ടകത്ത് എളങ്ങള്ളൂർ കൃഷ്ണൻ നമ്പൂതിരിയായിരുന്നു. ആ സൽദമ്പതികൾക്ക് ജനിച്ച പുത്രിയാണ് വിശിഷ്ട ഗുണനിധാനമായിരുന്ന ശ്രീ സ്വാതിതിരുനാൾ അംബാദേവി തമ്പുരാട്ടി. അവരുടെ ജീവിതകാലം കൊല്ലവർഷം 1065 മേടമാസത്തിലെ സ്വാതിനക്ഷത്രം മുതൽ 1103 മകരം 26-ാം തീയതി വരെയായിരുന്നു. നിലത്തെഴുത്തു കഴിഞ്ഞശേഷം ചേപ്പാട് രാമവാരിയരിൽ നിന്ന് എഞ്ചുവടി, വാക്യം, പരല്പേര്, അമരം, സിദ്ധരൂപം തുടങ്ങിയവ അഭ്യസിച്ചു. അനന്തരം നങ്ങ്യാർകുളങ്ങര കല്ലമ്പള്ളി ഇല്ലത്തെ വിഷ്ണുനമ്പൂതിരി രാമായണ ഭാരതാദികളും കാവ്യനാടകാദികളും അഭ്യസിപ്പിച്ചു. പഠിത്തത്തിൽ അതീവ ശ്രദ്ധാലുവായിരുന്ന തമ്പുരാട്ടി ചെറുപ്പത്തിൽ തന്നെ കവിതാവാസനയും ഭക്തിയും പ്രദർശിപ്പിച്ചു വന്നു. പല ഒറ്റ ശ്ലോകങ്ങളും ആ കാലത്തു രചിച്ചിരുന്നു. പതിനെട്ടാമത്തെ വയസ്സിൽ പട്ടാമ്പി അണ്ടലാടി ദിവാകരൻ നമ്പൂതിരിയുമായുള്ള വിവാഹം നടന്നു. ആ ദമ്പതികൾക്ക് നാലു പുത്രന്മാരും ഒരു പുത്രിയുമുണ്ടായി. സീമന്തപുത്രൻ സി.കെ. കേരളവർമ്മ ബി.എ.ബി.എൽ. ചങ്ങനാശ്ശേരി സെന്റ് മെർക്ക് മെൻസ് കോളേജിൽ അധ്യാപകനായിരുന്നു. തമ്പുരാട്ടിയുടെ സഹോദരൻ എ.സി. കേരളവർമ്മ കോയിത്തമ്പുരാൻ മുഖവുര എഴുതി വടക്കുംകൂർ രാജരാജവർമ്മയുടെ അവതാരികയും എ.ആറിന്റെ പുത്രി ഭാഗീരഥി അമ്മ തമ്പുരാന്റെ ജീവചരിത്രക്കുറിപ്പും സഹിതം അദ്ദേഹം തന്നെ (എ.സി. കേരളവർമ്മ) കോട്ടയം പോപ്പുലർ പ്രസ്സിൽ കൊ.വ. 1109ൽ 500 കോപ്പി അച്ചടിച്ചു പ്രസാധനം ചെയ്തു പ്രകാശിപ്പിച്ച ഗ്രന്ഥമാണ് മേല്പത്തൂർ നാരായണഭട്ടതിരിയുടെ പ്രശസ്തമായ അഷ്ടമി പ്രബന്ധത്തിന് അംബാദേവി തമ്പുരാട്ടി രചിച്ച പരിഭാഷ. 'ശ്രീഭൂതനാഥോദയം' എന്ന കൃതി തമ്പുരാട്ടിയുടെ ജീവിതകാലത്തു തന്നെ, എം.സി. കേരളവർമ്മ പ്രസാധനം ചെയ്തു. 37-ാം വയസ്സിൽ അകാല നിര്യാണം സംഭവിച്ച ശേഷമാണ് അഷ്ടമിപ്രബന്ധ പരിഭാഷ പ്രസാധനം ചെയ്തത്. ഭക്തി പരമായി രചിച്ച കൃതികളിലൊന്നായ പാർവതിസ്തവത്തിലെ ഒരു പദ്യം വടക്കുകൂർ അവതാരികയിൽ ഉദ്ധരിച്ചുകൊണ്ട് പറയുന്നു. "മലയാള ഭാഷയിലുള്ള ഗ്രന്ഥദൗർലഭ്യത്തെ പരിഹരിക്കുന്നതിനു യഥാശക്തി ശ്രമിക്കാൻ ശേഷിയും ഉത്സാഹവുമുണ്ടായിരുന്ന ഇവിടത്തെ അകാല ദേഹവിയോഗവും കൈരളിയുടെ ഭാഗ്യദോഷങ്ങളിൽ ഒന്നെന്നല്ലാതെ എന്തു പറയുന്നു.

*കനക നളിനസംസ്ഥേ! കാളി! കല്യാണി! ഭക്താ-*
*വനവിധികൃതദക്ഷേ! ദേവി! ദക്ഷാത്മജാതെ!*
*മനസി നഖശിഖാന്തം ത്വത്സ്വരൂപം വസിപ്പാൻ*
*മനസിജരിപുകാന്തെ! നിൻപദം കുമ്പിടുന്നേൻ"*

എന്തൊരു ഭക്തിരസമാണ് ഓരോ പദ്യത്തിലും നിറഞ്ഞിരിക്കുന്നത്! ഇങ്ങനെ സകല ദേവന്മാരേയും ദേവിമാരേയും ഭക്തിപൂർവം സ്തോത്രം ചെയ്തു പ്രസാദിപ്പിച്ചിതുകൊണ്ടായിരിക്കുമോ ഇത്ര ചെറുപ്പത്തിൽ തന്നെ അവിടേക്ക് ഭഗവൽ പാദാരവിന്ദങ്ങളോട്ഐക്യം ലഭിക്കാനിടയായത് എന്നുകൂടി തോന്നിപ്പോകുന്നു." 'ശ്രീഭൂതനാഥോദയ'ത്തിന് അവതാരിക എഴുതിയ സാഹിത്യ പഞ്ചാനനൻ പി. കെ. നാരായണപിള്ളയും ഗ്രന്ഥകാരിയെ വളരെ പ്രശംസിച്ചിട്ടുണ്ട്. ആ മാതിരി കൃതികളെയെല്ലാം തേടിപ്പിടിച്ചു പ്രകാശിപ്പിക്കാൻ സാധിച്ചാൽ വളരെ നല്ല കാര്യമായിരിക്കും. വടക്കുംകൂർ പറഞ്ഞതുപോലെ 'അസൂര്യം പശ്യ'യായ തമ്പുരാട്ടിയുടെ കൃതികളെപ്പറ്റി ഇന്ന് ആർക്കും അറിയില്ലല്ലോ. കൊട്ടാരങ്ങളിൽ ജീവിച്ച വിദ്വാന്മാരും വിദുഷികളുമായ ഗതകാല പ്രഗത്ഭരുടെ രചനകളെപ്പറ്റി സമഗ്രമായ ഒരു അന്വേഷണം നടത്തുകയും പരമാവധിയെണ്ണം തേടിപ്പിടിച്ച് പ്രദർശിപ്പിക്കുകയും മികച്ചതെല്ലാം പ്രസിദ്ധീകരിക്കുകയും ചെയ്യേണ്ടതാണ്. 'ശ്രീമന്നാരായണീയം' 'പ്രക്രിയാ സർവസ്വം തുടങ്ങി അനേകം വിഖ്യാതകൃതികൾ രചിച്ച് കേരളീയ സംസ്കൃത സാഹിത്യത്തെ സമ്പന്നമാക്കിയ മേല്പത്തൂർ നാരായണഭട്ടതിരിയുടെ പ്രബന്ധങ്ങൾക്കെല്ലാം വളരെ പ്രാധാന്യമുണ്ട്. മേല്പത്തൂർ അമ്പലപ്പുഴയിൽ താമസിച്ച് ദേവനാരായണ രാജാവിന്റെ സദസ്യനായി കഴിഞ്ഞപ്പോഴായിരിക്കണം വൈക്കത്ത് മഹാക്ഷേത്രം ദർശിച്ചതും വൈക്കത്തപ്പന്റെ അഷ്ടമി മഹോത്സവം കണ്ട് അനുഭവിച്ചതും. 'അഷ്ടമി പ്രബന്ധം' 'പ്രൗഢി', ഔജ്ജ്വല്യം, ഗാംഭീര്യം, അലങ്കാരപ്രവാഹം മുതലായ ഗുണങ്ങൾ കൊണ്ട് ഭട്ടതിരിയുടെ ഗദ്യങ്ങൾ പദ്യങ്ങളെ അതിശയിച്ചു നില്ക്കുന്നു" എന്നും ഭട്ടതിരിയുടെ പ്രബന്ധം പരിഭാഷപ്പെടുത്തുന്നതിന് വളരെ അവധാനതയും സൂക്ഷ്മതയും ആവശ്യമാണെന്നും ചൂണ്ടിക്കാട്ടിയിട്ട് വടക്കുംകൂർ പറയുന്നു. 'അവധാനപൂർവമായ സൂക്ഷ്മത തമ്പുരാട്ടിക്കു വേണ്ടതുപോലെ സിദ്ധിച്ചിട്ടുണ്ടെന്ന് ഈ പ്രബന്ധത്തിലുള്ള ഭാഷാഗദ്യങ്ങൾ തെളിയിക്കുന്നു.' ഇത് സമർത്ഥിക്കാൻ ഉദാഹരണങ്ങൾ പലതും ചൂണ്ടിക്കാട്ടാൻ വിസ്താരഭയം അനുവദിക്കുന്നില്ല. മേല്പത്തൂരിന്റെ പ്രബന്ധം ഉചിതമായി പരിഭാഷപ്പെടുത്താൻ യത്നിച്ച ഗ്രന്ഥകാരിയുടെ ഉദ്യമം ശ്ലാഘനീയമാണെന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ. ഇത് ഒരു അപൂർവ വിഭവമാണ്. ക്ഷത്രിയസമുദായത്തിൽപ്പെട്ടവർ ഇതുപോലെ എത്ര വിശിഷ്ടമായ സാഹിത്യപ്രവർത്തനങ്ങൾ നിർവഹിച്ചിട്ടുണ്ടായിരിക്കും! മൺമറഞ്ഞ എത്ര പ്രതിഭാശാലികൾ 'അസൂര്യം പശ്യ'രായി സാഹിത്യ ചരിത്രത്തിൽ ഇടം ലഭിച്ചോ ലഭിക്കാതെയോ പോയിരിക്കാം! ആരറിയുന്നു! ●

# മാവേലിക്കര സ്പെഷ്യൽ സ്ക്കൂൾ

(ആർ. ശശിധരവർമ്മ (മണ്ണൂർ മഠം കൊട്ടാരം, മാവേലിക്കര)
ശ്രീവത്സം, പാലിയംക്കര കിഴക്കെ കൊട്ടാരം – തിരുവല്ല)

മാവേലിക്കരയിൽ തമ്പുരാക്കന്മാർക്കും തമ്പുരാട്ടിമാർക്കും വേണ്ടി മാത്രം ഉണ്ടായിരുന്ന സ്പെഷ്യൽ സ്ക്കൂൾ ഇന്ന് പഴയ തലമുറയിലെ കുറച്ചു പേർക്കു മാത്രം മനസ്സിൽ മധുരിക്കുന്ന ഓർമ്മകൾ ഉണർത്തുന്ന ഒരു മഹാസരസ്വതി വിദ്യാലയം. മൈസൂറിലെ ഭരണാധികാരിയായിരുന്ന ടിപ്പു സുൽത്താന്റെ മലബാർ ആക്രമണകാലത്ത് മലബാറിൽ ഉണ്ടായിരുന്ന പല ക്ഷത്രിയ കുടുംബങ്ങളും തിരുവിതാംകൂറിൽ അഭയം പ്രാപിച്ചു. അവർ ആറന്മുള, പ്രായിക്കര, എണ്ണയ്ക്കാട്, ഹരിപ്പാട്, തിരുവല്ല, മാവേലിക്കര, ചങ്ങനാശ്ശേരി തുടങ്ങിയ സ്ഥലങ്ങളിൽ താമസമാക്കി.

ആ കാലത്ത് പ്രഭു കുടുംബങ്ങളിൽ ജനിച്ചവർക്ക് മറ്റുകുട്ടികളോടൊപ്പം പഠിക്കുവാൻ പാടില്ലായിരുന്നു. അന്നു സർക്കാർ കോളേജുകളിൽ തന്നെ മറ്റു വിദ്യാർത്ഥികളിൽ നിന്ന് വ്യത്യസ്തമായി പ്രത്യേക സ്ഥാനങ്ങളിലാണ് തമ്പുരാക്കന്മാർക്കുള്ള ഇരിപ്പടങ്ങൾ. അന്ന് തമ്പുരാക്കന്മാർക്കും തമ്പുരാട്ടിമാർക്കും പാരമ്പര്യക്രമത്തിലുള്ള പ്രാഥമിക വിദ്യാഭ്യാസമാണ് കിട്ടിയിരുന്നത്. അതും സംസ്കൃതത്തിലും മലയാളത്തിലും പ്രസിദ്ധരായ പണ്ഡിതവരേണ്യന്മാരെ കൊട്ടാരങ്ങളിൽ വരുത്തി താമസിപ്പിച്ചാണ് പഠിപ്പിച്ചിരുന്നത്. അന്നത്തെ വിദ്യാഭ്യാസം വ്യാകരണം, തർക്കം, വൈദ്യം, സംസ്കൃത സാഹിത്യം തുടങ്ങിയവയാണ്. ആധുനിക വിദ്യാഭ്യാസം കിട്ടിയവർ തുലോം കുറവ്. ആ വ്യവസ്ഥിതി ഒന്ന് മാറ്റി ക്ഷത്രിയ കുടുംബാംഗങ്ങൾക്ക് ആധുനിക വിദ്യാഭ്യാസം നൽകുവാൻ വേണ്ടി മാവേലിക്കരയിൽ സ്ഥാപിച്ച സരസ്വതി വിദ്യാലയമാണ് സ്പെഷ്യൽ സ്ക്കൂൾ.

1 മുതൽ Vവരെ പ്രൈമറിയും VI മുതൽ VIII വരെ മിഡിൽ സ്ക്കൂളും VIII മുതൽ X വരെ ഹൈ സ്ക്കൂളുമായിരുന്നു. പക്ഷെ 5–ാം ക്ലാസ്സു ജയിച്ചാൽ മിഡിൽ സ്ക്കൂളിൽ (I$^{st}$ ഫോറത്തിൽ) ആകുന്നതിനു മുൻപു പ്രിപ്പാറ്ററി എന്ന ഒരു ക്ലാസ്സിൽ കൂടെ പഠിക്കണം. അങ്ങനെ ആകെ പതിനൊന്നു ക്ലാസ്സുകൾ. പ്രൈമറി ക്ലാസ്സുകളിൽ ഫീസില്ലായിരുന്നു. മിഡിൽ സ്ക്കൂളിൽ ഫീസ്സായി മൂന്നു രൂപയും ഹൈ സ്ക്കൂളിൽ ആറു രൂപയും. സാമ്പത്തികമായി അന്നുപിന്നോക്കം നിന്നിരുന്ന ക്ഷത്രിയർക്കു അത്രയും തുക കൊടുത്ത് പഠിക്കുവാൻ നിവർത്തിയില്ലായിരുന്നു. അതുകൊണ്ട് പലർക്കും ആധുനിക (ഇംഗ്ലീഷ്) വിദ്യാഭ്യാസം നേടുവാൻ പറ്റിയിരുന്നില്ല.

മാവേലിക്കര വടക്കെകൊട്ടാരത്തിൽ മൂലംനാൾ എം. രാജരാജവർമ്മ കുഞ്ഞാരു തമ്പുരാന് ക്ഷത്രിയകുടുംബാംഗങ്ങൾക്ക് ആധുനിക വിദ്യാഭ്യാസം കിട്ടാതിരുന്നതിൽ വളരെ കുണ്ഠിതം ഉണ്ടായി. അത് അവർക്കു കിട്ടുന്നതിനുവേണ്ടി അദ്ദേഹം ആഗ്രഹിക്കുകയും അതിനുവേണ്ടി ഉള്ള പ്രയത്നം തുടങ്ങുകയും ചെയ്തു. ഇദ്ദേഹം ആണ് മാവേലിക്കര സ്പെഷ്യൽ സ്ക്കൂൾ സ്ഥാപകൻ. അന്ന് തിരുവിതാംകൂർ ഭരിച്ചിരുന്ന ആയില്യം തിരുനാൾ രാമവർമ്മ മഹാരാജാവിന്റെ മാതുലൻ ആയിരുന്നത് കാരണം കുഞ്ഞാരു തമ്പുരാന് മഹാരാജാവിൽ വളരെ സ്വാധീനം ഉണ്ടായിരുന്നു. ഒരു തവണ അദ്ദേഹം തിരുവനന്തപുരത്ത് പോയപ്പോൾ മഹാരാജാവിനെ കണ്ട് ഈ ശോചനീയാവസ്ഥ ധരിപ്പിക്കുകയും അവർക്കു വേണ്ടി ഒരു സ്ക്കൂൾ സ്ഥാപിക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തു. അദ്ദേഹത്തിന്റെ ആവശ്യപ്രകാരം മഹാരാജാവ് എ.ഡി. 1871 വിദ്യാഭ്യാസ വർഷം മുതൽ മാവേലിക്കരയിൽ ഒരു സ്ക്കൂൾ തുടങ്ങുവാൻ അനുവാദം കൊടുത്തു. മാവേലിക്കര ശ്രീകൃഷ്ണസ്വാമിക്ഷേത്രത്തിനു തെക്കുവശത്ത് മാവേലിക്കര കൊട്ടാരസമുച്ചയത്തിന് സമീപത്തായി സ്ക്കൂൾ തുടങ്ങുകയും ചെയ്തു.

അന്ന് സ്പെഷ്യൽ സ്ക്കൂളിൽ 1–ാം ക്ലാസ്സു മുതൽ 8–ാം ക്ലാസ്സു വരെ 9 ക്ലാസ്സുകൾ ആണ് ഉണ്ടായിരുന്നത്. 8–ാം ക്ലാസ്സു പാസ്സായാൽ ഉപരിപഠനത്തിന് തിരുവനന്തപുരത്ത് പോകണമായിരുന്നു. കാലാന്തരത്തിൽ ഗവൺമെന്റ് മാവേലിക്കരയിൽ ഒരു ഹൈസ്ക്കൂൾ സ്ഥാപിച്ചതിനാൽ മെട്രിക്കുലേഷൻ വരെ പഠനം തുടരുവാൻ സാധിച്ചിരുന്നു.

തിരുവല്ല, ഹരിപ്പാട്, ആറന്മുള തുടങ്ങി ദൂരെ സ്ഥലങ്ങളിൽ ഉള്ളവർക്ക് വന്നു പോയി പഠിക്കുവാൻ പറ്റുകയില്ലായിരുന്നു. എണ്ണയ്ക്കാട്ടും ഗ്രാമത്തിലും ഉള്ളവർ ബന്ധുജനങ്ങളുടെ കൂടെ താമസിച്ച് പഠിക്കുകയായിരുന്നു പതിവ്. ഇതിന് ഒരു പ്രതിവിധിയായി മാവേലിക്കരയിൽ ബോർഡിംങ്ങ് ഹൗസ് വേണമെന്ന് ശ്രീ രാജരാജവർമ്മ തീരുമാനിച്ചു. ആയില്യം തിരുനാൾ രാമവർമ്മ മഹാരാജാവ് നാടു നീങ്ങിയതിനുശേഷം ശ്രീ വിശാഖം തിരുനാൾ രാമവർമ്മ മഹാരാജാവായി. അദ്ദേഹത്തിൽ വേണ്ട സ്വാധീനം ചെലുത്തി ശ്രീ രാജരാജവർമ്മ മാവേലിക്കരക്കു വെളിയിലുള്ള കൊട്ടാരങ്ങളിലെ തമ്പുരാക്കന്മാർക്കുവേണ്ടി ഒരു ബോർഡിംങ്ങ് ഹൗസ് മാവേലിക്കരയിൽ സ്ഥാപിച്ചു. ആദ്യം അത് സ്ക്കൂളിനു പടിഞ്ഞാറ് ഒഴിഞ്ഞു കിടന്നിരുന്ന വട്ടപ്പറമ്പു കൊട്ടാരത്തിലും പിന്നീട് മാവേലിക്കര മണ്ണൂർമഠം കൊട്ടാരത്തിനു മുൻപിൽ കെട്ടിടം നിർമ്മിച്ചു

അവർക്കുള്ള താമസസൗകര്യങ്ങൾ ഏർപ്പെടുത്തി. ബോർഡിംങ് ഹൗസിന്റെ പേര് Sree Rajkumar's Boarding House എന്നായിരുന്നു. ദിവസവും മൂന്നു നേരം ഉണാണ് അവിടെ പതിവ്. രാവിലേയും ഉച്ചക്കും രാത്രിയും. ഉച്ചക്കലത്തെ ഊണിന് ഇടനേരം എന്നാണ് പറഞ്ഞിരുന്നത്.

രസകരമായ കഥ. അവിടെ താമസിച്ചിരുന്ന മിക്കപേർക്കും സ്വഭാവത്തിന്റെയൊ അതല്ലെങ്കിൽ വേഷത്തിന്റെയോ പേരിൽ ഒരു ഹാസ്യനാമവും ഇട്ടിരുന്നു. പാലിയക്കരകൊട്ടാരത്തിലെ തിരുവോണംനാൾ കേരളവർമ്മ തമ്പുരാന് ഭഗവാൻ എന്നായിരുന്നു പേര്. കണ്ണാടി ഏതു സമയവും വെക്കുന്നവർക്ക് പേരിനു മുൻപിൽ കണ്ണാടി എന്നുകൂടെ ചേർത്ത് വിളിക്കും. വലിയവണ്ണം ഉള്ള ആളെ പെട്ടി, എന്തിനും എതിരു പറയുന്ന ആളെ പ്രൊട്ടസ്റ്റ്, എന്നിങ്ങനെ തുടങ്ങി പല പേരുകളും ഇട്ടിരുന്നു. അന്തേവാസികളെ ഏതെങ്കിലും അദ്ധ്യാപകൻ വഴക്കു പറയുകയൊ ഉപദേശിക്കുകയൊ ചെയ്താൽ അന്നു ബോർഡിങ്ങ് ഹൗസിലെ ജോലിക്കാർക്ക് ആഹാരം ഉണ്ടാകുകയില്ല. കാരണം അന്തേവാസികൾ വാശിയോടെ എല്ലാം ഭക്ഷിച്ചു തീർക്കും.

ക്ഷത്രിയ കുടുംബാംഗങ്ങൾക്കു വേണ്ടി മാത്രം തുടങ്ങിയ സ്പെഷ്യൽ സ്ക്കൂളിൽ മാവേലിക്കര കൊട്ടാരത്തിലെ സ്ത്രീകൾക്കു മാത്രമെ പഠിക്കുവാൻ സാധിച്ചിരുന്നുള്ളൂ. കാരണം മറ്റു കൊട്ടാരങ്ങളിലെ സ്ത്രീകൾക്കു താമസിച്ചു പഠിക്കുവാൻ വേണ്ട സൗകര്യങ്ങൾ ഇല്ലായിരുന്നു. എന്നിരുന്നാലും ചിലർ അവരുടെ ബന്ധുജനങ്ങളുടെ കൂടെ താമസിച്ചു പഠിച്ചിരുന്നു. സ്പെഷ്യൽ സ്ക്കൂ ളിൽ നിന്നും മിഡിൽ സ്ക്കൂൾ ജയിച്ചു കഴിഞ്ഞാൽ അവർക്ക് ബോർഡിംങ്ങ് ഹൗസിൽ താമസിച്ച് മാവേലിക്കര ഗവൺമെന്റ് ഹൈസ്ക്കൂളിൽ മെട്രിക്കുലേഷൻ വരെ പഠിക്കുന്നതിനുള്ള സൗകര്യം ലഭ്യമായിരുന്നു.

സ്ക്കൂളിൽ ബ്രാഹ്മണരേയും ക്ഷത്രിയരേയും മാത്രമാണ് അദ്ധ്യാപകരായി നിയമിച്ചിരുന്നത്. ക്ഷത്രിയ അദ്ധ്യാപകർ കുറവാണെങ്കിലും ബ്രാഹ്മണർ കൂടുതലായിരുന്നു. ഇതിനു വ്യത്യസ്തമായി മാവേലിക്കര മണ്ണൂർമഠം കൊട്ടാരത്തിലെ വൈണീ കവിദ്വാൻ എം. ഉദയവർമ്മ രാജയുടെ മകളുടെ ഭർത്താവ് ശ്രീ. കൃഷ്ണപിള്ള അവിടെ അദ്ധ്യാപകനായിരുന്നു. അദ്ധ്യാപകരെ കൂടാതെ ഒരു പ്യൂണും ചുക്കുവെള്ളം കൊടുക്കാൻ ഒരു ബ്രാഹ്മണനും ഉണ്ടായിരുന്നു.

1950-51 വിദ്യാഭ്യാസവർഷം സ്ക്കൂൾ നിർത്തലാക്കുമ്പോൾ ആ സ്ക്കൂളിലെ ഒന്നാം ക്ലാസ്സു വിദ്യാർത്ഥി ആയിരുന്നു ഈ ലേഖകൻ. ഞങ്ങൾ നാലുപേർ മാത്രം ആ ക്ലാസ്സിൽ. അരിയന്നൂർ നാരായണൻ നമ്പൂതിരി സാർ ക്ലാസ്സ് ടീച്ചറും കരിപ്പുഴക്കാരൻ ശ്രീ. കുട്ടൻപിള്ള സാർ ഹെഡ്മാസ്റ്ററും. രണ്ടാം ക്ലാസ്സിലും നാലുപേർ മാത്രം.

മണ്ണൂർമഠം കൊട്ടാരത്തിലെ ശ്രീ.എം. രാജരാജവർമ്മ, എം.എ. ബി.എൽ, ഡോ. രോഹിണിനാൾ രാമവർമ്മ രാജ, ടെലിഫോൺ ഡയറക്ടർ ആയിരുന്ന വടക്കെ കൊട്ടാരത്തിലെ ശ്രീ. രാമവർമ്മ, ബ്രിഗേഡിയർ നന്ദകുമാരവർമ്മ, മാവേലിക്കര പ്രഭാകരവർമ്മ, മകയിരംനാൾ ഭഗീരഥി അമ്മ തമ്പുരാൻ മുതൽ പേർ അവിടെ പഠനം പൂർത്തിയാക്കിയവരിൽ ചിലർ മാത്രം. ●

# റീജന്റ് റാണി മാധ്യമ പുരസ്കാരവും വിദ്യാഭ്യാസ പുരസ്ക്കാരവും

തിരുവിതാംകൂറിന്റെ സമഗ്രമായ വികസനത്തിന് ശ്ലാഘനീയമായ നേതൃത്വം നൽകി ഏഴുവർഷം തിരുവിതാംകൂർ ഭരിച്ച മഹാറാണി സേതുലക്ഷ്മീഭായിയുടെ സ്മരണ നിലനിർത്തുന്നതിനായി തിരുവനന്തപുരം ക്ഷത്രിയക്ഷേമസഭയും മഹാറാണിയുടെ കുടുംബാംഗങ്ങളും സംയുക്തമായി ഏർപ്പെടുത്തിയിട്ടുള്ള മാധ്യമ- വിദ്യാഭ്യാസ പുരസ്ക്കാരങ്ങൾക്കുള്ള അപേക്ഷകൾ ക്ഷണിക്കുന്നു.

2008 ഏപ്രിൽ 1 മുതൽ 2009 മാർച്ച് 31വരെ കേരളത്തിലെ സമകാലിക പ്രശ്നങ്ങളെ അധികരിച്ച് പ്രസിദ്ധപ്പെടുത്തിയ ഏറ്റവും മികച്ച ലേഖനമോ ലേഖപരമ്പരയോ ആണ് മാധ്യമപുരസ്ക്കാരത്തിനായി ഈ വർഷം പരിഗണിക്കുന്നത്. 15,000/- രൂപയും പ്രശസ്തിപത്രവും ശില്പവുമാണ് പുരസ്ക്കാര ജേതാവിന് നൽകുക.

2008-2009 അധ്യയനവർഷത്തിൽ SSLC, CBSE, ICSE എന്നീ സ്കീമുകളിൽ നിന്ന് 10-ാം ക്ലാസ്സിൽ ഏറ്റവും ഉയർന്ന മാർക്കു നേടിയ ക്ഷത്രിയ വിദ്യാർത്ഥി/ വിദ്യാർത്ഥിനിക്കാണ് വിദ്യാഭ്യാസ അവാർഡ് നൽകുന്നത്. 15,000/- രൂപയും പ്രശസ്തി പത്രവുമാണ് പുരസ്ക്കാരജേതാവിനു നൽകുന്നത്.

മാധ്യമ അവാർഡിനുള്ള അപേക്ഷകൾ വെള്ളക്കടലാസിൽ തയ്യാറാക്കിയ ബയോഡാറ്റയോടൊപ്പം പരിഗണിക്കപ്പെടേണ്ട ലേഖനത്തിന്റെ മൂന്നു പ്രതികൾ പ്രസിദ്ധീകരണത്തിന്റെ തെളിവു സഹിതം സമർപ്പിക്കേണ്ടതാണ്. കവറിനുമുകളിൽ 'മാധ്യമ അവാർഡിനുള്ള അപേക്ഷ' എന്നു വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്.

വിദ്യാഭ്യാസ അവാർഡിന് ഒരു ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ മാർക്ക് ലിസ്റ്റിന്റെ പകർപ്പു സഹിതം വെള്ളക്കടലാസിൽ തയ്യാറാക്കിയ അപേക്ഷ സമർപ്പിക്കേണ്ടതാണ്. കവറിനു മുകളിൽ 'വിദ്യാഭ്യാസ അവാർഡിനുള്ള അപേക്ഷ' എന്നു വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്.

അപേക്ഷകൾ 2009 ഒക്ടോബർ 31നു മുമ്പ് കിട്ടത്തക്കവിധം സെക്രട്ടറി, തിരുവനന്തപുരം ക്ഷത്രിയ ക്ഷേമസഭ, സുന്ദരവിലാസം കൊട്ടാരം, കോട്ടയ്ക്കകം, തിരുവനന്തപുരം 695 023 എന്ന വിലാസത്തിൽ അയയ്ക്കേണ്ടതാണ്.

നൊസ്റ്റാൽജിയ

## എന്റെ ഗ്രാമം ~ 6

# കൂട്ടുകാരൻ

**കെ. ഹരികൃഷ്ണ വർമ്മ**

നാട്ടിൻപുറങ്ങളിൽ ബാല്യകാലങ്ങളിൽ ഉണ്ടാകുന്ന കൂട്ടുകെട്ടുകൾക്കു അതിരുകളോ മാർഗ്ഗരേഖകളോ ഉണ്ടാകാറില്ലായിരുന്നു. കൂട്ടുകാരുടെ ജാതിയോ കുടുംബമോ മാതാപിതാക്കളുടെ സമൂഹത്തിലുള്ള സ്ഥാനമോ ഒന്നും സാധാരണയായി പരിഗണിക്കാറില്ല.

എന്റെ ഒരു ബാല്യകാല സുഹൃത്ത് ആയിരുന്നു ജോസഫ്. എന്നേക്കാൾ രണ്ടുമൂന്നു വയസ്സ് അവനു കൂടുതൽ ഉണ്ടായിരുന്നു. കോവിലകം വക സ്ഥലത്തിന്റെ തെക്കേ അതിരിനടുത്തായിരുന്നു ജോസഫിന്റെ വീടെങ്കിലും അഞ്ചാം ക്ലാസ്സിലെത്തുന്നതുവരെ ഞങ്ങൾത്മിൽ വലിയ കൂട്ടൊന്നുമില്ലായിരുന്നു. ജോസഫിന്റെ അപ്പൻ വറിത് മാപ്പിളയെ ഞങ്ങൾ കുട്ടികൾക്കു ഭയമായിരുന്നു. കാരണം അദ്ദേഹത്തിന്റെ രൂപം തന്നെ അതിനൊരു നിമിത്തമായിരുന്നു. കറുത്തു കിളരം കുറഞ്ഞ ഉറച്ച ശരീരവും മേലൊക്കെ രോമവും കുറ്റിത്തലമുടിയും ഇറുകിയ ചുവന്ന കണ്ണുകളും വയറിനു താഴെ ഉടുക്കുന്ന ഇരുണ്ട നിറമുള്ള കള്ളിമുണ്ടും തോളത്തു കിടക്കുന്ന മുഷിഞ്ഞ തോർത്തും ഒക്കെയായി കൈകൾ രണ്ടും പിറകോട്ടു പിണച്ചുവെച്ചുകൊണ്ടു കുനിഞ്ഞു നടന്നു പോകുന്ന വറിയതു മാപ്പിള ഒരു സ്ഥിരം കാഴ്ചയായിരുന്നു. കോവിലകത്തെ വലിയ പാത്രക്കുളത്തിൽ പണ്ടു ചീങ്കണ്ണികൾ ധാരാളമായി ഉണ്ടായിരുന്നു എന്നും അവയുടെ കുഞ്ഞുങ്ങളെ വറിയതുമാപ്പിള തോർത്തു കൊണ്ടു പിടിച്ചു ചെമ്പിൽ വെള്ളം നിറച്ചു അതിലിട്ടു എല്ലാവരേയും കാണിക്കാറുണ്ടെന്നും അച്ഛനും അച്ഛമ്മയും പറയാറുണ്ടായിരുന്നു. വറിയതിന്റെ ഇളയ മകനാണ് ജോസഫ്. വറിയതു മാപ്പിളക്കും പെമ്പിളക്കും അവനോടു കൂടുതൽ വാത്സല്യം ആയിരുന്നു.

അഞ്ചാം ക്ലാസ്സിൽ ആദ്യവർഷം തോറ്റിരിക്കുമ്പോഴാണു ഞാൻ കണിച്ചുകുളങ്ങര സ്ക്കൂളിൽ അവന്റെ ക്ലാസ്സിൽ എത്തുന്നത്. അന്നുമുതൽ ഞങ്ങൾ ഒരുമിച്ചാണു സ്ക്കൂളിൽ പോക്കും തിരിച്ചുവരവും. അവന് എന്നെ വലിയ ഇഷ്ടവും വിശ്വാസവും ആയിരുന്നു എപ്പോഴും. ജോസഫിന്റെ മൂത്ത ജ്യേഷ്ഠൻ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ അക്കാലത്തെ ഒരു പ്രാദേശിക നേതാവായിരുന്നു. കമ്മ്യൂണിസത്തെ സംബന്ധിച്ച് പല വികലമായ ധാരണകളും അഞ്ചാം ക്ലാസ്സുകാരനായ ജോസഫിന്റെ മനസ്സിലും ഉണ്ടായിരുന്നു. ഞാൻ ഒരു ജന്മി ബൂർഷ്വ ആണെന്നും ആവനുൾപ്പെടെയുള്ള ജനകോടി സഖാക്കളും അധഃസ്ഥിതന്റെ ഉയിർത്തെഴുന്നേൽപ്പിനുവേണ്ടി മാത്രം നിലകൊള്ളുന്നവരാണെന്നും ജന്മി മുതലാളിമാരെ ഉന്മൂലനം ചെയ്തു തൊഴിലാളി വർഗ്ഗസർവാധിപത്യം നാട്ടിൽ വരാൻ സമയമായി എന്നും മറ്റും അവൻ വിശ്വസിച്ചിരുന്നു. അടിമത്തത്തിന്റെ ചങ്ങല ഇപ്പോൾ പൊട്ടുമത്രെ. ഇതൊക്കെ കേട്ടിട്ട് അവനേക്കാൾ ശുദ്ധനായ ഞാനും ഒരുപാടു മോഹിച്ചു.

നാട്ടിലേയും സ്ക്കൂളിലേയും കുട്ടികളുമായി അടിപിടി ഉണ്ടാക്കുന്നതിൽ ജോസഫ് പ്രത്യേക വൈദഗ്ധ്യവും പാടവവും കാട്ടിയിരുന്നു. ഒരു കമ്മ്യൂണിസ്റ്റ് ഒരു വഴക്കാളി കൂടി ആയിരിക്കണമെന്ന പ്രാദേശിക നീതി മാത്രമല്ല അതൊരു സഹജസ്വഭാവം കൂടി ആയിരുന്നു. വഴക്കുകളുടെ വഴികൾ എനിക്കു അപരിചിതം ആയിരുന്നെങ്കിലും എനിക്കുവേണ്ടിയും ജോസഫ് ഇടക്കൊക്കെ അങ്കം കുറിക്കുമായിരുന്നു. ജോസഫ് പത്താംക്ലാസ്സിലെത്തുന്നതിനു മുൻപു തന്നെ ഞാൻ ബിരുദ വിദ്യാഭ്യാസത്തിനു ചേർന്നിരുന്നു. പുതിയ കൂട്ടുകാർ പലരും വന്നുചേർന്നെങ്കിലും ജോസഫിനോടുള്ള സ്നേഹബന്ധം തുടർന്നുപോന്നു.

ഒരിക്കൽ വീട്ടിൽ നിന്നും പത്തു മൈൽ ദൂരെയുള്ള നാഗംകുളങ്ങര ക്ഷേത്രത്തിൽ ഞങ്ങൾ കഥകളിക്കു പോയി. ഞാനും എന്റെ ബന്ധുവായ ബാബുചേട്ടനും ജോസഫുമാണ് യാത്രികർ. ജോസഫിനു കഥകളി ഇഷ്ടമല്ലെന്നു പറഞ്ഞാൽ മാത്രം പോരാ പുരാണങ്ങളെപ്പറ്റിപ്പോലും യാതൊരു ഗ്രാഹ്യവും ഇല്ലാത്തയാളാണ്. രണ്ടു സൈക്കിളുകളിലാണ് മൂന്നുപേരുടെ യാത്ര. സൈ ക്കിൾ യാത്ര അത്രക്കു വശമില്ലാത്ത ജോസഫിനു റോഡുമുഴുവൻ കിട്ടിയാലും ഇടക്കൊക്കെ വീണു രസിക്കുന്നതൊരു ഹരമായിരുന്നു. അതുകൊണ്ട് ഒരു സൈക്കിൾ ജോസഫിനു തനിയേ കൊടുത്തിട്ടു മറ്റേ സൈക്കിളിൽ ലോഡായി ഞാനും ബാബുചേട്ടനും യാത്രയായി. പത്തുമൈൽ ചവുട്ടി അവിടെ എത്തിയപ്പോഴാണ് കഥകളി പിറ്റേന്നാണെന്നറിയുന്നത്. വേറെ വഴിയില്ലാത്തതിനാൽ തിരിച്ചുള്ള യാത്ര താമസിയാതെ ആരംഭിച്ചു. കുറച്ചു ദൂരം വന്നപ്പോഴെക്കും സൈക്കിൾ ചവിട്ടുന്നതിൽ ജോസഫിനെപ്പോലെതന്നെ സമർത്ഥനായ ഒരുവൻ എതിരെ വരികയും അനിവാര്യമായ കൂട്ടിയിടിയിൽ കലാശിക്കുകയും ചിണ്ടൻ നമ്പ്യാരും തച്ചോളി ഓതേനനും വര

മ്പത്തു വീണതുപോലെ നിരത്തിനെ സാഷ്ടാംഗം പ്രണിക്കുകയും ചെയ്തു. ചാടി എഴുന്നേറ്റ എന്റെ സ്നേഹിതൻ, ആ നാട്ടുകാരനും കൂടിയായ എതിരാളിയുമായി കൊമ്പു കോർക്കാനുള്ള തത്രപ്പാടിലായിരുന്നു അപ്പോൾ. ഞങ്ങൾ രണ്ടുപേരും സൈക്കിൾ നിറുത്തി ഓടിയെത്തി അപരിചിതരുടെ രീതിയിൽ അതിൽ ഇടപെട്ടു. രണ്ടുപേരും റോഡിൽ ഒരു പോലെയാണ് വീണതെങ്കിലും സൈക്കിളിനു അപകടം കൂടുതൽ ജോസഫിന്റെ (സൈക്കിളിന്റെ ഉടമ സ്ഥാവകാശം എനിക്കായിരുന്നു) തിനായിരുന്നു. അക്കാരണം പറഞ്ഞു അവിടെനിന്നും ഒരുവിധം വിടുതൽ ആക്കി, പിന്നീടു രക്ഷപ്പെടാനുള്ള ശ്രമമായി. ചക്രങ്ങൾ കറങ്ങാത്ത അവസ്ഥയിൽ സൈക്കിൾ തോള ത്തെടുത്തു വെച്ചു വേഗം നടന്നു കൊള്ളാൻ ജോസഫിനെ ഉപദേശി ച്ചു. കുറച്ചു ദൂരം വന്ന് ഒടിഞ്ഞ കമ്പി കൾ നേരെയാക്കി മഡ്ഗാർഡ് നിവർത്തി കയറിട്ടു കെട്ടി ഓടിക്കാ വുന്ന രീതിയിലാക്കി വീണ്ടും പലാ യനം ആരംഭിച്ചു.

ചേർത്തല ദേവീക്ഷേത്ര ത്തിനു വടക്കുവശത്തെത്തിയപ്പോൾ രണ്ടു ബീറ്റു പോലീസുകാർ പിടി കൂടി. പിന്നീട് സൈക്കിളും ഉന്തി അവരുടെ പിറകെയായി ഞങ്ങളുടെ നടപ്പ്. എനിക്കിതൊക്കെ ആദ്യമായ തുകൊണ്ടു വല്ലാതെ വിരണ്ടുപോയി രുന്നു. പേരും മേൽവിലാസവും ചോദിച്ചപ്പോൾ ഞാൻ കൃത്യമായി ത്തന്നെ പറഞ്ഞുകൊടുത്തു. ബാബു ചേട്ടനും അദ്ദേഹത്തിന്റെ ഒരു മാതു ലനും ഒരേ സ്ഥലത്ത് ആണ് താമ സിച്ചിരുന്നത്. മേൽവിലാസം ചോദി ച്ചപ്പോൾ പേരും വീട്ടുപേരും കൃത്യ മായി തന്നെ പറഞ്ഞു. അച്ഛന്റെ പേർ ചോദിച്ചപ്പോൾ മുത്തച്ഛന്റെ പേരാണു പറഞ്ഞത്. ഞാനപ്പോൾ ശ്രീനിവാ സന്റെ ചില സിനിമകളിലെ പോലെ വായ തുറന്നങ്ങനെ നിന്നു. ജോസ ഫിനോടു പേരും ചോദിച്ചപ്പോൾ കുട്ട പ്പൻ എന്നുത്തരം പറഞ്ഞു. വീട്ടുപേർ എന്തോ പറഞ്ഞു. അത് അവനു തന്നെ അറിയില്ലായിരുന്നു. അച്ഛന്റെ പേർ ദേവസ്സി എന്നും പറഞ്ഞു. വീണ്ടും പോലീസുകാരുടെ പിറകെ യാത്ര തുടർന്നു. സംഭാഷണത്തിനി ടയിൽ ജോസഫിനെ കുട്ടപ്പനെന്നും, ദേവസ്സിയെന്നും ഔസേപ്പെന്നും ഒക്കെ പോലീസുകാർ വിളിക്കും. ജോസഫ് എല്ലാറ്റിനും വിളി കേൾക്കും, കാരണം അവരോടു പറഞ്ഞ പേർ അവൻ നേരത്തേ മറന്നു പോയിരുന്നു. കുറെകഴിഞ്ഞ പ്പോൾ എന്റെ കയ്യിൽ നിന്നും ഒരു രൂപ വാങ്ങി അവൻ ഒരു പോലീസു കാരന്റെ കയ്യിൽ കൊടുത്തു. അതൊരു സംഘർഷാത്മകമായ അന്തരീക്ഷം സൃഷ്ടിച്ചു. ഒരുവിധ ത്തിൽ അവിടെനിന്നും രക്ഷപ്പെട്ടു വീട്ടിലെത്തിയപ്പോൾ രാത്രി രണ്ടു മണി. പിറ്റേന്നു സ്റ്റേഷനിൽ ചെന്നു അതേ പോലീസുകാരനു ഇരുപത്തി യഞ്ചു രൂപ കൊടുത്ത് കേസൊരു വിധം അവസാനിപ്പിച്ചു.

ജോസഫിനെകൂട്ടി കണിച്ചു കുളങ്ങരപാലത്തിന്മേൽ ഹിന്ദി സിനിമ ഷൂട്ടിങ്ങ് കാണാൻ പോയതും ഒരു തമാശ ആയിരുന്നു. അതിലും വളരെ വലിയ തമാശ ആയത് ജോസഫ് ആർ.എസ്. എസ്സിന്റെ ശാഖയിൽ പങ്കെടുക്കാൻ പോയതാ ണ്. പുറത്തുനിന്നുള്ള ഒരുവനായി രുന്നു മുഖ്യശിക്ഷകൻ. ഒരു ധ്വജ ത്തിനു മുൻപിൽ ആണു ശാഖ നട ത്തുന്നത്. ശാഖ എന്നാൽ കുറേ വ്യായാമങ്ങളാണ് ചെയ്യുന്നത്, ഏക ദേശം രണ്ടു മണിക്കൂർ നേരം. ഹിന്ദു ക്കളായ ഏതൊരുവനും ആ സമ യത്തു അവിടെ വന്നു പ്രണാം ചെയ്ത് അതിൽ പങ്കെടുക്കാം. ഞങ്ങൾ കുറച്ചുപേർ കാഴ്ചക്കാരായി അവിടെ ഉണ്ടാകും മിക്കവാറും. ഒരു ദിവസം ശാഖ നടക്കുമ്പോൾ ജോസഫ് അവിടെയെത്തി പ്രണാം ചെയ്തു വരിയിൽ കയറി നിന്നു. മുഖ്യശിക്ഷകനു കാര്യം പിടികിട്ടിയി ല്ല. പക്ഷെ നാട്ടുകാരനായ ഉപശിക്ഷ കൻ അപകടം മണത്തറിഞ്ഞു മുഖ്യ ശിക്ഷകന്റെ ചെവിയിൽ മന്ത്രിച്ചു. പിന്നെ ഒരു വലിയ ഞെട്ടലായിരുന്നു. ജോസഫിനെ മാറ്റിനിറുത്തി ഉപദേശ ങ്ങൾ തുടങ്ങി.

മുഖ്യശിക്ഷകൻ : ഇവിടെ ഹിന്ദു ക്കൾക്കു മാത്രമേ പ്രവേശനമുള്ളു.

ജോസഫ് : ഞാൻ ഹിന്ദു ആണ്

മുഖ്യ : അതിനു മതം മാറണം

ജോ: ഞാനിതാ മാറിക്കഴിഞ്ഞു

മുഖ്യ : പേരു മാറ്റണം

ജോ: പേരു നിങ്ങൾക്കു ഇഷ്ടമുള്ളത് ആക്കാം. ഞാൻ എന്തിനും തയ്യാ റാണ്

മുഖ്യശിക്ഷകൻ പരവശനായി. ഇതു കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ഗൂഢാലോചനയുടെ ഭാഗമാണെ ന്നാണ് ആ പാവം തെറ്റിധരിച്ചത്. ശാഖ നിർത്തിവെച്ചായി തുടർചർച്ചകൾ. രാത്രി ഒൻപതു മണിയോടെ ജോസ ഫിനെ മടക്കി അയയ്ക്കുന്നതിൽ അവർ വിജയം കണ്ടെത്തി. നാട്ടിൽ ചില അറിയപ്പെടുന്ന റൗഡികൾ അക്കാലത്തു ഉണ്ടായിരുന്നു. ഒരു ക്രിസ്തുമസിനു ഒരു ആടിനെ വെട്ടി വിൽക്കാൻ അവർ തീരുമാനിച്ചു. റൗഡികൾ എന്നു പറഞ്ഞത്, അവർ ക്ക് എന്തും ചെയ്യാനുള്ള മനക്കരുത്ത് ഉണ്ടെന്നു മനസ്സിലാക്കിക്കാനാണ്. വൈകിട്ടു തന്നെ ആടിനെ ഹാജരാ ക്കി. മനസ്സിനു ധൈര്യം കൊടുക്കുന്ന തിനു ഓരോരുത്തരായി കുറേശ്ശെ വീര ഭദ്രൻ സേവിച്ചുതുടങ്ങി. എത്രയായിട്ടും ആടിനെ വെട്ടാനുള്ള ധൈര്യം ഈ റൗഡികൾക്കു കിട്ടുന്നില്ല. ആടിനെ വെട്ടുന്ന വിവരം അറിഞ്ഞു കുറച്ചു മാംസം വാങ്ങാനായി ജോസഫ് ആ സമയത്തു അവിടെയെത്തി. അപ്പോ ഴാണ് സാഹചര്യം പിടികിട്ടിയത്. റൗഡികളുടെ കയ്യിൽ നിന്നും കത്തി വാങ്ങി ആടിനെ മുറിച്ചു കഷണങ്ങ ളാക്കി അവന് ആവശ്യമുള്ളത്ര എടുത്തു പണവും കൊടുത്തു തിരികെ പോകുമ്പോഴും സംഘാടകർ പകച്ചിരിക്കുകയായിരുന്നു.

കാലൊടിഞ്ഞ കോഴിയെ സർജറി നടത്തിയതും പെരുംപാമ്പി നെ പിടിച്ചതും കള്ളന്മാരോടു സ്വയം നീതി നടപ്പാക്കിയതും മറ്റും പിന്നെ ഒരുപാടു കഥകളും ഇനി ഒരിക്കൽ പറയാം. ●



# ദേവാസുരം

ഹൈമവതിവർമ്മ

അസ്തമനസൂര്യന്റെ ചെങ്കതിരുകൾ തുറന്നിട്ട വാതായനത്തിലൂടെ തെളിഞ്ഞും ഒളിഞ്ഞും കടന്നുവന്നു. ഒപ്പം കടലിനെയും കായലിനെയും തഴുകിയ കുളിർകാറ്റും.

ഞാൻ മുമ്പിലുള്ള മേശയുടെ എതിർഭാഗത്തിരുന്ന പെൺകുട്ടിയുടെ മുഖത്തേക്കു സൂക്ഷിച്ചു നോക്കി. കോളേജിലെ അദ്ധ്യാപക പോസ്റ്റിനുള്ള ഇന്റർവ്യൂവിന്റെ അവസാനഘട്ടമായി. രാവിലെ പത്തുമണിക്ക് തുടങ്ങിയതാണ്. ഇനി ഒരു candidate കൂടിയേ ഉള്ളൂ. ആ കുട്ടിയാണ് മുമ്പിലിരിക്കുന്നത്.

എവിടെയോ കണ്ടുമറന്ന മുഖം. ഓർമ്മ ശരിക്കും വരുന്നില്ല. അമ്പത്തെട്ടു വയസ്സായി. റിട്ടയർ ചെയ്യാൻ ഒരു ദിവസം കൂടിയേ ബാക്കിയുള്ളൂ. ഇത് അവസാനത്തെ ഇന്റർവ്യൂ ആണ്. പുതിയ കുട്ടികളുടെ അഡ്മിഷൻ കഴിഞ്ഞു. ഈ നിയമനം കൂടി കഴിഞ്ഞാൽ പിരിയുകയായി. സ്നേഹവും വാത്സല്യവും സന്തോഷവും ചില്ലറ പ്രശ്നങ്ങളും നിറഞ്ഞ ഒരു സ്വപ്നലോകം. മുപ്പത്തഞ്ചു വർഷങ്ങൾക്കുശേഷം അതിനോട് വിടപറയുകയാണ്.

മനസ്സിലെ ചിന്തകൾക്കു കടിഞ്ഞാണിട്ടു. അഞ്ചുമണിക്കുമുമ്പ് ഇന്റർവ്യൂ തീർക്കണം. എന്റെ സെക്രട്ടറി ഒഴികെ എല്ലാവരും പോയിക്കഴിഞ്ഞു.

കുട്ടി നിശ്ശബ്ദയായി എന്നെ നോക്കിയിരിക്കുകയാണ്. മുഖത്ത് ആകാംക്ഷയും പേടിയും നിഴലിക്കുന്നുണ്ട്.

‘‘പേര്?’’ ഞാൻ ചോദിച്ചു. “ലക്ഷ്മികൃപ.” Parents? “അമ്മ രാജലക്ഷ്മി. അച്ഛനെ കണ്ട ഓർമ്മ പോലുമില്ല. എൻജിനീയറായിരുന്നു.”

“നാട്?” കാസർകോഡ്. “പഠിച്ചത്?’’ ‘‘മദ്രാസ് പ്രസിഡൻസി കോളേജിൽ”

ഞാൻ കൈയ്യിലിരുന്ന സർട്ടിഫിക്കറ്റുകൾ മറിച്ചുനോക്കി. Brilliant Record. She is a mathematical wizard. പ്രസിഡൻസി കോളേജിലെ Head of the Department ന്റെ recommendation.

‘‘ഇവിടെ ജോലിക്കു വരാൻ കാരണം?”

ഒരുനിമിഷം കുട്ടി ഒന്നും പറഞ്ഞില്ല. പിന്നെ പെരുമഴ പോലെ വാക്കുകൾ ഉതിർന്നു. ‘ എന്റെ അമ്മ രണ്ടു വർഷം പഠിച്ചത് ഈ കോളേജിലാണ്. അമ്മയുടെ ജീവിതത്തിലെ ഏറ്റവും ഭാഗ്യവും നിർഭാഗ്യകരവുമായ ഏടുകൾ– പിന്നെ ഒന്നുകൂടി. അമ്മയെ ജീവനായി സ്നേഹിച്ചു വിശ്വസിച്ച കൂട്ടുകാരി– ഒടുവിൽ എന്റെ അമ്മ ചതിയിൽ പെടുത്തിയ ആ കൂട്ടുകാരിയുടെ ഓർമ്മ’.

ഞാൻ sudden break ഇട്ടതുപോലെ ഇന്റർവ്യൂ നിർത്തി.

‘ കുട്ടി പോയിട്ട് നാളെ വരൂ.’

അവൾ എഴുന്നേറ്റിട്ട് ചോദിച്ചു. ‘ മാഡം എനിക്ക് ഈ ജോലി പ്രതീക്ഷിക്കാമോ’

ഞാൻ മറുപടി ഒന്നും പറഞ്ഞില്ല. പ്രതീക്ഷിച്ചിട്ടില്ല എന്ന മട്ടിൽ അവൾ തിരിഞ്ഞുനടന്നു.

എന്റെ മനസ്സ് ഒന്നു പിടഞ്ഞു. വാതിൽ മൃദുവായി ചാരി നടന്നുമറയുന്ന ആ കുട്ടിയെ ഞാൻ വീണ്ടും നോക്കി. പാവം അവൾക്കറിയില്ല. അവൾ പറയുന്ന കഥയിലെ അമ്മയുടെ കൂട്ടുകാരി ഞാനാണെന്ന്.

അടുത്തുള്ള പാർക്കിൽ നിന്ന് അഞ്ചുമണിയുടെ സൈറൺ മുഴങ്ങി. ഞാൻ കസേരയുടെ പിന്നിലേക്ക് ചാരിയിരുന്നു. സൂര്യാസ്തമനമായി. ചൂടും വെളിച്ചവും കുറഞ്ഞു. സന്ധ്യയുടെ മൂടുപടത്തിൽ കടലും കായലും ആകാശത്തിന്റെ നീലിമയും എല്ലാം മാഞ്ഞതുപോലെ. എന്റെ മനസ്സ് പിറകോട്ടുപോകുകയാണ്.

പോസ്റ്റ് ഗ്രാഡുവേറ്റ് ഡിഗ്രിക്കു ചേരുവാനായി മദ്ധ്യകേരളത്തിലെ ഈ കോളേജിൽ ആദ്യം വന്ന ദിവ

സം. അച്ഛനുമൊരുമിച്ചാണ് ഇന്റർവ്യൂവിന് വന്നത്. കൂടുതലും ആൺകുട്ടികൾ. മൂന്നാലു പെൺകുട്ടികൾ മാത്രം. അതിലൊരു കുട്ടിയെ ഞാൻ പ്രത്യേകം ശ്രദ്ധിച്ചു. എന്റെ തൊട്ടടുത്ത കസേരയിൽ. പട്ടുപാവാടയും ധാവണിയുമാണ് വേഷം. പിന്നിയിട്ട മുടിയിൽ മുല്ലപ്പൂ. കൂടെ ആരുമില്ല.

'പേര്?' ഞാൻ ചോദിച്ചു. 'എവിടെ നിന്നുവരുന്നു?'

"രാജി. രാജലക്ഷ്മി അയ്യങ്കാർ– കാസർകോഡുനിന്ന്"

"ഞാൻ ഹരികൃപാവർമ്മ. തിരുവനന്തപുരത്തു നിന്നുവരുന്നു"

എന്നെ സ്വയം പരിചയപ്പെടുത്തി.

അഞ്ചുനിമിഷത്തെ സംസാരം. ഞങ്ങൾ മനസ്സിലാക്കി. ഒരേ ലക്ഷ്യം. ഒരേ സംസ്ക്കാരം. കേരളത്തിന്റെ തെക്കും വടക്കും നിന്നുവന്ന ഞങ്ങൾക്ക് രണ്ടുപേർക്കും മറ്റു യുവജനങ്ങളെപ്പോലെ മദ്ധ്യകേരളത്തിലുള്ള ഈ രാജകീയവിദ്യാലയത്തിൽ തന്നെ പഠിക്കണമെന്നുള്ള ഹരമായിരുന്നു.

അന്നുതുടങ്ങിയ സ്നേഹബന്ധം ഒരുവർഷം നീണ്ടുനിന്നു. അച്ഛനില്ലാത്ത അവൾക്ക് എന്റെ അച്ഛൻ സുഹൃത്തും വഴികാട്ടിയുമായി. ഒരേ ക്ലാസിൽ, ഒരേ ബഞ്ചിൽ, ഒരേ വിഷയം എടുത്ത് ഞങ്ങൾ പഠിച്ചു തുടങ്ങി. താമസവും ഒരേ ഹോസ്റ്റലിൽ. രാജി ബുദ്ധിമതിയാണെങ്കിലും പഠിക്കാൻ ബദ്ധപ്പെടാത്ത കൂട്ടത്തിലാണ്. ഞാൻ നേരെമറിച്ചും. എനിക്ക് പഠിത്തമല്ലാതെ വേറെ ഒന്നിലും താത്പര്യമില്ല. പണ്ട് ഒരു മാഡം എന്റെ ഓട്ടോഗ്രാഫിൽ എഴുതിയത് ഞാനോർ ത്തു. "പെൺകുട്ടികൾ പൂമ്പാറ്റകളാണ്. മറ്റുള്ളവർക്ക് സന്തോഷവും സൗരഭ്യവും കൊടുക്കുന്ന വർണ്ണശലഭങ്ങളാകണം നിങ്ങൾ." അതിനൊരു ഉദാഹരണമായിരുന്നു രാജി. അതുകൊണ്ടുതന്നെ അവൾ എനിക്ക് പ്രിയങ്കരിയായി. നന്നായി പാടും. ചെറുനാടകങ്ങളും ഗാനമേളകളും സംഘടിപ്പിക്കും. മാസ്മരമായ ഒരനുഭൂതിയായിരുന്നു അവളുടെ സാമീപ്യം.

ഓണാവധിക്ക് അവൾ തിരുവനന്തപുരത്തു വരും. ഇലയിട്ട ഓണസദ്യ അവൾ വളരെ ഇഷ്ടപ്പെട്ടു. അടുത്ത അവധിക്ക് ഞാൻ കാസർകോഡ് പോകും. എല്ലാ അവധിക്കാലവും ഒരുമിച്ച്. അവളുടെ അമ്മ ഉണ്ടാക്കുന്ന ആവിപറക്കുന്ന കോഫി, ടിഫിൻ എല്ലാം തമിഴ് ബ്രാഹ്മണ സ്റ്റൈലിൽ– പഠിത്തത്തിൽ ശരാശരി ആയിരുന്ന രാജി എന്റെ സഹവാസം കൊണ്ട് വളരെ ഉയർന്നു. എന്നെ കാണുമ്പോൾ ഞങ്ങളുടെ പ്രൊഫസർ ചോദിക്കുമായിരുന്നു "എങ്ങനെയുണ്ട് കൃപയുടെ സ്റ്റുഡന്റ്?" പരസ്യമായ രഹസ്യമായിരുന്നു അത്. അതുപോലെ അവളുടെ കൂട്ടുകെട്ട് പുസ്തകപ്പുഴുവായ എന്നിൽ ഉന്മേഷവും സാമൂഹ്യബോധവും വളർത്തി.

ഒരുവർഷം കഴിഞ്ഞു. രണ്ടാമത്തെ വർഷം final year ആണ്. ക്ലാസുകൾ തുടങ്ങി.

എപ്പോഴാണ് ബെന്നി സെബാസ്റ്റ്യൻ ഞങ്ങളുടെ ഇടയിലേക്ക് കടന്നുവന്നതെന്നറിയില്ല. ഓണാവധിക്കു മുമ്പാണെന്നു തോന്നുന്നു. ഒരേ ക്ലാസിലായിരുന്നുവെങ്കിലും കഴിഞ്ഞ കൊല്ലം ഞങ്ങൾ രണ്ടുപേരും അവളെ ശ്രദ്ധിച്ചിരുന്നില്ല. അമേരിക്കയിൽ നിന്നും വന്നിരിക്കയാണ്. അവിടത്തെ വളർച്ചയുടെ നല്ല തും ചീത്തയുമായ വശങ്ങൾ അവളിലുണ്ട്. വളരെ സ്മാർട്ട്. വളരെ frank. എല്ലാവരോടും സ്വാതന്ത്ര്യത്തോടുകൂടിയുള്ള സംസാരം, പെരുമാറ്റം. പക്ഷേ നമ്മുടെ രീതികളോട് അവൾക്ക് പുച്ഛം. കോളേജ് യൂണി ഫോം ധരിക്കുക, മാസ്റ്റർ ക്ലാസിൽ വരുമ്പോൾ എഴുന്നേൽക്കുക, ഇടയ്ക്കിടെ chewing gum വായിലിട്ട് ചവയ്ക്കുമ്പോൾ മറ്റുള്ളവരുടെ കൂർത്തനോട്ടം. ഇതൊക്കെ മനസ്സിലാക്കാൻ അവൾക്ക് പ്രയാസം– അങ്ങിനെയുള്ള ബെന്നിയാണ് ഞങ്ങളുടെ ഇടയിൽ– രാജിക്ക് എന്തുപറ്റിയെന്നറിയില്ല. ഹോസ്റ്റലിൽ നിന്ന് രാവിലെ പോകും. കോളേജിൽ മുഴുവൻ സമയവും ബെന്നിയോടൊപ്പം. എല്ലാ ക്ലാസിലും ഒരുമിച്ച് ഒരേ ബഞ്ചിൽ. ഇന്റർവെൽ സമയത്ത് ഐസ്ക്രീം പാർലർ, കോഫീഹൗസ് എല്ലായിടത്തും അവർ പോയി. ഞാൻ ഒറ്റപ്പെട്ടു.

ആ വർഷം എനിക്ക് പരീക്ഷ എഴുതാൻ പറ്റിയില്ല. ടൈഫോയ്ഡ് ആയി കിടപ്പിലായി. ബെന്നിക്കും രാജിക്കും എന്തുസംഭവിച്ചുവെന്നറിയില്ല. ഞാനൊഴികെ എല്ലാവരും പരീക്ഷ എഴുതി എന്നാണ് കേട്ടത്.

മൂന്നാലുമാസം കഴിഞ്ഞു. ഞാനും കുടുംബവും പഴനി, രാമേശ്വരം മുതലായ സ്ഥലങ്ങളിലേക്ക് ഒരു തീർത്ഥയാത്ര തുടങ്ങുന്ന ദിവസമാണ്. പെട്ടെന്ന് വീട്ടിലേക്ക് കയറിവന്നു. കോളേജിലെ പഴയ സേതുരാമയ്യർ മാസ്റ്റർ. ഞങ്ങളുടെ അസ്ട്രോണമി പ്രൊഫസർ. എനിക്ക് ഏറ്റവും പ്രിയപ്പെട്ട വിഷയം. ഏറ്റവും ബഹുമാനപ്പെട്ട മാസ്റ്റർ.

'കൃപയുമായി സംസാരിക്കണം' അച്ഛന്റെ അനുവാദത്തോടുകൂടി അദ്ദേഹം എന്നെ ഉപദേശിച്ചു. എല്ലാം ഓർമ്മയില്ല. ചിലതുമാത്രം. 'മറക്കുക, പൊറുക്കുക, ധൈര്യം കൈവിടാതെ മുന്നോട്ടുപോകുക'

മാസ്റ്ററുമായുള്ള കൂടിക്കാഴ്ച എന്റെ മനസ്സിന്റെ മാന്ത്രികച്ചെപ്പു തുറന്നു. അന്നുമുതൽ തുടങ്ങിയ കഠിനാദ്ധ്വാനം പരിണമിച്ചത് ആ വർഷത്തെ പോസ്റ്റ് ഗ്രാഡുവേറ്റ് പരീക്ഷയിൽ ഒന്നാംറാങ്കിൽ പാസ്സായ എന്റെ വിജയശ്രീയിലാണ്. പലസ്ഥലത്തും ജോലിയായി. ഒടുവിൽ ഒരു പൊൻതൂവൽപോലെ ഞാൻ പഠിച്ച ഈ രാജകീയകോളേജിൽ പ്രൊഫസർ, പിന്നെ പ്രിൻസിപ്പാളായുള്ള ഉയർച്ച.

അന്ന് എന്റെ ജീവിതത്തിൽ ആഘാതമേൽപ്പിച്ച കൂട്ടുകാരിയുടെ മകളാണ് ഇന്ന് ഉദ്യോഗാർത്ഥിയായി എന്റെ മുമ്പിൽ വന്നിരിക്കുന്നത്. മനസ്സിൽ ഉറങ്ങിക്കിടന്ന പകയും ദേഷ്യവും തലയുയർത്തി. അവളോട് പകരംവീട്ടാൻ ഈശ്വരൻ എനിക്കു തന്ന അവസരം. യോഗ്യതകൾ എല്ലാം ഉണ്ടെങ്കിലും അനുഭവപരിചയം ഇല്ല എന്ന ഒരൊറ്റ കാരണം കൊണ്ട് എനിക്ക് ഈ അപേക്ഷ തള്ളാം. എന്നോട് ചതി കാണിച്ച അമ്മയോടുള്ള പകപോക്ക് മകളോടാവട്ടെ.

നിഷ്കളങ്കയായ ആ പെൺകുട്ടിയുടെ പ്രതീക്ഷനിറഞ്ഞ കണ്ണുകൾ

എന്നെ വേട്ടയാടി. അവൾക്ക് ജീവിതം തുടങ്ങുകയാണ്. ആ പാവംകുട്ടിയോട് ഞാൻ എന്തിന് പകവീട്ടണം! എന്റെ മനസ്സിലെ ദേവാസുരയുദ്ധത്തിന് തിരശ്ശീല വീണു. ദേവൻ ജയിച്ചു. അസുരൻ തോറ്റു. എന്റെ മനസ്സ് ഉണർന്നു– തിരമാലകൾ ശാന്തമായി. ഞാൻ തിരിച്ച് കസേരയിൽ വന്നിരുന്നു. അവളുടെ അപേക്ഷയിൽ എഴുതി. 'ലക്ഷ്മികൃപ is appointed as the mathematics lecturer' ഞാൻ ഒപ്പിട്ടു. എന്റെ ഔദ്യോഗികജീവിതത്തിലെ അവസാനത്തെ ഒപ്പ്.

കഥ ഇവിടെ അവസാനിക്കുന്നില്ല. പിറ്റേദിവസം ലക്ഷ്മികൃപ വന്നു. നിയമനഓർഡർ കൈയ്യിൽകിട്ടിയപ്പോൾ അവൾ എഴുന്നേറ്റ് മേശയ്ക്ക് വലംവച്ച് എന്റെ മുമ്പിൽ വന്നു. "എന്റെ അമ്മ ചതിയിൽപ്പെടുത്തിയ കൂട്ടുകാരിയല്ലേ മാഡം. ഞാൻ വിചാരിച്ചു പകവീട്ടുമെന്ന്." ഞാനൊന്നു ഞെട്ടി. ' എങ്ങിനെ മനസ്സിലായി?' "ഈ കോളേജിലെ ഓരോമണ്ണും മരവും എനിക്കറിയാം. മാഡത്തിനേയും. അമ്മ നിധിപോലെ സൂക്ഷിച്ചിരുന്ന ഒരുഫോട്ടോ ഇപ്പോഴും എന്റെ പക്കലുണ്ട്. അവൾ ഫോട്ടോ എന്നെ കാണിച്ചു. ഞാനും രാജിയും കൂടി എടുത്ത ഒരേഒരു ഫോട്ടോ. അവൾ സൂക്ഷിച്ചുവച്ചിരിക്കുന്നു. 'അമ്മ?' എന്റെ ചോദ്യം. അവൾ ഉത്തരം നൽകി, അമ്മ മരിച്ചുപോയി. ആ ഒരുവർഷത്തിനു ശേഷം അമ്മയുടെ ജീവിതം നരകതുല്യമായി. ഒരുജോലികിട്ടിയില്ല. വിവാഹജീവിതം തകർന്നു. അച്ഛനും മുത്തച്ഛനും ആക്സിഡന്റിൽ മരിച്ചു. പിന്നെ എന്നെ മുത്തശ്ശിയെ ഏൽപ്പിച്ചിട്ട് അമ്മയും പോയി.

എന്റെ മനസ്സ് തേങ്ങി. നിസ്സാരമായ ഒരുബന്ധത്തിന്റെ പേരിൽ നൊമ്പരപ്പെട്ട എന്റെ മനസ്സിന്റെ ശാപമാണോ രാജിക്ക് ആ ദുർവിധി വരുത്തിയത്. എനിക്കറിയില്ല. പശ്ചാത്താപത്തിന്റെ നിറകണ്ണോടെ ഞാൻ അവളുടെ തലയിൽ കൈവെച്ച് അനുഗ്രഹിച്ചു. "കുട്ടിക്ക് നല്ലതുവരട്ടെ!"

ആ രാജകീയ കലാലയത്തോട് വിടപറഞ്ഞ് ഞാൻ പടിയിറങ്ങി.

●



ലഘുപാചകം

**ശാരദാവർമ്മ**

## ചീര – പൊടിയരി ഉപ്പുമാവ്

| | |
|---|---|
| പൊടിയരി | – $^{3}/_{4}$കപ്പ് |
| ചുവന്ന ചീരയില (അരിഞ്ഞത്) | – 1 കപ്പ് |
| തേങ്ങാ (ചിരവിയത്) | – $^{3}/_{4}$കപ്പ് |
| ഇഞ്ചി (ചെറുതായി നുറുക്കിയത്) | – ഒരു കഷണം |
| പച്ചമുളക് (വട്ടത്തിൽ അരിഞ്ഞത്) | – 2 |
| സവാള (ചെറുതായി അരിഞ്ഞത്) | – 1 (ചെറുത്) |
| കപ്പലണ്ടി | – 1 വലിയ സ്പൂൺ |
| ഉപ്പ് | – പാകത്തിന് |
| മുളക് | – 2 |
| കടുക് | – $^{1}/_{2}$ ടീസ്പൂൺ |
| ഉഴുന്നുപരിപ്പ് | – 1 ടേബിൾ സ്പൂൺ |
| കറിവേപ്പില | – ഒരു തണ്ട് |
| വെളിച്ചെണ്ണ | – 2 ടേബിൾ സ്പൂൺ |
| വെള്ളം | – ആവശ്യത്തിന് |

*തയ്യാറാക്കുന്ന വിധം*

പൊടിയരി ആവശ്യത്തിന് വെള്ളവും ഉപ്പും ചേർത്ത് വേവിക്കുക. ഒരു സ്പൂൺ എണ്ണ ഒഴിച്ച് ഇഞ്ചി, പച്ചമുളക്, സവാള കപ്പലണ്ടി, ചീരയില എന്നിവ വഴറ്റുക. ഇതിലേക്ക് പൊടിയരി വേവിച്ചതും ഇടുക. ബാക്കി വെളിച്ചെണ്ണയിൽ കടുക് വറുത്ത് ഉപ്പുമാവിൽ ഇട്ട് തേങ്ങയും, കറിവേപ്പിലയും ഇട്ട് ചെറുതീയിൽ രണ്ടു മിനിട്ട് അടച്ചു വയ്ക്കുക. മൂടി മാറ്റി നന്നായി ഇളക്കി ഉതിർത്തെടുത്ത് ചൂടോടെ കഴിക്കുക.

## മധുരപ്പുട്ട്

| | |
|---|---|
| വറുത്ത അരിപ്പൊടി | – ഒരു കപ്പ് |
| തേങ്ങാ (ചിരവിയത്) | – $^{3}/_{4}$ കപ്പ് |
| ശർക്കര പാനി | – 1 $^{1}/_{4}$ കപ്പ് |
| ഏലക്കാപ്പൊടി | – സ്വാദിന് |
| ജീരകപ്പൊടി | – ഒരു നുള്ള് |
| ചുക്കുപൊടി | – സ്വാദിന് |
| അണ്ടിപ്പരിപ്പ് | – $^{1}/_{4}$ കപ്പ് |
| (ചെറുതായി നുറുക്കിയത്) | – $^{1}/_{4}$ കപ്പ് |
| നെയ്യ് | – രണ്ട് ടേബിൾസ്പൂൺ |

*തയ്യാറാക്കുന്നവിധം*

അരിപ്പൊടി വെള്ളം തളിച്ച് നനച്ച് പുട്ടുണ്ടാക്കുക. തേങ്ങാ മിക്സിയിൽ ഒന്നടിച്ച് എടുക്കുക. അല്പം നെയ്യൊഴിച്ച് അണ്ടിപ്പരിപ്പ് മൂപ്പിച്ചെടുക്കുക ശർക്കരപ്പാനി തിളപ്പിച്ച് കുറുകുമ്പോൾ (പാവ് മുറുകരുത്) അതിലേക്ക് നെയ്യും, പുട്ടും മറ്റും ചേരുവകളും ഇട്ട് നന്നായി ഇളക്കി ഉതിർത്തെടുക്കുക.





# ഓണം- അന്നും ഇന്നും

**പി.കെ.ജയചന്ദ്രവർമ്മ**

ഓണം- ഇന്ന് കേരളത്തിന്റെ ആഘോഷം വെറും മാധ്യമങ്ങൾക്കും പരസ്യകമ്പനികൾക്കും മാത്രം ഒതുങ്ങിയിരിക്കുന്നു. ഈ ഫ്ളാറ്റ് യുഗത്തിൽ മലയാളികൾ ഓണം ആഘോഷിക്കുന്നുണ്ടോ എന്നു പോലും സംശയം ആണ്. ഒരു പക്ഷെ, മാധ്യമങ്ങളിലായാലും മറ്റും പരസ്യം കാണുമ്പോൾ മാത്രമാണ് "ഓണം ആയോ" എന്ന് ചോദിച്ചു പോകുന്നത്.

ഇതെല്ലാം പോകട്ടെ, നമ്മൾ ക്ഷത്രിയരുടെ ഓണാഘോഷം എവിടെ എത്തി നിൽക്കുന്നു? കേരളത്തിൽ അങ്ങോളമിങ്ങോളം (ഈ വാക്കു പറയാൻ ആയിട്ടില്ല) ക്ഷത്രിയ ക്ഷേമ സഭയുടെ ഓണാഘോഷം നടക്കുന്നുണ്ട് എന്നത് ഒരുപിടി സന്തോഷം തരുന്നു. എങ്കിലും ഇന്ന് ക്ഷത്രിയർ എത്രപേർ ഓണം സ്വന്തം വീട്ടിൽ ആഘോഷിക്കുന്നു? പണ്ട് കൂട്ടുകുടുംബം ആയിരുന്നപ്പോൾ മൂന്നു ദിവസം എവിടെ ആയിരുന്നാലും 'തറവാട്' എന്ന സ്ഥലത്ത് (തറവാട് എന്നുള്ളത് ഇപ്പോൾ അന്യം ആയിക്കൊണ്ടിരിക്കുന്നു. ഒരു ഭംഗിവാക്കിൽ മാത്രം ഒതുങ്ങിയിരിക്കുന്നു). ഒത്തുകൂടുന്നു. എല്ലാവരും പങ്ക് ചേർന്ന് ഒരു സദ്യവട്ടം ഒരുക്കുന്നു.

എന്റെ സ്ഥലം ഇരിങ്ങാലക്കുടയിലെ അവിട്ടത്തൂർ എന്ന ഗ്രാമമാണ്. അവിടെ നാലു കുടുംബങ്ങളുണ്ട്. ഞാൻ അച്ഛൻ ജോലി ചെയ്തിരുന്ന സ്ഥലമായ ആലുവയിലാണ് താമസിച്ചിരുന്നത്. ഓണത്തിന് ഒരാഴ്ച മുമ്പ് ഞങ്ങൾ അവിട്ടത്തൂരിലുള്ള തറവാട്ടിൽ എത്തിച്ചേരും. അന്ന് അച്ഛന്റെ അമ്മയുണ്ടായിരുന്ന കാലം. അമ്മൂമ്മയ്ക്ക് നിർബന്ധമായിരുന്നു, മക്കളും, മരുമക്കളും, പേരക്കുട്ടികളും ഓണത്തിന് അടുത്തുണ്ടാകണം എന്ന്. ഉത്രാടത്തിന് വല്ലച്ഛൻ വീട്ടിലും തിരുവോണത്തിന് തറവാട്ടിലും അവിട്ടത്തുന്നാൾ ചിറ്റമ്മ (അച്ഛന്റെ അനുജത്തി)യുടെ വീട്ടിലും ആയിരുന്നു ഓണസദ്യ ഒരുക്കിയിരുന്നത്. സദ്യവട്ടം തയ്യാറാക്കുന്നതിന് ഞങ്ങൾ കുട്ടികൾ വരെ തയ്യാറായിരുന്നു. ആ സമയത്ത് ഞങ്ങൾ പരസ്പരം കളിയും ചിരിയും, തമാശകൾ പറഞ്ഞും കുടുംബവിശേഷങ്ങൾ പങ്കുവച്ചും ആ മൂന്നു ദിവസം തിമിർത്താഘോഷിക്കും. തിരുവോണത്തുന്നാൾ അമ്മൂമ്മയാണ് തൃക്കാരപ്പന് പൂജയും പിന്നെ ഇലയടയും (പൂവട), പഴം നുറുക്ക് വേവിച്ചതും നിവേദിക്കുന്നത്. അതു കഴിഞ്ഞ് കരിക്ക് വെള്ളം കൊണ്ട് അഭിഷേകം ചെയ്യുമ്പോൾ ഞങ്ങൾ കുട്ടികൾ എല്ലാവരും ആർപ്പോ, ഇയ്യോ...... എന്നുറക്കെ പറയും. ആ ഗ്രാമത്തിൽ പല ഭാഗങ്ങളിൽ നിന്നും ഈ ആർപ്പ് വിളികൾ കേൾക്കാറുണ്ടായിരുന്നു. പിന്നെ ഓണക്കോടിയുടുത്ത് ഞങ്ങൾ കുട്ടികൾ എല്ലാവരും കൂടി അമ്പലത്തിൽ നിന്ന് തിരിച്ച് വന്ന്, അക്ഷമരായി കുമ്മാട്ടി വരുന്നുണ്ടോ എന്ന് വഴിക്കണ്ണുമായി നോക്കിയിരിക്കും. ഓണത്തിന് (തിരുവോണം മുതൽ) മൂന്നു ദിവസം ആ ഗ്രാമത്തിൽ കുമ്മാട്ടിക്കളി പതിവായിരുന്നു. കുമ്മാട്ടി വേഷം കെട്ടി ഓണപ്പാട്ടും പാടി കുറെ കുട്ടികൾ വീടുകൾ തോറും വരും. ദേഹത്ത് നിറയെ ഇലകൾ വച്ച് കെട്ടി. മുഖം മൂടി ധരിച്ച് കുമ്മാട്ടി ആടുന്നത് കാണുമ്പോൾ ഞങ്ങളും കൂടെ ആടാറുണ്ടായിരുന്നു. പിന്നീട് കുമ്മാട്ടിക്കും കൂട്ടർക്കും പഴം നുറുക്കും, ഉപ്പേരിയും അടയും മറ്റും നൽകി അവരെ യാത്രയാക്കും.

ഒരു ഓണത്തിന് ഞാനോർക്കുന്നു. വല്യമ്മ (അച്ഛന്റെ ഏട്ടത്തി) മകനെ അന്വേഷിച്ച് നടക്കുകയുണ്ടായി. അവൻ രാവിലെ പോയതാണ്, ഊണ് കഴിയ്ക്കാറായി, ഇതുവരെയും കണ്ടില്ല എന്ന് പറഞ്ഞ് അന്വേഷിച്ച് നടന്നു. ഞങ്ങളും ആ അന്വേഷണത്തിൽ പങ്കുകൊണ്ടു. ആ സമയത്താണ് കുമ്മാട്ടിയും കൂട്ടരും വരുന്നത്. എല്ലാവരും പരിഭ്രാന്തരായി നിൽക്കുന്നതു കണ്ട് കുമ്മാട്ടിക്കൂട്ടത്തിലൊരാൾ ഞങ്ങളോട് കാര്യമന്വേഷിച്ചു. ഞങ്ങൾ കാര്യം പറഞ്ഞപ്പോൾ അയാൾ ഊറിച്ചിരിച്ചുകൊണ്ട് കുമ്മാട്ടിയുടെ നേരെ കൈചൂണ്ടി. കാര്യം മനസ്സിലാക്കിയ ഞങ്ങൾ കുട്ടികൾ വായ്പൊത്തി ചിരിച്ചു. കാരണം കുമ്മാട്ടി കെട്ടിയ ആൾ അവനായിരുന്നു. വല്യമ്മ അറിഞ്ഞപ്പോൾ ഒരു വടിയുമായി കുമ്മാട്ടിയെ തല്ലാൻ ഓടിയതും അവൻ മുഖംമൂടി അടിച്ച് പിടിച്ച് ഓടിയതുമെല്ലാം ഇന്നും ഓർക്കുമ്പോൾ ചിരിവരുന്നു.

അപ്പോൾ, പറഞ്ഞുവന്നത്, അന്നത്തെ ഓണം അല്ല ഇന്ന്. ഇന്നത്തെ തലമുറയ്ക്ക് അതെല്ലാം ടി.വി മുതലായ മാധ്യമങ്ങളിലൂടെയും ബുക്കുകളിലൂടെയും മാത്രമാണ്. നമ്മൾ ക്ഷത്രിയർ ഒത്തൊരുമയോടെ നിന്നാൽ ആ സംസ്കാരം കളയാതെ മുന്നോട്ട് കൊണ്ടുപോകുവാൻ സാധിക്കും. കാരണം, ഇന്ന് മറ്റുള്ളവർ ഓണത്തിന് കേരളീയ രീതിയിൽ വസ്ത്രധാരണം ചെയ്യുമ്പോൾ നമ്മൾ ക്ഷത്രിയർ പാശ്ചാത്യ വസ്ത്രധാരണവും നോർത്ത് ഇന്ത്യൻ വസ്ത്രങ്ങളും ധരിച്ച് ഓണമാഘോഷിക്കുന്നത് ഒരു നാണക്കേടല്ലേ? ഇന്ന് കേരളത്തിലെ നാനാജാതി മതസ്ഥരായവർ ഓണം സദ്യയൊരുക്കി ആഘോഷിയ്ക്കുമ്പോൾ, ഒരു പക്ഷെ നമ്മൾ അതുകണ്ട് തല കുനിച്ച് നിൽക്കാനുള്ള ഇട വരരുത്. ക്ഷത്രിയക്ഷേമ സഭകൾ ഈവക കാര്യങ്ങൾ ഗൗരവമായി എടുത്ത് ഓണത്തിന്റെ കേരളീയത്തനിമ നഷ്ടപ്പെടാതിരിക്കാൻ ശ്രമിക്കുമെന്ന് പ്രത്യാശിക്കുന്നു. ●



# ബാലവേദി

## മൂന്നു കവിതകൾ

**കുട്ടി അനിയൻരാജ**



### തീപ്പെട്ടി

പെട്ടീ പെട്ടീ തീയല്ലോ
നിന്നുടെയുള്ളിൽ തീയല്ലോ
തീപ്പെട്ടി നീ തീപ്പെടുവിയ്ക്കാൻ
താക്കോൽ തിക്കി നിറയ്ക്കുള്ളിൽ
തിങ്ങിയ മോദാൽ നില്പതു കാൺകെ
നിന്നൈക്യം നൽ ഗംഭീരം താൻ
തീപ്പെട്ടീ നീ തീപ്പെട്ടാകിൽ
തീയില്ലല്ലോ പുകയല്ലോ.



### താക്കോൽ

സത്യം കാക്കുന്നോനുടെ കയ്യിൽ
താക്കോലേ നീ നില്ക്കുകയെന്നും
ദുഷ്ക്കാലത്താൽ കള്ളൻ കയ്യിൽ
താക്കോലേ നീ ചെന്നുപെടൊല്ലാ
കോടികൾ കെട്ടിപ്പൂട്ടിയിരിപ്പൊരു
പെട്ടിതുറക്കാൻ നീ താനേ ഗതി
താക്കോലേ നിൻകിലുകിലുശബ്ദം
സത്യത്തിന്റെ ചിലമ്പൊലിയല്ലോ




### വാച്ചിനോട്

നില്ക്കാതോടും വാച്ചേ
നിന്നോടൊന്നിതു ചൊല്ലട്ടെ
നില്ക്കാതിങ്ങിനെയോടിക്കൊണ്ടാൽ
കൈകാൽ കുഴയുകയില്ലേ? ദാഹം
വന്നിടുകില്ലേ? പശിയും വന്നിടുകില്ലേ? ഠിക്ക്
ഠിക്ക് ഠിക്ക് ഠിക്ക് ഠിക്കോയോടും വാച്ചേ
നീയൊരു കണിശക്കാരൻ

## വളരുന്ന പ്രതിഭകൾ



**ഗോകുൽനാഥ്**

Gama Abacus നാഷനൽ കോമ്പറ്റീഷനിൽ മൂന്നാം റാങ്കു ലഭിച്ച ഗോകുൽനാഥ്. തൃപ്പൂണിത്തുറ 'ശങ്കരാഭരണത്തിൽ അനിൽവർമ്മ (ബാങ്ക് ഉദ്യോഗസ്ഥൻ)യുടെയും നിഷവർമ്മ (ഗാ യിക) യുടെയും പുത്രനായ ഗോകുൽ ഭവാൻസ് തിരുവാങ്കുളത്ത് VIII--ാം സ്റ്റാൻഡേർഡ് വിദ്യാർത്ഥിയാണ്.



**അഭിജിത് മുരളീധരൻ**

അണ്ണാമല സർവ്വകലാശാലയിൽ നിന്നും 2009ൽ മൈക്രോബയോളജിയിൽ MSc (Integrated) 93.1 ശതമാനം മാർക്കോടെ പാസ്സായ അഭിജിത് മുരളീധരൻ, ഹരിപ്പാട്ട് അനന്തപുരം കൊട്ടാരത്തിൽ ജി. മുരളീധരന്റേയും കോട്ടയ്ക്കൽ കിഴക്കേ കോവിലകത്ത് കെ.സി. നളിനിയുടേയും മകനാണ്.



**ആഭ മുരളീധരൻ**

2009 മാർച്ച് CBSE പത്താം ക്ലാസ്സ് പരീക്ഷയിൽ 85.2 ശതമാനം മാർക്കോടെ പാസ്സായ ആഭ മുരളീധരൻ, ഹരിപ്പാട്ട് അനന്തപുരം കൊട്ടാരത്തിൽ ജി. മുരളീധരന്റേയും കോട്ടയ്ക്കൽ കിഴക്കേ കോവിലകത്ത് കെ.സി. നളിനിയുടേയും മകളാണ്. ഹൈദരാബാദ് മലയാളി സംഘടനയായ കേരള സൗഹൃദ കലാവേദിയുടെ പ്രോത്സാഹന സമ്മാനത്തിന് ആഭ അർഹയായി

# പുസ്തകജാലകം



കെ. എൽ. ശ്രീകൃഷ്ണദാസ്

## മൊഴിമുത്തുകൾ

**"മുഖപ്രസാദം" (ലേഖനങ്ങൾ)- ഡോ.എഴുമറ്റൂർ രാജരാജവർമ്മ- ഗ്രന്ഥകാരൻ-ആറ്റുകാൽ ഭഗവതി ക്ഷേത്രം ട്രസ്റ്റ്- പേജ്- 88 വില- 25 രൂപ.**




കവി, നിരൂപകൻ, പ്രഭാഷകൻ എന്നീ നിലകളിലൊക്കെ പ്രശസ്തനായ ഡോ. എഴുമറ്റൂർ രാജരാജവർമ്മയുടെ ഏറ്റവും പുതിയ ലേഖനസമാഹാരമാണ് "മുഖപ്രസാദം". ആറ്റുകാൽ ഭഗവതീക്ഷേത്രം ട്രസ്റ്റിന്റെ പ്രസിദ്ധീകരണമായ "അംബാപ്രസാദ"ത്തിന്റെ മുഖ്യ പത്രാധിപർ എന്ന നിലയിൽ അദ്ദേഹം എഴുതിയ മുഖലേഖനങ്ങളിൽ നിന്ന് തിരഞ്ഞെടുത്ത മുപ്പത്തിയാറ് ലേഖനങ്ങളാണ് ഈ ഗ്രന്ഥത്തിൽ സമാഹരിച്ചിരിയ്ക്കുന്നത്.

നമ്മുടെ പുരാണേതിഹാസങ്ങളുടെയും ആചാരാനുഷ്ഠാനങ്ങളുടെയും ആഴങ്ങളിൽ നിന്ന് പഠനവും മനനവും വഴി പകർന്നെടുത്ത അറിവിന്റെ തെളിനീരുറവയിലെ മൊഴിമുത്തുകളാണിവ. പ്രസിദ്ധീകൃതമായപ്പോൾ തന്നെ ഏറെ ജനപ്രീതിയാർജ്ജിച്ച ഈ ലേഖനങ്ങൾക്ക് ഗ്രന്ഥകർത്താവിന്റെ പ്രസാദാത്മകവും അയത്നലളിതവുമായ രചനാരീതി തിളക്കമേറുന്നു. "ആചാരവും വിശ്വാസവും", "ഭക്തിയും ഭാഷയും", "സുഖവും ദുഃഖവും", "പ്രതിഭയും പ്രസാദവും", "അധ്വാനവും ആരാധനയും " തുടങ്ങി എല്ലാതലക്കെട്ടുകൾക്കും നൽകിയിട്ടുള്ള ഇരട്ട പ്രയോഗങ്ങൾ ഈ ലേഖനങ്ങളുടെ ആന്തരികാർത്ഥത്തിൽ താളവും ലയവും പോലെ ഇണങ്ങിച്ചേർന്നിരിക്കുന്നു.

ആദ്ധ്യാത്മികതയെ മതജാതിഭേദങ്ങളുടെ സങ്കുചിതത്വത്തിനതീതമായി നോക്കിക്കാണുകയും ആധുനിക ഭൗതികസാഹചര്യങ്ങളുടെ പശ്ചാത്തലത്തിൽ വിശകലനം ചെയ്യുകയും ചെയ്യുന്ന ഈ വിശിഷ്ട ലേഖനങ്ങൾ നമ്മെ നന്മയിലേക്കു നയിക്കുന്നു. ശ്രീ. അക്കിത്തം അച്യുതൻ നമ്പൂതിരിയുടെ പ്രൗഢഗംഭീരമായ അവതാരിക ഈ ഗ്രന്ഥത്തിന് പ്രകാശവും പ്രസാദവും വർദ്ധിപ്പിക്കുന്നു. കവർപേജും അച്ചടിയും ആകർഷകമാക്കാൻ പ്രസാധകരായ ആറ്റുകാൽ ഭഗവതിക്ഷേത്രം ട്രസ്റ്റ് പ്രത്യേകം ശ്രദ്ധിച്ചിട്ടുണ്ട്.

ഭാരതീയ പൈതൃകത്തെയും സംസ്കൃതിയേയും സ്നേഹിക്കുന്ന ഏവരും ഈ ഉത്തമ ഗ്രന്ഥത്തെ സഹർഷം സ്വാഗതം ചെയ്യുമെന്നതിൽ സംശയമില്ല.

## ആക്ഷേപഹാസ്യത്തിന്റെ ആർജ്ജവം

**"മാറിയ മുഖഛായ"**




**(നർമ്മപരിഹാസലേഖനങ്ങൾ) ഓമല്ലൂർ രാജരാജവർമ്മ- എച്ച് & സി സ്റ്റോഴ്സ്, കുന്നംകുളം- പേജ് 80-വില 45 രൂപ.**

ചിരിയ്ക്കാനും ചിരിപ്പിയ്ക്കാനുമുള്ള മലയാളികളുടെ കഴിവ് സുപ്രസിദ്ധമാണല്ലോ. ലോകത്തിലെ ഏറ്റവും മികച്ച കാർട്ടൂണിസ്റ്റുകളിൽ പലരും മലയാളികളായിരുന്നു. സഞ്ജയന്റെയും ഇ.വി.കൃഷ്ണപിള്ളയുടെയും അനശ്വര പ്രബന്ധങ്ങൾ നിർമ്മലമായ നർമ്മത്തിന്റെ ഉത്തമനിദർശനങ്ങളായി നിലകൊള്ളുന്നു. എന്നാൽ കാലാന്തരത്തിൽ സാമൂഹ്യ ജീവിതത്തിന്റെ സമസ്തമേഖലകളിലും സംഭവിച്ച മൂല്യച്യുതി ഹാസ്യത്തിന്റെ മേഖലയിലും കടന്നുകയറിയോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു.തരംതാണ, അശ്ലീലാർത്ഥം ദ്യോതിപ്പിക്കുന്ന രചനകൾ 'ഹാസ്യം' എന്ന ലേബലൊട്ടിച്ച് സാഹിത്യരംഗത്ത് കടന്നുവരുന്നു. സീരിയലുകളിലും സിനിമകളിലും അറപ്പിക്കുന്ന കോമാളിത്തരങ്ങൾ 'നർമ്മം' എന്ന നാമവുമായി നമ്മെ കടന്നാക്രമിക്കുന്നു.

ഇത്തരുണത്തിൽ ഉത്തമഹാസ്യത്തിന്റെ ഊർജ്ജം പകരുന്ന ഒരു കൃതി വായിക്കാൻ ലഭിക്കുന്നത് അസുലഭവും ആഹ്ലാദകരവുമായ ഒരു അനുഭവമാണ്. ശ്രീ. ഓമല്ലൂർ രാജരാജവർമ്മ രചിച്ച ' മാറിയ മുഖഛായ' എന്ന പ്രബന്ധസമാഹാരം സർഗ്ഗപ്രതിഭയുടെ സൗന്ദര്യം നിറഞ്ഞുനിൽക്കുന്ന ഒരു ഉത്തമകൃതിയാണ്. കേരളത്തിലെ ജനജീവിതത്തിന്റെ വിവിധ മണ്ഡലങ്ങളിൽ അനുദിനം അരങ്ങേറിക്കൊണ്ടിരിക്കുന്ന അഴിമതിയുടെയും സ്വജനപക്ഷപാതത്തിന്റെയും ഗർഹണീയമായ മറ്റ് പല കുത്സിതവൃത്തികളുടെയും തെളിമയാർന്ന വാങ്മയചിത്രങ്ങളാണ് നമുക്ക് ഈ ഗ്രന്ഥത്തിലെ പതിനഞ്ച് പ്രബന്ധങ്ങളിലൂടെ ലഭിക്കുന്നത്.

" കഴിഞ്ഞ കാൽനൂറ്റാണ്ടുകൊണ്ട് നാടിന്റെ മുഖഛായ എത്ര കണ്ടുമാറിയിരിക്കുന്നു എന്നാലോചിക്കുമ്പോൾ സന്തോഷമാണോ സങ്കടമാണോ കൂടുതൽ എന്നുതീർച്ചയില്ല. അക്കാര്യം തീർച്ചയാക്കാൻ ഒരു വിദഗ്ധകമ്മീഷനെ നിയമിക്കേണ്ടിയിരി

ക്കുന്നു" എന്ന ആദ്യലേഖനത്തിലെ പ്രസ്തവന എത്രമാത്രം ആത്മാർത്ഥവും പ്രസക്തവുമാണെന്ന് ഈ നർമ്മ ലേഖനങ്ങൾ നമ്മെ സംശയാതീതമാംവിധം ബോദ്ധ്യപ്പെടുത്തുന്നു.

'പൊന്നു'കേരളത്തിലെ പൊന്നിൻകച്ചവടത്തെക്കുറിച്ചാണ് 'സുവർണ്ണകേരളം'എന്ന ലേഖനം വിവരിക്കുന്നത്. നമ്മുടെ വികലമായ വിദ്യാഭ്യാസത്തിന്റെ നേർക്കാഴ്ചയാണ് 'പരിഷ്ക്കരിച്ച പാഠ്യപദ്ധതി' എന്ന ലേഖനത്തിലൂടെ ലഭിക്കുന്നത്. "പേപ്പട്ടിശല്യം" എന്ന ലേഖനത്തിലൂടെ സ്വയംഭരണസ്ഥാപനങ്ങളിൽ അരങ്ങേറുന്ന അസംബന്ധനാടകങ്ങളിലേക്കാണ് ഗ്രന്ഥകർത്താവിന്റെ പരിഹാസശരങ്ങൾ പാഞ്ഞുചെല്ലുന്നത്. കാടിന്റെ ഭരണം 'കാടുകയറുന്നതു' കാണണമെങ്കിൽ 'അത്ഭുതവിദ്യ' എന്ന ലേഖനം വായിച്ചാൽ മതി. പൊതുമരാമത്ത് എങ്ങിനെ 'പൊതുമഹാപത്ത്' ആകുന്നുവെന്ന് 'കുഴിയെണ്ണൽ' എന്ന ലേഖനം നമുക്ക് കാണിച്ചുതരുന്നു. വിസ്താരഭയത്താൽ ഓരോ ലേഖനത്തെക്കുറിച്ചും എടുത്തുപറയുന്നില്ല. "അമ്പുകൊള്ളാത്തവരില്ല കുരുക്കളിൽ" എന്നു പറയുന്നതുപോലെ ശ്രീ. ഓമല്ലൂർ രാജരാജവർമ്മയുടെ നിശിതമായ പരിഹാസശരങ്ങൾ എല്ലാ മേഖലകളിലും ചെന്ന് കുറിയ്ക്കുകൊള്ളുന്നു.

നമ്മെ ചിരിപ്പിക്കുകയും ചിന്തിപ്പിക്കുകയും കേരളത്തിന്റെ ദുഃസ്ഥിതിയോർത്ത് കരയിക്കുകയും ചെയ്യുന്ന ഈ നർമ്മലേഖനങ്ങൾ ഉത്തമഹാസ്യത്തിന്റെ ഊർജ്ജമാണ് നമുക്കു പകർന്നു നൽകുന്നത്. ഓരോ തവണ വായിക്കുമ്പോഴും പുതിയപുതിയ അർത്ഥതലങ്ങൾ ദൃശ്യമാകുന്ന പദപ്രയോഗത്തിന്റെ മാസ്മരവിദ്യ എത്ര അനായാസമാണ് ഗ്രന്ഥകർത്താവ് ഈ ലേഖനങ്ങളിൽ പ്രയോഗിച്ചിരിക്കുന്നത്! നമ്മുടെ നാടിനെ സ്നേഹിക്കുന്ന നാട് നന്നാവണമെന്ന് ആത്മാർത്ഥമായി ആഗ്രഹിക്കുന്ന ഏവരും അവശ്യം വായിച്ചിരിക്കേണ്ട ഒരു ഉത്തമകൃതിയാണ് "മാറിയ മുഖഛായ".

## ശ്രീ. പി. കേരളവർമ്മ തിരുമുൽപ്പാടിന് നവതി മംഗളാശംസ

**പ്രൊഫ. കെ.കെ. ശങ്കരൻ നമ്പൂതിരി**
**അഖിലേന്ത്യാ ബ്രാഹ്മണഫെഡറേഷൻ, (AIBF) ജനറൽ സെക്രട്ടറി**

നവതിയെത്തിയ ധന്യൻ തിരുമുൽപ്പാടിനായ്
ഭാവുകാശംസകൾ നേരുന്നു സാദരം
ജീവിതത്തിന്റെ നാനാതുറകളിൽ
ദേവാനുരാഗം പരിലസിച്ചുള്ളവൻ
കേരളനാടിനും മലയാളഭാഷയ്ക്കും
ഭേരീപരത്തിയ കേരളവർമ്മയേ
ശിഷ്യരും പുത്രപൗത്രാദിബന്ധുക്കളും
സാക്ഷികളാക്കി ഞാൻ നേരുന്നു മംഗളം!

അദ്ധ്യാപകനായ് പ്രശോഭിച്ച പണ്ഡിതൻ
സാമൂഹ്യജീവിതം മാതൃകയാക്കിയോൻ
അർത്ഥവത്തായുള്ള ഗ്രന്ഥങ്ങളെന്നല്ല
സാഹിത്യരംഗത്തു കാവ്യങ്ങളും നല്ല
ഭാവനയുള്ള കഥകളും ചരിത്രവും
ഭാവികാലത്തിനായി രചിച്ചുവച്ചു
രാജകുലത്തിൽ ജനിച്ച മഹാരഥൻ
ബ്രഹ്മതേജസ്സിൽ വിരാജിച്ച പുരുഷൻ
കർമ്മരംഗങ്ങളിൽ ധീരനായെപ്പൊഴും
ധർമ്മം ചരിച്ചുവിജയിച്ച പുണ്യവാൻ

ഇപ്പോളെശസ്വിനി തങ്കമ്മ തമ്പുരാട്ടീം
ഒപ്പമായ് ദാമ്പത്യമാസ്വദിച്ചുഭവാൻ
സഞ്ചിതകർമ്മഫലമായുള്ളവരാം
അഞ്ചു സന്താനവല്ലരീം ജനിച്ചവർക്ക്

ശ്രീരാമചന്ദ്രൻ പിറന്നോരു പുണ്യമാം
പൂർണ്ണം പുണർതം നാളിതിൽ ജനിച്ചവർ
കേരളവർമ്മയ്ക്കഭിവാദ്യമർപ്പിച്ചും
ആദരവോടെ ഞാനോതുന്നു മംഗളം
പാണ്ഡിത്യഗർവ്വമൊരിക്കലും കാട്ടാത്തോൻ
പാണിനീതുല്യനാം തമ്പുരാൻ സാറിന്റെ
ആരും നമിക്കുന്ന സാന്ദ്രഭാവങ്ങളെ
സാരാത്മശുദ്ധിയോടാദരിച്ചീടുന്നു.

ഐശ്വര്യമോടെയുമാരോഗ്യമോടേയും
ആയുസ്സു മൊത്തവുമാസ്വദിച്ചീടുവാൻ
തൃക്കാരിയൂരപ്പനേകട്ടനുഗ്രഹം
നവതിയാഘോഷങ്ങളിന്നർത്ഥപൂർണ്ണം
ശാശ്വതമായ് പരിപക്വമായീടുവാൻ
ശ്രീപരമേശനിങ്ങേകട്ടനുഗ്രഹം
'ശതംജീവശരതോഭവ' യെന്നുള്ള
ആയുഷസൂക്തം ജപിച്ചുകൊണ്ടേയഹം
ഭാരതബ്രാഹ്മണസംഘത്തിൻപേരിലായ്
നേരുന്നു ഭാവുകം മംഗളാശംസകൾ

*നവതി ആഘോഷിച്ച ശ്രീ.പി. കേരളവർമ്മ തിരുമുല്പാടിന് ക്ഷാത്രസന്ദേശത്തിന്റെ ആശംസകൾ*

# വാർത്തകൾ - വിശേഷങ്ങൾ

## ക്ഷത്രിയക്ഷേമസഭാ സമ്മേളനം



*ക്ഷത്രിയക്ഷേമസഭാ സമ്മേളനം പൂയംതിരുനാൾ ഗൗരിപാർവ്വതിഭായി തമ്പുരാട്ടി ഉദ്ഘാടനം ചെയ്യുന്നു*

## മുന്നോക്ക സമുദായങ്ങൾക്ക് കൈമുതലായുള്ളത് ആഭിജാത്യം മാത്രം - പൂയം തിരുനാൾ ഗൗരിപാർവ്വതീഭായി തമ്പുരാട്ടി

വിദ്യാഭ്യാസത്തിനോ തൊഴിലിനോ മുൻഗണന ലഭിക്കാത്തവരാണ് ഇന്ന് മുന്നോക്ക സമുദായങ്ങൾ. പാരമ്പര്യം കാത്തു സൂക്ഷിക്കുകയെന്നതാണ് അവർക്കു ചെയ്യാൻ കഴിയുന്ന നല്ല കാര്യം. അതു വരുംതലമുറയ്ക്ക് പകർന്നു കൊടുക്കുകയും വേണം. ക്ഷത്രിയക്ഷേമസഭയുടെ ഇരുപത്തി എട്ടാമത് സംസ്ഥാന വാർഷിക പൊതുസമ്മേളനം ആഗസ്റ്റ് 16ന് പന്തളത്ത് ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു തമ്പുരാട്ടി. കൂട്ടുകുടുംബ വ്യവസ്ഥിതി നിലനിന്ന കാലത്തെ പല നല്ല കാര്യങ്ങളും തമ്പുരാട്ടി അനുസ്മരിച്ചു. ഇന്ന് നാലുകെട്ടുകളും തറവാടുകളുമൊക്കെ ആൾ താമസമില്ലാതെ ജീർണ്ണിച്ച് നശിച്ചുകൊണ്ടിരിക്കുന്നു. നമ്മുടെയിടയിലെ പ്രായമായവരെ പുനരധിവസിപ്പിക്കാൻ ആൾ താമസമില്ലാതെ കിടക്കുന്ന പഴയ നാലുകെട്ടുകളും തറവാടുകളും പ്രയോജനപ്പെടുത്തണമെന്ന് അവർ അഭിപ്രായപ്പെട്ടു. നാട്ടിൻപുറത്തെ ജീവിതരീതി വെടിഞ്ഞ് ഫ്ളാറ്റ് സംസ്കാരത്തിൽ കഴിയേണ്ടിവരുന്ന വൃദ്ധദമ്പതികൾക്ക് അതൊരു വലിയ ആശ്വാസമായിരിക്കും, അവർ കൂട്ടിച്ചേർത്തു. ബന്ധുക്കൾ തമ്മിൽ കാണുകയും ഇടപഴകുകയും ഇപ്പോൾ വളരെ വിരളമാണ്; കണ്ടാൽ തന്നെ പലർക്കും തിരിച്ചിയാൻ വയ്യാത്ത സ്ഥിതിയുമാണ്. ഇങ്ങിനെ വരുമ്പോഴാണ് കുടുംബസംഗമങ്ങളുടെ പ്രസക്തി വർദ്ധിച്ചു വരുന്നത്.



ക്ഷത്രിയക്ഷേമസഭ സംസ്ഥാന പ്രസിഡന്റ് കെ. സി. മാനവർമ്മരാജ സെക്രട്ടറി സുഭാഷ്കുമാർ വർമ്മ

സ്ത്രീകൾക്ക് ഹിന്ദുമതം നൽകിയിട്ടുള്ള പാവനതയും പ്രാധാന്യവും കൈവെടിയരുതെന്നും അവർ ഓർമ്മിപ്പിച്ചു.

പന്തളം വലിയതമ്പുരാൻ രേവതി നാൾ പി. രാമവർമ്മ രാജ ആധ്യക്ഷം വഹിച്ച യോഗത്തിൽ യോഗക്ഷേമസഭ സംസ്ഥാന പ്രസിഡന്റ് അക്കീരമൺ കാളിദാസ ഭട്ടതിരിപ്പാട്, ബ്രാഹ്മണസഭ സംസ്ഥാന സഭ പ്രസിഡന്റ്, പി. വെങ്കിട്ട രാമയ്യർ, ഗാഡ സാരസ്വത ബ്രാഹ്മണസഭ പ്രസിഡന്റ് അഡ്വ. മോഹൻദാസ് പൈ, പുഷ്പക സേവാസംഘം പ്രസിഡന്റ് ഡോ. പ്രദീപ് ജ്യോതി,



ക്ഷത്രിയക്ഷേമസഭയുടെ 27–9–2009ൽ തിരുവനന്തപുരത്തു ചേർന്ന സംസ്ഥാനഭരണ സമിതി സംയുക്ത യോഗത്തിൽ പുതിയ പ്രസിഡന്റിനും സെക്രട്ടറിക്കും രേഖകൾ കൈമാറുന്നു

വാര്യർ സമാജം സെക്രട്ടറി എൻ.വി. ദിനകരൻ, പന്തളംകൊട്ടാരം നിർവാഹകസംഘം പ്രസിഡന്റ് പി. രാമവർമ്മ രാജ എന്നിവർ സംസാരിച്ചു. പന്തളം ക്ഷത്രിയ സഭാപ്രസിഡന്റ് സുകുമാരവർമ്മ സ്വാഗതവും എൻ. ആർ. കേരളവർമ്മ നന്ദിയും പറഞ്ഞു.

### ക്ഷത്രിയക്ഷേമസഭയുടെ ഇരുപത്തിയെട്ടാമത് സംസ്ഥാന സമ്മേളനത്തിൽ (ആഗസ്റ്റ് 16, പന്തളം കൊട്ടാരം)പാസ്സാക്കിയ പ്രമേയങ്ങൾ

**പ്രമേയം–1**

ശബരിമല ധർമ്മശാസ്താക്ഷേത്രത്തിന്റെ ഭരണകാര്യങ്ങളിലും

ക്ഷേത്രത്തിലെ ഉത്സവം ഉൾപ്പെടെയുള്ള ചടങ്ങുകളിലും പന്തളം രാജകുടുംബത്തിന് അർഹമായ പ്രാധാന്യം നൽകുക.

**പ്രമേയം–2**

കേരളത്തിലെ ക്ഷത്രിയർക്കും മുൻനാടുവാഴികൾക്കും പൊളിറ്റിക്കൽ പെൻഷൻ, അടുത്തൂൺ, മാലിഖാന തുടങ്ങി വിവിധ പേരുകളിൽ നൽകുന്ന പെൻഷൻ കാലാനുസൃതമായി പുതുക്കുകയും കേരളത്തിലെ ഗവ.ജീവനക്കാർക്കു നൽകുന്ന മിനിമം പെൻഷനു തുല്യമായിട്ടെങ്കിലും നിജപ്പെടുത്തുകയും ചെയ്യുക.

**പ്രമേയം–3**

തിരുവിതാംകൂർ, കൊച്ചി, മലബാർ ദേവസ്വം ബോർഡുകളിൽ ക്ഷത്രിയസഭയ്ക്ക് പ്രാതിനിധ്യം നൽകുക.

**പ്രമേയം–4**

തിരുവിതാംകൂർ, റീജന്റ് മഹാറാണിസേതുലക്ഷ്മീഭായിയുടെ ഭരണപരിഷ്ക്കാരങ്ങളെപ്പറ്റിയുള്ള സ്മരണ നിലനിർത്തുന്നതിനുതകത്തക്കവണ്ണം വെള്ളായണി കാർഷിക കോളേജിന് റീജന്റ് മഹാറാണി സേതുലക്ഷ്മീഭായി സ്മാരക കോളേജ് എന്ന് നാമകരണം ചെയ്യുക.

## ഭരണസമിതി തിരഞ്ഞെടുപ്പ്

അടുത്ത രണ്ടു വർഷത്തേക്കുള്ള സഭയുടെ പുതിയ ഭാരവാഹികളുടെ തിരഞ്ഞെടുപ്പ് നടന്നു. ശ്രീ. ആർ. രാമവർമ്മ (തിരുവനന്തപുരം) റിട്ടേണിംഗ് ഓഫീസറായി നടന്ന തെരഞ്ഞെടുപ്പിൽ ശ്രീ. കെ.സി. മാനവർമ്മരാജ (നീലേശ്വരം) സഭയുടെ പുതിയ പ്രസിഡന്റായും സർവശ്രീ പി.ജി. ശശികുമാർ വർമ്മ (തിരുവനന്തപുരം) ശ്രീചന്ദ്രവർമ്മ (കോഴിക്കോട്) എന്നിവർ വൈസ് പ്രസിഡന്റുമാരായും ശ്രീ. പി. സുഭാഷ്കുമാർ വർമ്മ (തിരുവനന്തുരം) സെക്രട്ടറിയായും, ശ്രീ. മനോജ് വർമ്മ (തൃശൂർ) ജോ. സെക്രട്ടറിയായും, ശ്രീ. ആർ. രാജരാജവർമ്മ (തിരുവനന്തപുരം) ട്രഷററായും സർവശ്രീ ടി.എം. ശ്രീകുമാർ (കരിവെള്ളൂർ), ആർ. ശശിധരവർമ്മ (തിരുവല്ല) ടി.സുകുമാര വർമ്മ (പന്തളം) എന്നിവർ ഓർഗനൈസിംഗ സെക്രട്ടറിമാരായും വിവിധ സഭകളിൽ നിന്നും 36 പേർ കമ്മറ്റിയംഗങ്ങളായും ഉള്ള ഒരു ഭരണസമിതിയെ യോഗം ഐകകണ്ഠേന തിരഞ്ഞെടുത്തു.

**കമ്മിറ്റി മെമ്പേഴ്സ്**

റ്റി. സി. കൃഷ്ണവർമ്മ രാജ (നീലേശ്വരം), വി.സി. കൃഷ്ണ വർമ്മ രാജ (നീലേശ്വരം), വി.എം. കൃഷ്ണകുമാർ (കരിവെള്ളൂർ), എൻ.പി. ബാലകൃഷ്ണൻ (കരിവെള്ളൂർ), എൻ. ശങ്കർ വർമ്മ (തൃശ്ശൂർ), പി.സി. സനദ്കുമാർ വർമ്മ (തൃശ്ശൂർ), പി.വി. രവി വർമ്മ (തൃശൂർ), പ്രേമചന്ദ്ര വർമ്മ (വൈയ്ക്കം), രവി കെ. വർമ്മ (വൈയ്ക്കം), പ്രൊഫ. കെ. എൻ. സുരേന്ദ്രനാഥ് വർമ്മ (ചേർത്തല), ഹരികൃഷ്ണവർമ്മ (ചേർത്തല), വേണുഗോപാൽ വർമ്മ (ചേർത്തല), എൻ. ആർ. കേരളവർമ്മ വർമ്മ (പന്തളം),ദീപാ വർമ്മ (പന്തളം),

**ആജീവനാംഗങ്ങൾ**

ആർ. ആർ. വർമ്മ (തൃപ്പൂണിത്തുറ), ആർ. രാമ വർമ്മ, എൻ.കെ. കേരള വർമ്മ രാജ

കോഴിക്കോട് (2)*

ഉദയ വർമ്മ, പി. ഗോദവർമ്മ (ചാലക്കുടി)

ഇടപ്പള്ളി (3)*, കൊരട്ടി (2)*

തിരുവനന്തപുരം (3)*

തൃപ്പൂണിത്തുറ (1)*

ബോംബേ, ബാഗ്ലൂർ, ചെന്നൈ, ഡൽഹി, ഹൈദരാബാദ്, വായു – എന്നീ യൂണിറ്റുകളുടെ ഓരോ പ്രതിനിധികൾ

**എക്സ് ഒഫിഷ്യോ മെമ്പേഴ്സ്**

(1) ഔട്ട്ഗോയിങ് സെക്രട്ടറി, പ്രസിഡന്റ്

(2) ചീഫ് എഡിറ്റർ, ക്ഷാത്രസന്ദേശം

(3) കോ– ഓർഡിനേറ്റർ, ക്ഷാത്രജാലകം വെബ്സൈറ്റ്

(4) റിയാക്ട് സെക്രട്ടറി & പ്രസിഡന്റ്

* *ഇവരുടെ നാമനിർദ്ദേശം ലഭിച്ചിട്ടില്ല*

മുന്നൂറിൽപ്പരം പ്രതിനിധികൾ പങ്കെടുത്ത പൊതുയോഗവും പൊതുസമ്മേളനവും ഒരു വൻവിജയമാക്കുന്നതിന് ആത്മാർത്ഥമായി ശ്രമിച്ച പന്തളം ക്ഷത്രിയസഭ പ്രതിനിധികളുടെ കൂട്ടായ ശ്രമം ഏറെ ശ്ലാഘനീയമായി. സമ്മേളനദിവസം ആഡിറ്റോറിയത്തിലും വേദിയിലും ഹാളിലും വേണ്ട സൗകര്യങ്ങൾ ചെയ്യുന്നതിലും, പ്രഭാതഭക്ഷണം, ഉച്ചയ്ക്ക് വിഭവസമൃദ്ധമായ സദ്യ എന്നിവ ഒരുക്കുന്നതിലും പന്തളം ക്ഷത്രിയസഭയുടെ പ്രതിനിധികളുടെ കൂട്ടായ ശ്രമം പ്രശംസനീയമായിരുന്നു. പന്തളം ക്ഷത്രിയസഭയുടെ ആത്മാർത്ഥമായ സഹകരണങ്ങൾക്ക് സഭാസെക്രട്ടറി അകമഴിഞ്ഞ നന്ദി രേഖപ്പെടുത്തി. യോഗം വൈകിട്ട് 4 മണിക്ക് അവസാനിച്ചു.

## കരിവെള്ളൂർ യൂണിറ്റ്

പ്രവർത്തന റിപ്പോർട്ട് ജൂലൈ 2009

ക്ഷത്രിയ ക്ഷേമസഭ കരിവെള്ളൂർ യൂണിറ്റ് പ്രവർത്തകസമിതിയോഗം 12.7.2009ന് വങ്ങാട്ട് മഠത്തിൽ വെച്ച് നടന്നു. പ്രസിഡന്റ് എൻ.പി. കൃഷ്ണൻ ഉണിത്തിരിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ സെക്രട്ടറി ടി.എം. ശ്രീകുമാർ റിപ്പോർട്ട് അവതരിപ്പിച്ചു. വിവിധ വിഷയങ്ങളിൽ വിശദമായ ചർച്ച നടത്തി താഴെപ്പറയുന്ന തീരുമാനങ്ങൾ എടുത്തു.

1. വാർഷിക ജനറൽ ബോഡി യോഗവും എൻഡോവ്മെന്റ്/ക്യാഷ് അവാർഡ് വിതരണവും ആഗസ്റ്റ് 9ന് നടത്താൻ തീരുമാനിച്ചു.

2. ഓണാഘോഷപരിപാടികൾ വിപുലമായ രീതിയിൽ നടത്താൻ തീരുമാനിച്ചു. ഇതിന്റെ നടത്തിപ്പിനായി വി.എം. കൃഷ്ണകുമാർ, ടി. ആർ. സുദേവവർമ്മ, വി.എം. ഉണ്ണി, സി.കെ. പുരുഷോത്തമൻ. ആർ. വിജയകുമാരവർമ്മ, വി.എം. ബാലകൃഷ്ണൻ എന്നിവരടങ്ങുന്ന ഉപസമിതിയെ ചുമതലപ്പെടുത്തി.

3. കുടുംബഡയറക്ടറിയുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്താനും ഡയറക്ടറി പ്രകാശനം

ചെയ്യാനുമുള്ള നടപടി സ്വീകരിക്കാൻ വി.എം. കൃഷ്ണകുമാർ, ടി.എം. ശ്രീകമാർ (സെക്രട്ടറി) എന്നിവരെ ചുമതലപ്പെടുത്തി.

യോഗത്തിൽ യു.കെ. രാജവർമ്മ സ്വാഗതവും ടി.ആർ. സുദേവവർമ്മ നന്ദിയും പറഞ്ഞു. യോഗം 5 മണിക്ക് അവസാനിച്ചു.

## വാർഷിക ജനറൽ ബോഡി യോഗവും, എൻഡോ വ്മെന്റ് / ക്യാഷ് അവാർഡ് വിതരണവും





2008-09 വർഷത്തെ വാർഷികസമ്മേളനം 9.8.09ന് വൈകുന്നേരം 3 മണിക്ക് വങ്ങാട്ട് മഠത്തിൽ വെച്ച് കുമാരി കെ. ദിവ്യശ്രീയുടെ ഈശ്വരപ്രാർത്ഥനയോടെ ആരംഭിച്ചു. പ്രസിഡന്റ് എൻ.പി. കൃഷ്ണൻ ഉണിത്തിരി അദ്ധ്യക്ഷത വഹിച്ചു. സെക്രട്ടറി ടി.എം. ശ്രീകുമാർ വിശദമായ പ്രവർത്തനറിപ്പോർട്ട് അവതരിപ്പിച്ചു. 2008-09 വർഷത്തെ വരവ്-ചെലവ് കണക്കും ഓഡിറ്റ് റിപ്പോർട്ടും ട്രഷറർ എൻ.പി. ബാലകൃഷ്ണൻ അവതരിപ്പിച്ചു. തുടർന്ന് 2009 വർഷത്തെ എൻഡോവ്മെന്റുകളും ക്യാഷ് അവാർഡുകളും വിതരണം ചെയ്യുന്ന ചടങ്ങ് ആരംഭിച്ചു. എസ്.എസ്. എൽ.സി. പ്ലസ് ടു, ഡിഗ്രി, ഡിപ്ലോമ പോളി, ഐ.റ്റി.ഐ. എന്നീ വിഭാഗങ്ങളിൽ ഉന്നതവിജയം നേടുന്ന ക്ഷത്രിയക്ഷേമസഭ കരിവെള്ളൂർ യൂണിറ്റിലെ മെമ്പർമാരുടെ മക്കൾക്ക് വിതരണം ചെയ്യുന്നതിനായി ശ്രീ. പി.എം. സുബ്രഹ്മണ്യൻ (അബുദാബി) ഏർപ്പെടുത്തിയ 10,000/- (പതിനായിരം) രൂപയുടെ എൻഡോവ്മെന്റും സി.ബി.എസ്.ഇ. (സെക്കന്ററി/ഹയർ സെക്കന്ററി) വിഭാഗങ്ങളിൽ ഉന്നത വിജയം നേടുന്ന കുട്ടികൾക്കായി എൻ. കെ. കൃഷ്ണൻ ഉണിത്തിരി (അബുദാബി) ഏർപ്പെടുത്തിയ 5,000/- (അയ്യായിരം) രൂപയുടെ ക്യാഷ് അവാർഡും, എസ്. എസ്. എൽ.സി. പരീക്ഷയിൽ മലയാളം വിഷയത്തിൽ ഏറ്റവും ഉയർന്ന മാർക്ക് വാങ്ങുന്ന കുട്ടിക്കായി പരേതനായ എൻ.വി. നാരായണൻ ഉണിത്തിരി സ്മാരക ട്രസ്റ്റ് ഏർപ്പെടുത്തിയ 1,111/ രൂപ (ആയിരത്തി ഒരുനൂറ്റി പതിനൊന്ന് രൂപ) യുടെ ക്യാഷ് അവാർഡും, സി. ബി.എസ്.സി (സെക്കന്ററി) പരീക്ഷയിൽ ഇംഗ്ലീഷ് വിഷയത്തിൽ ഉയർന്ന മാർക്ക് വാങ്ങുന്ന കുട്ടിക്ക് വിതരണം ചെയ്യുന്നതിനായി പരേതയായ മണക്കാട്ട് മഠത്തിൽ പങ്കജാക്ഷി പിള്ളയാർതിരി അമ്മയുടെ സ്മരണയ്ക്കായി ഏർപ്പെടുത്തിയ 1,111/- രൂപ (ആയിരത്തി ഒരുനൂറ്റി പതിനൊന്ന് രൂപ) യുടെ ക്യാഷ് അവാർഡും യോഗത്തിൽ വെച്ച് പി.എം. സുബ്രഹ്മണ്യൻ (അബുദാബി) വിതരണം ചെയ്തു. അവാർഡ് വിതരണം ചെയ്തു സംസാരിച്ച പി.എം. സുബ്രഹ്മണ്യൻ അടുത്ത വർഷം മുതൽ അവാർഡ് തുക 20, 000/-രൂപ (ഇരുപതിനായിരം രൂപ) യായി വർദ്ധിപ്പിച്ച വിവരം അറിയിക്കുകയും സദസ്സ് വമ്പിച്ച കരഘോഷത്തോടെ അത് സ്വീകരിക്കുകയും ചെയ്തു. ഈ വർഷത്തെ അവാർഡിന് അർഹരായ കുട്ടികളുടെ വിവരം താഴെ ചേർക്കുന്നു.

### എസ്.എസ്. എൽ.സി.

കെ. വിവേക് S/o. ടി.എം. രാജമോഹനൻ & കെ. ഷീല

വി. ശ്രീനാഥ് വർമ്മ, S/o ആർ. വിജയകുമാരവർമ്മ & എം.കെ. ലളിത

### സിബിഎസ്ഇ. (സെക്കന്ററി)

നീതുവർമ്മ, D/o എൻ.കെ. പരമേശ്വരവർമ്മ & പി. സാവിത്രി

തേജസ്സ് രാജ്, S/o എച്ച്. ഹരിഹരൻ & പി.എം. മനോരമ

### പ്ലസ് ടു

ഗായത്രി. കെ.പി. D/o എൻ.പി. പുരുഷോത്തമൻ & കെ. പി. ഇന്ദിര

ശ്രുതി. ആർവി.എം. D/o പി.എം. രാധാകൃഷ്ണൻ & വി. എം. ലളിത

സി. ബി.എസ്. ഇ. (ഹയർ സെക്കന്ററി)

മിഥുൻ, S/o എം.എം. വേണുഗോപാലൻ & കെ. വിജയ

### ഡിഗ്രി

വി. വിവേക് വർമ്മ, S/o ആർ. വിജയകുമാരവർമ്മ & എം.കെ. ലളിത

ശ്രീരാഗ്. ആർ.വി.എം. S/o പി.എം. രാധാകൃഷ്ണൻ & വി.എം. ലളിത

### ഡിപ്ലോമ (Poly/ITI)

വിനീത്. കെ. S/o ടി.എം. രാജമോഹനൻ & കെ. ഷീല

### എസ്.എസ്.എൽ.സി. മലയാളം കൂടുതൽ മാർക്ക്

വിവേക്. കെ S/o ടി.എം. രാജമോഹനൻ & കെ. ഷീല

**സി.ബി.എസ്. ഇ. സെക്കന്ററി ഇംഗ്ലീഷ് കൂടുതൽ മാർക്ക്:**

തേജസ്സ് രാജ്, S/o എച്ച്.ഹരിഹരൻ & പി.എം. മനോരമ

മുകളിൽ കാണിച്ച കുട്ടികൾക്ക് പുറമേ (1) എം.എം.വിപിൻ S/o എം.എം. സാവിത്രി & പത്മലോചനൻ (2) രാഹുൽ വർമ്മ S/o എൻ.കെ. ശ്രീലത എന്നിവർക്ക് പ്രോത്സാഹന ക്യാഷ് അവാർഡും വിതരണം ചെയ്തു. ചടങ്ങിൽ ടി.സി. ശംഭു നമ്പൂതിരി (ജില്ലാ പ്രസിഡന്റ്, യോഗക്ഷേമസഭ), ടി.എം. ഉണ്ണി ശ്രീധരൻ (സംസ്ഥാന വൈസ് പ്രസിഡന്റ്, പുഷ്പകസമാജം), പി.ടി. പത്മാവതി ടീച്ചർ (ജില്ലാ സെക്രട്ടറി, വാരിയർ സമാജം), അഡ്വ. സി.കെ. രാമചന്ദ്രൻ (പ്രസിഡന്റ്), ശ്രീ കാമാക്ഷി ട്രസ്റ്റ്), എൻ.കെ. നാരു ഉണിത്തിരി (രക്ഷാധികാരി, ക്ഷത്രിയക്ഷേമസഭ) എന്നിവർ ആശംസാ പ്രസംഗം നടത്തി. തുടർന്ന് മുഖ്യാതിഥി കെ.സി. മാനവർമ്മ രാജ (വൈസ് പ്രസിഡന്റ്, ക്ഷത്രിയക്ഷേമസഭ കേന്ദ്രകമ്മിറ്റി) അവാർഡ് ജേതാക്കളെ അഭിസംബോധന ചെയ്ത് സംസാരിച്ചു. തുടർന്ന് വാർഷിക റിപ്പോർട്ടിന്മേലും, വരവ് ചെലവ് കണക്കിന്മേലുള്ള ചർച്ച നടന്നു. വിശദമായ ചർച്ചകൾക്ക് ശേഷം റിപ്പോർട്ടും വരവ് – ചെലവ് കണക്കും അംഗീകരിച്ചു. തുടർന്ന് 2009–11 വർഷത്തെ ഭാരവാഹികളുടെ തെരഞ്ഞെടുപ്പ് നടക്കുകയും താഴെ കാണിച്ചവരെ ഭാരവാഹികളായി തിരഞ്ഞെടുക്കുകയും ചെയ്തു.

എൻ.പി. കൃഷ്ണൻ ഉണിത്തിരി (പ്രസിഡന്റ്) സി. മാധവൻ (വൈസ് പ്രസിഡന്റ്), ടി.എം. ശ്രീകുമാർ (സെക്രട്ടറി) ടി.ആർ. സുദേവവർമ്മ, സി.കെ. രാഘവൻ (ജോ. സെക്രട്ടറി) എൻ.പി. ബാലകൃഷ്ണൻ (ട്രഷറർ)

**രക്ഷാധികാരികൾ:** എൻ. കെ. ഉണിത്തിരി, വി.എം. നാരായണൻ ഉണിത്തിരി, എൻ. കുഞ്ഞോമൻ ഉണിത്തിരി,

**മഹിളാവിഭാഗം:** ടി. എം. രാധാമണി ആർ. വർമ്മ (പ്രസിഡന്റ്) എൻ.എം. സരള ടീച്ചർ (വൈസ് പ്രസിഡന്റ്), എൻ.പി. ഉഷ ശ്രീധരവർമ്മ (സെക്രട്ടറി) എൻ.പി. വസന്ത (ജോ. സെക്രട്ടറി)

**സംസ്ഥാന കമ്മിറ്റി പ്രതിനിധികൾ:**

ശ്രീ. ടി. എം. ശ്രീകുമാർ, ശ്രീ. വി. എം. കൃഷ്ണകുമാർ, ശ്രീ. എൻ. ഡി. ബാലകൃഷ്ണൻ

## തിരുവനന്തപുരം ക്ഷത്രിയക്ഷേമസഭ

സഭയുടെ പ്രതിമാസപരിപാടിയുടെ ഭാഗമായി ജൂലായ് 16ന് സുന്ദരവിലാസം കൊട്ടാരത്തിൽ വച്ച് 'ആരോഗ്യസംരക്ഷണം ആയുർവേദത്തിലൂടെ' എന്ന വിഷയത്തിൽ ഡോ. ആർ.റ്റി. സുനിത (വാസുദേവവിലാസം ആര്യവൈദ്യശാല) യുടെ പ്രഭാഷണം നടന്നു. ആയുർവേദശാസ്ത്രത്തിന്റെ വിവിധ മേഖലകളെപ്പറ്റി വിശദമായി പ്രതിപാദിച്ച അവരുടെ പ്രഭാഷണം ഏറെ പ്രയോജനപ്പെട്ടതായിരുന്നു. തുടർന്ന് നെടുമ്പള്ളി കോയിക്കൽ ശ്രീദേവി വർമ്മ അവതരിപ്പിച്ച തിരുവാതിരപ്പാട്ടുകളും കിഷോർ കുമാർ നടത്തിയ രാമായണ പാരായണവും ഉണ്ടായിരുന്നു.

## തൃശൂർ ക്ഷത്രിയക്ഷേമസഭ

തൃശൂർ ക്ഷത്രിയസഭയുടെ ഈ വർഷത്തെ ഓണാഘോഷം ഒക്ടോബർ 4 ഞായറാഴ്ച നടത്താൻ തീരുമാനിച്ചു. വിദ്യാഭ്യാസ പ്രോത്സാഹന പുരസ്കാരങ്ങളും അന്നു നൽകും. സഭാംഗങ്ങളുടെ മേൽനോട്ടത്തിലുള്ള വളർക്കാവ് ഭഗവതി ക്ഷേത്രത്തിൽ ഊരാണ്മക്കാരുടെ വക കളഭം ചാർത്ത് സെപ്റ്റംബർ 20ന് നടന്നു. ഊരാണ്മക്കാരും സഭാംഗങ്ങളുമുൾപ്പെടെ നിരവധി പേർ ഇതിൽ പങ്കെടുത്തു. സെപ്റ്റംബർ മാസത്തിൽ സഭയുടെ ഗൃഹസമ്പർക്ക പരിപാടി നടന്നു. രക്ഷാധികാരി എ.കെ.രാജ രാജവർമ്മ, സെക്രട്ടറി മനോജ്‌വർമ്മ, ജോ. സെക്രട്ടറി, ശങ്കർവർമ്മ എന്നിവരുടെ നേതൃത്വത്തിലായിരുന്നു ഗൃഹസമ്പർക്കപരിപാടി സംഘടിപ്പിച്ചത്.

# സാംസ്കാരികം

## മുഖപ്രസാദം പ്രകാശനം



ഡോ. എഴുമറ്റൂർ രാജരാജവർമ്മ രചിച്ച് ആറ്റുകാൽ ഭഗവതിക്ഷേത്രം ട്രസ്റ്റ് പ്രസിദ്ധീകരിച്ച് 'മുഖപ്രസാദം' എന്ന ഗ്രന്ഥം, ആകാശവാണി സ്റ്റേഷൻ ഡയറക്ടർ കെ.എ. മുരളീധരൻ പ്രകാശനം ചെയ്തു. പ്രൊഫ. വട്ടപ്പറമ്പിൽ ഗോപിനാഥപിള്ള ആദ്യപ്രതി സ്വീകരിച്ചു. ട്രസ്റ്റ് ചെയർമാൻ ശ്രീ. ആർ. രവീന്ദ്രൻനായർ അധ്യക്ഷനായിരുന്നു. എഴുമറ്റൂർ രാജരാജവർമ്മ, എ. പ്രഭാകരൻ, ട്രസ്റ്റ് സെക്രട്ടറി കെ.പി. രാചന്ദ്രൻ നായർ, ട്രഷറർ, കെ. വിജയകുമാർ എന്നിവർ സംസാരിച്ചു.

## എഴുമറ്റൂരിന് സീനിയർ ഫെല്ലോഷിപ്പ്

കേന്ദ്ര സാംസ്കാരിക വകുപ്പിന്റെ സീനിയർ ഫെല്ലോഷിപ്പ് ഡോ. എഴുമറ്റൂർ രാജരാജവർമ്മയ്ക്കു ലഭിച്ചു. 'മലയാളഭാഷയും സാംസ്കാരിക നവോത്ഥാനവും' എന്ന വിഷയത്തിലുള്ള ഗവേഷണത്തിന് മാസം പതിനയ്യായിരം രൂപ വീതം രണ്ടു വർഷത്തേക്കാണു ഫെല്ലോഷിപ്പ്.

കേരള സർക്കാരിന്റെ മുൻ ഭാഷാ വിദഗ്ദ്ധനും പ്രൊഫ. എൻ. കൃഷ്ണപിള്ള ഫൗണ്ടേഷന്റെ സെക്രട്ടറിയും ആറ്റുകാൽ 'അംബാപ്രസാദം' മാസി

കയുടെ ചീഫ് എഡിറ്ററുമായ എഴുമറ്റൂർ മലയാള ഭാഷാസാഹിതത്തിന്റെ വിവിധ ശാഖകളിലായി നാൽപ്പതിലേറെ ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്.

## ജഗന്നാഥവർമ്മയ്ക്ക് നാദബ്രഹ്മ പുരസ്കാരം

പ്രശസ്ത ചലച്ചിത്ര നടൻ ശ്രീ. കെ.എൻ. ജഗന്നാഥവർമ്മയെ കണ്ണൂർ ചെറുപുഴ നാദബ്രഹ്മ കലാക്ഷേത്രയുടെ നാദബ്രഹ്മ പുരസ്കാരത്തിന് തിരഞ്ഞെടുത്തു. 10001 രൂപയുടെ അവാർഡ് 2009 സെപ്റ്റംബർ 26ന് ചെറുപുഴയിൽ നടക്കുന്ന ചടങ്ങിൽ വച്ച് പ്രശസ്ത നടൻ ശ്രീ. നെടുമുടി വേണു ശ്രീ. ജഗന്നാഥവർമ്മയ്ക്കു സമ്മാനിച്ചു.

## സ്മരണിക പ്രകാശനം ചെയ്തു

കോട്ടയ്ക്കൽ കിഴക്കേ കോവിലകം ക്ഷേമസമിതിയുടെ സ്മരണിക 'കെടാവിളക്ക്' പ്രകാശനം ചെയ്തു. കോവിലകം ട്രസ്റ്റിന്റെ ഭാഗമായാണ് ക്ഷേമസമിതി രൂപീകരിച്ചത്. കെ.സി. വിജയകുമാരൻ രാജ മാനേജരായുള്ള കോവിലകം ട്രസ്റ്റിൽ പത്ത് അംഗങ്ങളാണുള്ളത്.

## 'സംഗമ'ത്തിന്റെ ഓണാഘോഷം

ബാംഗ്ലൂരിലെ ക്ഷത്രിയ സമാജം 'സംഗമം' സെപ്റ്റംബർ 20ന് ഓണം വിപുലമായി ആഘോഷിച്ചു. സഞ്ജയ് നഗറിലെ രാമകൃഷ്ണഹാളിൽ രാവിലെ 10.30ന് പരിപാടികൾ അരങ്ങേറി. മീരാവർമ്മയുടെ ഈശ്വരപ്രാർത്ഥനയോടെ ആരംഭിച്ച ചടങ്ങിൽ പ്രസിഡന്റ് ശ്രീദേവിവർമ്മ ആധ്യക്ഷ്യം വഹിച്ചു. പി. കെ. വർമ്മ, ഇ. ഉദയവർമ്മ, ശശീന്ദ്രവർമ്മ എന്നിവർ സംസാരിച്ചു. 'വേട്ടയ്ക്കൊരു മകൻ' സി.ഡി.യുടെ കോപ്പി ശശീന്ദ്രവർമ്മ റിലീസ് ചെയ്തു. തുടർന്ന് വിവിധ കലാപരിപാടികൾ അരങ്ങേറി. മോഹിനിയാട്ടം, സംഘഗാനം, കൈകൊട്ടിക്കളി, കുമ്മാട്ടിക്കളി, നാടൻ പാട്ടുകൾ, ശാസ്ത്രീയ സംഗീതം, കവിതാ പാരായണം, 'ഫാഷൻ ഷോ തുടങ്ങിയവ പരിപാടികളിലെ മുഖ്യ ഇനങ്ങളായിരുന്നു. തുടർന്ന് വിഭവസമൃദ്ധമായ ഓണസദ്യയും ഉണ്ടായിരുന്നു.





## കുടുംബവിശേഷങ്ങൾ

### നവതിയാഘോഷം



തൃക്കാരിയൂർ പോളച്ചിറമഠത്തിൽ പി. കേരളവർമ്മ തിരുമുൽപ്പാടിന്റെ നവതിയാഘോഷം ജൂൺ 24ന് സമംഗളം നടന്നു. ബന്ധുമിത്രാദികളടക്കം നിരവധി പേർ ചടങ്ങിൽ സന്നിഹിതരായിരുന്നു. കൊടുങ്ങല്ലൂർ കുഞ്ഞുണ്ണിരാജ പായിപ്ര രാധാകൃഷ്ണൻ, പ്രൊഫ. കെ.പി. എസ്. കർത്താ എന്നിവർ നവതി മംഗളാശംസകൾ സമർപ്പിച്ചു.

## ചാലക്കുടി അവാർഡുകൾ

2009 ആഗസ്റ്റ് 15ന് പ്രശസ്തവും സ്തുത്യർഹവുമായ സേവനത്തിനുള്ള കേരള മുഖ്യമന്ത്രിയുടെ പോലീസ് മെഡലിന് അർഹനായ



ചാലക്കുടി കൊട്ടാരത്തിൽ മഠത്തിലെ (പ്രണവം) മുരളീധരവർമ്മ മന്ത്രി. സി. ദിവാകരനിൽ നിന്നും മെഡൽ സ്വീകരിക്കുന്നു. മുരളീധരവർമ്മ തൃശൂർ ജില്ല ക്രൈം റെക്കോർഡ് ബ്യൂറോയിൽ ASI ആയി ജോലി ചെയ്യുന്നു.

### സ്കോളർഷിപ്പ്

എസ്.എസ്.എൽ.സി. പരീക്ഷയിൽ ഉയർന്ന വിജയം നേടുന്ന ചാലക്കുടി യൂണിറ്റിലെ അംഗങ്ങളുടെ കുട്ടികൾക്ക് ചാലക്കുടി യൂണിറ്റ് നൽകി വരാറുള്ള സ്കോളർഷിപ്പ് 13.9.09 ലെ ഭരണസമിതി യോഗത്തിൽ വെച്ച് അവിട്ടത്തൂർ കൊട്ടാരത്തിലെ രാജുവർമ–സതീവർമയുടെ മകൻ രഞ്ജിത് വർമയ്ക്ക് പ്രസിഡന്റ് ശ്രീ. കേരളവർമ നൽകി.

### എം.കെ.കെ. നായർ അവാർഡ് ഡോ. എം. ലീലാവതിക്ക്



ഫാക്ട് ജീവനക്കാരുടെ കലാസാംസ്കാരിക സംഘടനയായ ലളിത കലാ കേന്ദ്ര ഏർപ്പെടുത്തിയ ഈ വർഷത്തെ എം. കെ. കെ. നായർ അവാർഡിന് ഡോ. എം. ലീലാവതി അർഹയായി. 5000 രൂപയും ഫലകവുമടങ്ങുന്നതാണ് അവാർഡ്. ഒക്ടോബർ ഏഴിന് നടക്കുന്ന ചടങ്ങിൽ ഫാക്ട് ചെയർമാൻ ഡോ. ജോർജ് സ്ലീബ അവാർഡ് സമ്മാനിക്കും.

### പാലാ സി.കെ. രാമചന്ദ്രന് കാഞ്ചി കാമകോടി പീഠം പുരസ്കാരം



കർണാടക സംഗീതജ്ഞൻ പാലാ സി.കെ. രാമചന്ദ്രനെ കാഞ്ചികാമകോടി പീഠം 'ആസ്ഥാനവിദ്വാൻ' പുരസ്കാരം നല്കി ആദരിച്ചു. കാഞ്ചി കാമകോടി പീഠം ശങ്കരാചാര്യർ ജയേന്ദ്ര സരസ്വതിയാണ് കാഞ്ചീപുരം ശ്രീ കാമാക്ഷി അംബാൾ ക്ഷേത്രത്തിൽ നടന്ന ചടങ്ങിൽ ബഹുമതി നല്കിയത്. ശങ്കരാചാര്യ

രുടെ 75–ാം ജയന്തി ആഘോഷങ്ങളുടെയും നവരാത്രി ആഘോഷത്തിന്റെയും ഭാഗമായാണ് ചടങ്ങ് നടന്നത്.

**കൊച്ചേറ സാഹിത്യ അവാർഡ് കവടിയാർ രാമചന്ദ്രന്**

കൊച്ചേറ ഫൗണ്ടേഷൻ ഏർപ്പെടുത്തിയ കൊച്ചേറ സാഹിത്യ അവാർഡിന് ഡോ. കവടിയാർ രാമചന്ദ്രൻ അർഹനായി. 'രസ രാജന്റെ വേഷപ്പകർച്ചകൾ'എന്ന നിരൂപണ ഗ്രന്ഥത്തിനാണ് പുരസ്കാരം. പതിനൊന്നായിരത്തി ഒന്ന് രൂപയും ശില്പവും കീർത്തിപത്രവും അടങ്ങുന്നതാണ് പുരസ്കാരമെന്ന് പ്രൊഫ. അലിയാർ, ഡോ. ടി.ആർ. രാഘവൻ, ഏഴാച്ചേരി രാമചന്ദ്രൻ, ഫൗണ്ടേഷൻ ചെയർമാൻ കലാം കൊച്ചേറ എന്നിവർ പത്രസമ്മേളനത്തിൽ അറിയിച്ചു.

## ചരമം



**കെ. രാമവർമ**

അവിട്ടത്തൂർ കൊട്ടാരത്തിൽ മഠത്തിൽ അമ്മു നമ്പിഷ്ഠാതിരിയുടെ മകൻ കെ. രാമവർമ 12.7.09ന് അന്തരിച്ചു. പരേതൻ ഇരിങ്ങാലക്കുട നാഷണൽ സ്കൂളിൽ അധ്യാപകനായിരുന്നു. ഭാര്യ ഇളങ്കുന്നപ്പുഴ നടക്കൽ കോവിലകത്ത് ലീലാരാമവർമ്മ മക്കൾ: ശ്രീകുമാർ വർമ, വേണു കുമാർ വർമ, രാജേന്ദ്രവർമ

**അമ്മിണിത്തമ്പുരാട്ടി**

കൊടുങ്ങല്ലൂർ കോവിലകത്തെ അമ്മ തമ്പുരാനായ അമ്മിണി തമ്പുരാട്ടി (91) വയസ്സ് 25.7.2009ൽ മരിച്ചു. കൊടുങ്ങല്ലൂർ ചിറക്കൽ കോവിലകത്തെ കുഞ്ഞിലക്ഷ്മി തമ്പുരാട്ടിയുടേയും പടിഞ്ഞാറേടത്ത് (ഊരകം) ഗുപ്തൻഭട്ടതിരിയുടേയും മകളും, പരേതനായ മംഗലം വാസുദേവൻ നമ്പൂതിരിയുടെ ഭാര്യയുമാണിവർ.

മക്കൾ: ശിവാദേവി തമ്പുരാട്ടി, മേദിനി തമ്പുരാട്ടി, മായ തമ്പുരാട്ടി, ഗോദവർമ്മരാജ, പരേതനായ ആനന്ദ വർമ്മ രാജ, കൊച്ചനിയൻ രാജ, നാരായണൻ രാജ

മരുമക്കൾ: ചാലക്കുടി തെക്കേ മഠത്തിൽ കേരളവർമ്മ, സുലോചന വർമ്മ, അഞ്ചേരിമഠത്തിലെ പരേതനായ മധുസൂദനവർമ്മ, സുലോചനാ വർമ്മ ആയിരിൽ (ഊരകം) മാധവൻ ഭട്ടിതിരി, കടന്നമണ്ണ ദുർഗ്ഗ തമ്പുരാട്ടി.

**ഡോ. ഓമന ജി. വർമ**



ശിശുരോഗ വിദഗ്ദ്ധയും മുൻ ഡി. എം. ഒ.യും മാതൃഭൂമി മുൻ പത്രാധിപസമിതിയംഗം കോട്ടയം കാരാപ്പുഴ ഇളയ കോവിലകത്ത് ഇ.എൻ. ഗോദവർമയുടെ ഭാര്യയുമായ ചിറയ്ക്കൽ കോവിലകത്ത് ഡോ. ഓമന ജി. വർമ (തമ്പായി–70) അന്തരിച്ചു. മുല്ലശ്ശേരി, എരുമപ്പെട്ടി, മട്ടാഞ്ചേരി, തൃപ്പൂണിത്തുറ, വൈക്കം ആസ്പത്രികളിൽ അസി. സർജനായും കോട്ടയം, പാലക്കാട് ആസ്പത്രികളിൽ സൂപ്രണ്ടായും കൊച്ചിയിൽ ഹെൽത്ത് ഓഫീസറായും സേവനമനുഷ്ഠിച്ചു. പത്തനംതിട്ട ഡി.എം.ഒ. ആയിരുന്നു.

കിണറ്റാമറ്റത്ത് കൃഷ്ണൻ നമ്പൂതിരിയുടെയുടെയും കൊടുങ്ങല്ലൂർ ചിറയ്ക്കൽ കോവിലകത്ത് കുഞ്ഞുലക്ഷ്മിത്തമ്പുരാട്ടിയുടെയും മകളാണ്.

**ഡോ. എഴുമറ്റൂർ രാജരാജവർമ്മയുടെ അച്ഛൻ പി.ആർ. ഉദയവർമ്മ**



മലയാള ഭാഷാ ഗവേഷകനും സാഹിത്യകാരനുമായ ഡോ. എഴുമറ്റൂർ രാജരാജ വർമ്മയുടെ അച്ഛൻ പി. ആർ. ഉദയവർമ്മ (83) അന്തരിച്ചു. ചെങ്ങന്നൂർ പാണ്ടനാട് കോവിലകം അംഗമാണ്. ഭാര്യ: എഴുമറ്റൂർ ചെങ്ങഴശ്ശേരി കോയിക്കൽ സി.കെ. രുക്മിണിത്തമ്പുരാട്ടി. മറ്റ് മക്കൾ: സുരേഷ് വർമ്മ (പത്തനംതിട്ട ജില്ലാ സഹകരണബാങ്ക്) കുസുമലതാബായി, അജിതകുമാരി, മരുമക്കൾ: ബുധനൂർ ഇളയിടത്ത് കോയിക്കൽ ഡി. ഇന്ദിരാബായി, ശ്രീലതാവർമ്മ (ചെറുവത്തൂർ), ബുധനൂർ ഇളയിടത്ത് കോയിക്കൽ ഡി. വിജയവർമ്മ (റയിൽവേ ചെങ്ങന്നുർ) കൃഷ്ണവർമ്മ ചെറുവത്തൂർ (പഞ്ചാബ് നാഷണൽ ബാങ്ക്, തൃശ്ശിനാപ്പള്ളി).

**പി. കെ. കെ. രാജ**

പി.കെ.കെ. രാജ റിട്ട. എ. ഇ. തിരുവണ്ണൂർ പുതിയ കോവിലകം. ഇദ്ദേഹം ക്ഷത്രിയക്ഷേമസഭയുടെ ആദ്യകാല സ്ഥാപകാംഗവും ഭാരവാഹിയുമായിരുന്നു. വാർദ്ധക്യ സഹജമായ അസുഖത്താൽ 18.7.2009ൽ കോഴിക്കോട് നിര്യാതനായി. പരേതന്റെ ചരമത്തിൽ കോഴിക്കോട് ക്ഷത്രിയക്ഷേമസഭ അനുശോചനം രേഖപ്പെടുത്തി.

**പി.സി.ടി.എം. രാജ**

പി.സി.ടി.എം. രാജ (76 വയസ്സ്) മാങ്കാവ് പടിഞ്ഞാറെ കോവിലകത്ത് വെച്ച് 1.4.2009ൽ ഹൃദയസ്തംഭനം മൂലം നിര്യാതനായി. പരേതൻ ക്ഷത്രിയക്ഷേമസഭയുടെ പ്രസിഡന്റും തുടക്കം മുതൽ കോഴിക്കോട്സഭ കെട്ടിപ്പടുക്കുന്നതിൽ പ്രധാന പങ്ക് വഹിച്ചയാളുമാണ്. ഇദ്ദേഹത്തിന്റെ ചരമത്തിൽ കോഴിക്കോട് യൂണിറ്റ് അഗാധമായ ദുഃഖം രേഖപ്പെടുത്തി.

**കാവുക്കുട്ടി തമ്പുരാട്ടി**

കൊടുങ്ങല്ലൂർ കോവിലകത്തെ ഇളയതമ്പുരാട്ടി പുത്തൻ കോവിലകത്ത് കാവുക്കുട്ടി തമ്പുരാട്ടി (87) സെപ്റ്റംബർ 25ന് നിര്യാതയായി. തൃപ്പൂണിത്തുറ മംഗളമഠത്തിൽ പരേതനായ രാജൻ വർമ്മയാണ് ഭർത്താവ്. മക്കൾ: ജയശ്രീ വർമ്മ (അധ്യാപിക, ഭവാൻസ് വിദ്യാമന്ദിർ), സുകുമാർ വർമ്മ (അബുദാബി), സുരേന്ദ്രവർമ്മ, ലളിതാവർമ്മ (സൗദി അറേബ്യൻ എയർലൈൻസ്, തിരുവനന്തപുരം) മരുമക്കൾ : തിലകൻ തമ്പുരാൻ, അമ്മിണി വർമ്മ, എസ്. അജയകുമാർ വർമ്മ

## KSHATRIYA KSHEMA SABHA, TRIVANDRUM

*(Registration Number 437 / 81 )*

INCOME AND EXPENDITURE ACCOUNT FOR THE YEAR ENDED 31-03-09

| EXPENDITURE | AMOUNT | | INCOME | AMOUNT | |
|---|---|---|---|---|---|
| To Endowment Scholarship | | | By By Donation | | |
| Paid during the year | | | General | | 2,000.00 |
| Kowdiar Palace 2008-09 | 115,000.00 | | " Advertisement Charges Received | | |
| UAE Varma Association award | 9,000.00 | 124,000.00 | General | 4,000.00 | |
| | | | Matrimonial | 3,500.00 | 7,500.00 |
| " Website charges | | 4,588.00 | " Varthapathrika Subscription | | 22,310.00 |
| " Bank Charges | | 91.00 | " Bank Interest | 21,135.15 | |
| " Varthapathrika Expense | | 40,844.00 | Less :- Interest on FD- Save a Family | | |
| " Travelling Expenses | | 855.00 | transferred to Fund | 2,671.00 | |
| " Photostat Expenses | | 215.00 | Add: Bank charges received | 50.00 | 18,514.15 |
| " Central Committee - TVM | | 2,585.00 | | | |
| " Office Rent | | 1,200.00 | " Working Fund | | 11,215.00 |
| " AGM Delegate fees | | 250.00 | " Endowment / Scholarship Fund | | |
| " Telephone Expense | | 8,025.00 | Kowdiar Palace 2007-08 | 115,000.00 | |
| " Office Maintenance | | 1,396.00 | UAE Varma Association award | 10,000.00 | 125,000.00 |
| " Reg. expense of Royal Edul. Trust | | 13,000.00 | | | |
| " Cheques Deposited/Reversed (Net) | | 150.00 | " Excess of Expeniture over Income | | 11,572.85 |
| " Depreciation | | 913.00 | | | |
| **TOTAL** | | **198,112.00** | **TOTAL** | | **198,112.00** |

Prepared from the books of account produced before us

## KSHATRIYA KSHEMA SABHA, TRIVANDRUM

*(Registration Number 437 / 81 )*

BALANCE SHEET AS AT 31-03-09

| LIABILITIES | | AMOUNT | ASSETS | AMOUNT |
|---|---|---|---|---|
| Special Funds | | | **Fixed Assets ( Schedule 1)** | 7,958.35 |
| M.C.K Fund | 36,274.60 | | Gift Assets ( Schedule 2) | 11,500.00 |
| Endowment Scholarship Ayurvaidyam | 10,000.00 | | | |
| Endowment Scholarship Physics | 15,000.00 | | **Investments** | |
| Bhanu Raja Memorial Scholarship | 14,000.00 | 75,274.60 | (Royal Educational & Charitable Trust) | 100,000.00 |
| General Fund | 203,148.37 | | **Deposits and Advances (Schedule 3)** | 214,693.00 |
| Add:- Transfer from Save a Family Fund | 100,000.00 | | | |
| | 303,148.37 | | **CASH & BANK BALANCES** | |
| Less : Excess of Expenditure | | | Cash and Bank Balances(Schedule 4) | 69,620.77 |
| Over Income | 11,572.85 | 291,575.52 | | |
| Save a Family Fund | 100,000.00 | | | |
| Less :- Transfer To General Reserve | 100,000.00 | | | |
| Add Interest earned on F.D 2005-06 | 7,250.00 | | | |
| Interest earned on F.D 2006-07 | 7,250.00 | | | |
| Interest earned on F.D 2007-08 | 7,250.00 | | | |
| Interest earned on F.D 2008-09 | 2,671.00 | 24,421.00 | | |
| Gifted Assets | | 11,500.00 | | |
| Scholarships payable A/c | | | | |
| (Schedule 5) | | 1,001.00 | | |
| **TOTAL** | | **403,772.12** | **TOTAL** | **403,772.12** |

Prepared from the books of account produced before us

Place:Trivandrum

Date:12.08.09

President/Secretary

Treasurer

For B.S.S. AND CO.
CHARTERED ACCOUNTANTS

K. SURESH KUMAR VARMA, F.C.A
(PARTNER), M. No. 201105



# വൈവാഹികം



താഴെ കൊടുത്തിരിക്കുന്ന ബോക്സ് നമ്പരുകളിലേക്ക് ക്ഷത്രിയ യുവതി/യുവാക്കളുടെ രക്ഷകർത്താക്കളിൽ നിന്നും ജാതകക്കുറിപ്പ് സഹിതം വിവാഹാലോചനകൾ ക്ഷണിക്കുന്നു. താൽപര്യമുളളവർ വിശദമായ ബയോഡേറ്റയും ജാതകക്കുറിപ്പും സഹിതം **പത്രാധിപർ, 'ക്ഷാത്രസന്ദേശം' സുന്ദരവിലാസം പാലസ്സ്, കോട്ടയ്ക്കകം, തിരുവനന്തപുരം-695023 (ഫോൺ - 2467845)** എന്ന വിലാസത്തിൽ ബന്ധപ്പെടുക. ഒന്നിൽ കൂടുതൽ ബോക്സ് നമ്പരുകളിലേക്ക് കത്തയക്കുന്നവർ ബയോഡേറ്റയുടെയും ജാതകക്കുറിപ്പിന്റെയും ആവശ്യമുളളത്ര കോപ്പികൾ അയച്ചിരിക്കണം.

## വരനെ ആവശ്യമുണ്ട്

### BOX No. 392

Kshatriya girl 25 (12-1-1984) Bharani Nakshatram, 158 cm. Working as Temporary Teacher in a private C.B.S.E. School. M.Sc B-Ed. (Maths) P.G.D.C.A. Diploma in Hindi, P.G.Diploma in English. Mother working as a teacher in the same School, Father working in a private company as a Sr. Executive. At present staying in Tamil Nadu, likely to settle in Kerala after retirement. Please Contact Box No. 392 or Phone 09944135170

### BOX No. 393

Kshatriya girl 23Yrs. (12-5-1986) 1161 മേടം 29. Makayiram Nakshatram, 5'6", Slim, White B.Sc. Maths MCA (Final Year). Proposals invited from parents of suitable Kshatriya Youths. Box No.393 or contact 9446312820

| | | | |
|---|---|---|---|
| - | ബു<br>സ | ശു | ചല |
| ഗു | ഗ്രഹനില | | - |
| - | | | - |
| കു | മാ | ശി | മാ |

| | | | |
|---|---|---|---|
| മാ | - | ഗു<br>സ | - |
| - | നവാംശകം | | - |
| - | | | ബു<br>ശു |
| ര ല | കു മ<br>ശി | ച | - |

ശിഷ്ടദശ 2 വർഷം 2 മാസം 20 ദിവസം ചൊവ്വ ദശ

### BOX No. 394

Kshatriya girl 23Yrs. ((29-12-1986) 156cm. Anizham Star. B.com. Proposals invited from parents of suitable Kshatriya youths.

| | | | |
|---|---|---|---|
| സ | - | - | - |
| ഗു<br>കു | ഗ്രഹനില | | - |
| - | | | മാ |
| ര<br>ബു | ച<br>മ | ഭ്യ | ല<br>ശി |

| | | | |
|---|---|---|---|
| - | - | ബു<br>ഗു | ഭ്യ<br>കു |
| - | നവാംശകം | | ര ശി<br>മാ |
| സ<br>മ | | | - |
| - | - | ച | ല |

ശിഷ്ടദശ 8 വർഷം 9 മാസം 22 ദിവസം ശനി ദശ

### BOX No. 395

ക്ഷത്രിയ യുവതി 22 വയസ്സ് (30-03-1987-1162 മീനം 16) രേവതി നക്ഷത്രം. PG Diploma ഭരതനാട്യം (കലാക്ഷേത്ര, മദ്രാസ്). ക്ഷത്രിയ കുടുംബങ്ങളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിക്കുന്നു. Ph. No. 9446936044/ 0491/2553944 or Box No. 395

| | | | |
|---|---|---|---|
| ര ച<br>ഗു സ | - | കു | - |
| ബു<br>ശു | ഗ്രഹനില | | മാ |
| - | | | ല |
| - | മ | - | ശി |

| | | | |
|---|---|---|---|
| ച ബു<br>മ<br>മാ | - | - | ശി |
| - | നവാംശകം | | - |
| കു | | | |
| ശു<br>സ | ര | ഗു | ല |

ശിഷ്ടദശ 3 വർഷം 5 മാസം 23 ദിവസം ബുധദശ

## വധുവിനെ ആവശ്യമുണ്ട്

### BOX No. 396

Kshatriya `Youth 28 Yrs (1981 March 30) Uthradom Star, 170cm, MDS (orthodonatia) seeks matrimonial alliance from parents of suitable Kshatriya girls. Box No.396

| | | | |
|---|---|---|---|
| കു മ<br>ശു | - | - | - |
| ബു | ഗ്രഹനില | | മാ<br>സ |
| ശി<br>ച | | | - |
| - | - | - | മല<br>ഗു |

ഉത്രാടം മകരക്കൂറ്
ശിഷ്ട രവിദശ 1-8-14.24

### BOX No. 397

ക്ഷത്രിയ യുവാവ് 27 (23-10-1981) മകം നക്ഷത്രം. 175 സെ. മീ. ബി.ടെക്. ബാംഗ്ലൂരിൽ സോഫ്റ്റ്‌വെയർ എൻജിനീയർ

| | | | |
|---|---|---|---|
| - | - | - | - |
| - | ഗ്രഹനില | | സ |
| ശി | | | ച<br>കു |
| - | ല ശു<br>മാ | ര | ബു ഗു<br>മ |

| | | | |
|---|---|---|---|
| ല | - | - | കു |
| - | ഗ്രഹനില | | ച മ<br>സ |
| ശു<br>ശി | | | ബു |
| - | ര | - | ഗു<br>മാ |

ശിഷ്ടദശ 0 വർഷം 1 മാസം 24 ദിവസം കേതുദശ

തുടർച്ച 11-ൽ

# വിവാഹമംഗളാശംസകൾ



കണ്ണൂർ ജില്ല കരിവെള്ളൂർ ഓണക്കുന്നിൽ 'ശ്രേയസ്സിൽ' ശ്രീ പടയമ്പത്തു മഠത്തിൽ സുബ്രഹ്മണ്യന്റെയും (Gasco- Revais, Abudhabi) ശ്രീമതി വത്സല സുബ്രഹ്മണ്യത്തിന്റെയും മകൻ **വിനോദും** (Al Seer Marine, Abudhabi) ഇരിക്കൂർ കല്യാട്ട് ശ്രീ പ്രഭാകരൻ നമ്പ്യാരുടെയും ശ്രീമതി എം. സരോജിനിയുടെയും മകൾ **ധന്യ** (Tutor, Pariyaram Medical College-Nursing Divn) യും തമ്മിലുള്ള വിവാഹം 15.8.2009 ന് തളിപ്പറമ്പ് ഡ്രീംപാലസ് ഓഡിറ്റോറിയത്തിൽ വെച്ച് സമംഗളം നടക്കുകയുണ്ടായി.



മാവേലിക്കര ഉത്സവമഠം കൊട്ടാരത്തിൽ ഉഷാവർമ്മയുടെയും തൃപ്പൂണിത്തുറ മാളിയേക്കൽ മഠത്തിൽ രവിവർമ്മയുടെയും മകനും തിരുവനന്തപുരത്ത് ഉള്ളൂർ 'രവീണ'യിൽ പരേതരായ കെ.സി. രാമവർമ്മ/സ്നേഹലതാവർമ്മ ദമ്പതികളുടെ ചെറുമകനുമായ **വിക്രമാദിത്യവർമ്മ**യും ശ്രീ. എൻ. വി. എം. പിള്ള/അംബികാദേവി (ബാംഗ്ലൂർ) ദമ്പതികളുടെ മകൾ **സുനിത**യും തമ്മിലുള്ള വിവാഹം 2009 സെപ്റ്റംബർ 6ന് എറണാകുളം കടവന്ത്ര വിനായക കല്യാണമണ്ഡപത്തിൽ വച്ച് സമംഗളം നടന്നു.



ഏഷ്യാനെറ്റിൽ തിങ്കൾ മുതൽ വെള്ളി വരെ രാത്രി 8.30 മുതൽ 10 വരെ സംപ്രേക്ഷണം ചെയ്യുന്ന idea Star Singer Season - 4 ലെ 6-ാമത്തെ ഘട്ടത്തിൽ എത്തിയിരിക്കുന്ന ശ്രീ. ജിതേന്ദ്രവർമ്മയ്ക്ക് മാർക്ക് കൂടാതെ SMS-ം പോയിന്റായി കണക്കാക്കുന്നുണ്ട്. ആയതിനാൽ താഴെ ക്കാണുന്ന Format -ൽ SMS അയച്ച് ശ്രീ ജിതേന്ദ്രനെ പ്രോത്സാഹിപ്പിക്കാൻ അഭ്യർത്ഥിക്കുന്നു.

ISS (Space) Jithu

അയയ്ക്കേണ്ട നമ്പർ 5600678



കാഞ്ഞൂർ അയിരൂർ കോവിലകത്ത് (കളപ്പാട്ടുമഠം) ശ്രീ രാമവർമ്മ തിരുമുൽപ്പാടിന്റെ (കുഞ്ഞുക്കുട്ടൻ) 90-ാം പിറന്നാൾ കഴിഞ്ഞ സെപ്റ്റംബർ 3-ാം തീയതി ചേർത്തല പരിമണത്തു കോവിലകത്തുവച്ച് ആഘോഷിച്ചു. ഭാര്യ നളിനി രാമവർമ്മ, മക്കൾ, മരുമക്കൾ, പേരക്കുട്ടികൾ, ബന്ധുമിത്രാദികൾ എന്നിവരുടെ സാന്നിദ്ധ്യത്തിൽ സമംഗളം നവതിയാഘോഷം നടക്കുകയുണ്ടായി. തദവസരത്തിൽ ശ്രീ. ദിനേശ് വർമ്മ മംഗളപത്രം അവതരിപ്പിച്ചു.



Front Inner